# മാനന്തവാടി രൂപത ബുള്ളറ്റിൻ

Vol. 16 / Issue 11
November 2025

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
**License to post without prepayment of postage**
**No. KL/PMG/NR/WPP/83/TLY/2025-27**

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



JUBILEE 2025
PILGRIMS OF HOPE

**FAMILY RENEWAL YEAR**
DIOCESE OF MANANTHAVADY

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop’s House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph’s Offset Press, Mananthavady 670645**

**വാല്യം 16** **നവംബർ 2025** **ലക്കം 11**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ........................................................................ 05
ഇടയലേഖനം ........................................................................ 11
മാർ ജേക്കബ് തൂങ്കുഴി അനുസ്മരണദിനം .................................... 15
രൂപതാ കച്ചേരി വാർത്തകൾ ....................................................... 16
Dismissal of Fr. Vinoy Sebastian Choodiyankal S J ......................... 18
റിപ്പോർട്ട് - വൈദികസമിതി യോഗം ................................................ 19
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ...................................................... 22
കുടുംബകൂട്ടായ്മ - പഠനവിഷയം .................................................... 26
മതബോധനരംഗം .................................................................... 33
ചെറുപുഷ്പ മിഷൻലീഗ് ............................................................... 36
തിരുബാലസഖ്യം ..................................................................... 43
കെ.സി.വൈ.എം ...................................................................... 44
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ................................................. 48
കുടുംബപ്രേഷിതത്വം .................................................................. 49
സീയോൻ വാർത്തകൾ ................................................................ 59
വിൻസെന്റ് ഡി പോൾ സൊസൈറ്റി ................................................. 60
സാമൂഹ്യ സേവനരംഗം (WSSS) .................................................... 64
ജീവസ് & കെ.എൽ.എം ................................................................ 71
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ............................................. 73
കത്തോലിക്കാ കോൺഗ്രസ്സ് (AKCC) ................................................ 76
ബയോവിൻ അഗ്രോ റിസർച്ച് ........................................................ 81
റേഡിയോ മാറ്റൊലി .................................................................. 84
*Mary Matha Arts & Science College* ........................................... 85
ഫെഡാർ ഫൗണ്ടേഷൻ ................................................................. 88
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ............................................. 89
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ................................................ 91
ബിഷപ്സ് പ്രോഗ്രാം .................................................................. 97

Prot. No. 0711/2025

# സർക്കുലർ

## സമുദായ ശക്തീകരണ വർഷം - 2026

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖ സഭയും ലോകവും തമ്മിലുള്ള ബന്ധം ഇങ്ങനെയാണ് അവതരിപ്പിക്കുന്നത്. സഭയും ലോകവും രണ്ടു വ്യത്യസ്ത ധ്രുവങ്ങളിൽ നില്ക്കുന്ന യാഥാർഥ്യങ്ങളല്ല. ലോകത്തിന്റെ മൂല്യക്രമമല്ല പിന്തുടരുന്നതെങ്കിലും സഭ ലോകത്തിലാണ് നിലനില്ക്കുന്നത്. ലോകത്തെ ദൈവരാജ്യത്തിനായി തയ്യാറാക്കുകയാണ് സഭയുടെ ദൗത്യം. ആത്മീയ ശുശ്രൂഷകൾ പരികർമം ചെയ്യുന്നതിലൂടെ മാത്രം ഈ ദൗത്യം പൂർത്തിയാകുന്നില്ല. മനുഷ്യനന്മ കേന്ദ്രീകരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും സഭയുടെ ദൗത്യനിർവഹണത്തിന്റെ ഭാഗമാണ്. ദൈവിക പദ്ധതിയനുസരിച്ചു മനുഷ്യസമൂഹത്തെ സത്യത്തിലും നീതിയിലും സ്നേഹത്തിലും ഉറപ്പിക്കാനുള്ള കടമയും അതിൽ ഉൾപ്പെടുന്നുണ്ട്. ദൈവജനത്തിന്റെ ഭൗതികാവശ്യങ്ങളിലും അനുദിന ജീവിതമേഖലകളിൽ അവർ നേരിടുന്ന വെല്ലുവിളികളിലും സഭയുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. ഈ ഉത്തരവാദിത്വ നിർവഹണത്തിന്റെ ഭാഗമായി, സീറോമലബാർ സഭാംഗങ്ങളുടെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക പരിത

സ്ഥിതിയെക്കുറിച്ചു യാഥാർഥ്യബോധത്തോടെ നടത്തിയ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് 2025 ജനുവരിയിൽ ചേർന്ന സഭയുടെ മെത്രാൻ സിനഡ് 2026 സമുദായ ശക്തീകരണ വർഷമായി പ്രഖ്യാപിച്ചത്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിയ നിയതമായ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷമാണ് സീറോമലബാർ സഭയിൽ ഇപ്രകാരമൊരു വർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. സർക്കാർ തലത്തിലും സഭാതലത്തിലും സമീപകാലങ്ങളിൽ നടത്തപ്പെട്ട സർവ്വേകളും അവയുടെ റിപ്പോർട്ടുകളും സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിശദമായി പഠിച്ചു. ക്രൈസ്തവർ സമകാലിക സമൂഹത്തിൽ ശ്രദ്ധപതിപ്പിക്കേണ്ട വിവിധ മേഖലകളെയും ഒരു സമൂഹമെന്നനിലയിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയും കുറിച്ചുള്ള പഠനങ്ങൾ സിനഡുസമ്മേളനങ്ങളിലും 2024 ആഗസ്റ്റ് മാസത്തിൽ പാലായിൽ നടത്തിയ അഞ്ചാമതു മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലും അവതരിപ്പിച്ചു. നമ്മുടെ ജനസംഖ്യയുടെ വളർച്ച, കാർഷിക മേഖലയിലെ വെല്ലുവിളികൾ, സാമ്പത്തിക, വ്യാപാര, തൊഴിൽ മേഖലകളിലും സർക്കാരുദ്യോഗ തലങ്ങളിലുമുള്ള നമ്മുടെ പ്രാതിനിധ്യം, വിദ്യാഭ്യാസ, രാഷ്ട്രീയ, സാമൂഹിക, മാധ്യമ രംഗങ്ങളിലുള്ള നമ്മുടെ സാന്നിധ്യം, സർക്കാർ പദ്ധതികളിലും ആനുകൂല്യങ്ങളിലും നമുക്കു ന്യായമായി ലഭിക്കേണ്ട വിഹിതം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ ഉയർന്നുവന്ന നിർദേശപ്രകാരമാണ് സമുദായ ശക്തീകരണവർഷം ആചരിക്കുന്നത്.

സമുദായം എന്ന പദം എന്തിനാണ് ഉപയോഗിക്കുന്നത്, സഭയെന്നുതന്നെ പറഞ്ഞാൽ മതിയാകുമല്ലോ എന്നു ചിലർ അഭിപ്രായപ്പെടാറുണ്ട്. എന്നാൽ, ക്രിസ്തീയ സമൂഹത്തിന്റെ സാമൂഹികതലങ്ങളെ പ്രത്യേകമായി എടുത്തുകാണിക്കുന്നതിനും ഭൗതികമേഖലകളിൽ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ വ്യക്തതയോടെ അവതരിപ്പിക്കുന്നതിനും സമുദായം എന്ന വാക്കാണ് കൂടുതൽ ഫലപ്രദം. ഒരു സഭയെന്നതിനൊപ്പം ഒരു സമുദായമായിക്കൂടി നമ്മെ മനസിലാക്കുമ്പോഴാണ് പൊതുസമൂഹത്തിൽ ഈ കൂട്ടായ്മയുടെ ആഭ്യന്തര കെട്ടുറപ്പും ഐക്യവും കൂടുതൽ ദൃഢമാകുന്നതും പോരാ

യ്മകൾ കണ്ടെത്തി പരിഹരിക്കാനും പുതിയ മുന്നേറ്റങ്ങൾക്കു തുടക്കം കുറിക്കാനും നമുക്കു സാധിക്കുന്നതും. ചുരുക്കിപ്പറഞ്ഞാൽ സഭ എന്ന പദം ഉപയോഗിക്കുമ്പോൾ നമ്മുടെ സ്വാഭാവിക ചിന്തയിലേക്കുവരാത്ത സാമൂഹ്യ ജീവിത സാഹചര്യങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് സമുദായം എന്നവാക്കു ബോധപൂർവം ഉപയോഗിക്കുന്നത്. ഒരു ഹൃദയവും ഒരാത്മാവുമായിരുന്ന ആദിമ ക്രൈസ്തവ സമൂഹത്തെയും (അപ്പ. 4:32) വിശ്വാസത്താൽ ഒരേ കുടുംബത്തിലെ അംഗങ്ങളായവർക്കു നൻമചെയ്യാനുള്ള (ഗലാ. 6:10) പൗലോസ് ശ്ലീഹായുടെ ആഹ്വാനത്തെയും ധ്യാനിക്കുമ്പോൾ, പരസ്പരം സ്നേഹിച്ചും പിന്തുണച്ചും ആത്മീയമായും ഭൗതീകമായും സഹായിച്ചും ഉദാത്തമായ ക്രിസ്തീയ സാഹോദര്യത്തിൽ വളരുന്ന ഒരു സമുദായമായി നമ്മൾ മാറണമെന്ന ബോധ്യം കൈവരുന്നു.

സമുദായ ശക്തീകരണവർഷാചരണം ഫലപ്രദമായി സംഘടിപ്പിക്കാനുള്ള ചുമതല സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷനെയാണ് സിനഡ് ഏല്പ്പിച്ചിരിക്കുന്നത്. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ് ഈ ദൗത്യത്തിൽ കമ്മീഷന്റെ പ്രധാന സഹകാരിയാണ്. നമ്മുടെ സഭയിലെ മെത്രാൻമാർ, വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, പാസ്റ്ററൽ, ഫൊറോനാ, പാരിഷ് കൗൺസിലുകൾ, മാതൃവേദി, എസ്.എം.വൈ.എം., മിഷൻലീഗ്, ഡി.സി.എം.എസ് തുടങ്ങിയ സഭാതലഅത്മായ സംഘടനകൾ, ഇവയ്ക്കു പുറമെയുള്ള രൂപതാതല സംഘടനകൾ, മതാധ്യാപകർ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, സ്കൂൾ, കോളേജ് അധ്യാപകർ, ഉദ്യോഗസ്ഥർ, റിട്ട. ഉദ്യോഗസ്ഥർ, അഭിഭാഷകർ, ആരോഗ്യ പ്രവർത്തകർ, കർഷകർ, വ്യാപാരിവ്യവസായികൾ എന്നിങ്ങനെ എല്ലാ തലത്തിലുമുള്ളവരുടെയും പൂർണമായ സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടിയാണ് ഈ വർഷാചരണം നടത്താൻ ആഗ്രഹിക്കുന്നത്. സഭയിലെ അല്മായരും സമർപ്പിതരും പട്ടക്കാരും മേൽപ്പട്ടക്കാരുമെല്ലാം ഈ സമുദായത്തിന്റെ ഭാഗം തന്നെയാണല്ലോ.

ഈ വർഷാചരണത്തിന്റെ കർമപദ്ധതി പ്രാരംഭഘട്ടം, പ്രായോഗികഘട്ടം, അനുബന്ധഘട്ടം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായാണ്

വിഭാവനം ചെയ്തിരിക്കുന്നത്. പ്രാരംഭഘട്ടം ഇന്ന് ഈ സർക്കുലർ വായനയോടുകൂടി ആരംഭിക്കുകയാണ്. 2025 ഡിസംബർ മാസാവസാനംവരെയാണ് പ്രാരംഭഘട്ടത്തിനായി നീക്കിവച്ചിരിക്കുന്ന സമയം. ഈ ഘട്ടത്തിൽ സമുദായ വിഷയങ്ങളെക്കുറിച്ചുള്ള ബോധവത്കരണമാണ് നടത്തേണ്ടത്. അതു വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, അല്മായർ എന്നിങ്ങനെ സഭയിലെ എല്ലാ തലങ്ങളിലുമുള്ളവർക്കായി നടത്തപ്പെടണം. രൂപതകൾ, ഇടവകകൾ, സെമിനാരികൾ, സമർപ്പിത സമൂഹങ്ങൾ, കോർപ്പറേറ്റ് മാനേജ്മെന്റുകൾ, അൺഎയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ തങ്ങളുടേതായ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ ക്രമീകരിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കെ.സി.എസ്.എൽ, സി.എസ്.എം. തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ ഇതു നടപ്പിലാക്കാൻ സാധിക്കും.

സമുദായ ബോധവത്കരണത്തിനു സഹായകമാകത്തക്ക വിധത്തിൽ പബ്ലിക് അഫയേഴ്സ് കമ്മീഷൻ മനോഹരമായ ഒരു കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സമുദായ ശക്തീകരണ കർമ പദ്ധതിയുടെ വിശദാംശങ്ങൾ ഇതിലുണ്ട്. രൂപതകളിൽ റിസോഴ്സ് ടീം രൂപീകരിച്ച് കൈപ്പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തണം. ദീപിക, ഷെക്കീനാ, ശാലോം, ഗുഡ്നെസ് തുടങ്ങി സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മുഖ്യധാരാ മാധ്യമങ്ങളും ഓൺലൈൻ മാധ്യമങ്ങളും ഈ ബോധവത്കരണ പ്രക്രിയയിൽ സജീവ പങ്കാളികളാകണമെന്നു ഞാൻ അഭ്യർഥിക്കുന്നു. സമുദായം നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയുന്നതും അവയ്ക്കുള്ള പരിഹാരം കണ്ടെത്തുന്നതുമാണ് ഈ വർഷം ആചരിക്കുന്നതിലൂടെ നമ്മൾ ലക്ഷ്യമിടുന്നത്.

രണ്ടാംഘട്ടം പ്രായോഗികഘട്ടമാണ്. ഇത് 2026 ജനുവരി 6, ദനഹാത്തിരുന്നാളിൽ ഉദ്ഘാടനം ചെയ്യപ്പെടും. കൈപ്പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള കർമപദ്ധതികൾ പരമാവധി എല്ലാത്തലങ്ങളിലും നടപ്പിലാക്കിയെടുക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. അവയിൽ ചില കാര്യങ്ങൾ നമുക്ക് 2026 ൽ തന്നെ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കും. അതേസമയം, ചിലകാര്യ

ങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടവയും സാവധാനം ലക്ഷ്യത്തിലെത്തുന്നവയുമാണ്. സമുദായ ശക്തീകരണ പ്രവർത്തനങ്ങൾ ഈ ഒരു വർഷംകൊണ്ട് അവസാനിപ്പിക്കേണ്ടവയല്ല, നിരന്തരം തുടരേണ്ടവയാണ്. അതിനാൽ, തുടർവർഷങ്ങളെ അനുബന്ധഘട്ടമായാണ് കണക്കാക്കുന്നത്. 2026 ലെ വർഷാചരണം സമുദായ ശക്തീകരണത്തിന്റെ പ്രാരംഭനടപടിയും പ്രായോഗിക പരിശീലനവും മാത്രമാണ്.

ഈ വർഷാചരണത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് എല്ലാ രൂപതകളിലും ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഒരു വികാരി ജനറാളിനു വർഷാചരണത്തിന്റെ പ്രത്യേക ചുമതലയുണ്ടാകണം. അദ്ദേഹത്തിന്റെ കീഴിൽ ഒരു വൈദികൻ വർഷാചരണ പ്രവർത്തനങ്ങളുടെ ഡയറക്ടറായും ഒരു അല്മായൻ കൺവീനറായും പ്രവർത്തിക്കണം. പ്രസ്തുത വികാരിജനറാൾ ചെയർമാനായി രൂപതാതല സമുദായ ശക്തീകരണകമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റിയിൽ വൈദികർ, സമർപ്പിതർ, സംഘടനകൾ, മതാധ്യാപകർ തുടങ്ങി രൂപതയുടെ എല്ലാത്തലങ്ങളിലുള്ളവരുടെ പ്രതിനിധികൾ ഉണ്ടാകണം. ഫൊറോനാ, ഇടവകതലങ്ങളിലും ഈ കമ്മിറ്റിക്കു കീഴ്ഘടകങ്ങൾ ഉണ്ടാകണം . ഈ സുപ്രധാന കമ്മിറ്റിയാണ് വർഷാചരണ പ്രവർത്തനങ്ങൾക്കു അതാതു രൂപതകളിൽ നേതൃത്വം നല്കേണ്ടത്. ഈ കമ്മിറ്റിയുടെ ചുമതലയിൽ റിസോഴ്സ് ടീം രൂപീകരിക്കുകയും ബോധവത്കരണം ഊർജിതമായി നടത്തുകയും ചെയ്യണം.

സമുദായ ശക്തീകരണവർഷാചരണത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ അവരവരുടെ തലങ്ങളിൽ പ്രത്യേകമായി താത്പര്യമെടുത്തു പ്രവർത്തിക്കണമെന്ന് നമ്മുടെ സഭയിലെ എല്ലാവരോടും ഞാൻ അഭ്യർഥിക്കുന്നു. പ്രവാസജീവിതത്തിൽനിന്നു മടങ്ങിയെത്തിയ ഇസ്രായേൽ ജനത്തോടു നെഹെമിയാ നടത്തിയ ആഹ്വാനം നമുക്ക് ഓർക്കാം: 'വരുവിൻ, നമുക്കു ജറുസലേമിന്റെ മതിൽ പണിയാം' (2:17). നെഹെമിയായുടെ ആഹ്വാനം സ്വീകരിച്ച ഇസ്രായേലിലെ ഓരോരുത്തരും താന്താംഗങ്ങളുടെ ഭാഗം പണിതു നഗരമതിലിന്റെ പുനരുദ്ധാരണം പൂർത്തിയാക്കി. ഇതുപോലെ സമുദായത്തിലെ ഓരോ അംഗവും ഓരോ വിഭാഗവും താന്താങ്ങളുടെ

കർമശേഷി പൂർണമായും ഉപയോഗിച്ചുകൊണ്ട്, കുടുംബ കൂട്ടായ്മകളിലും ഇടവകകളിലും ഫൊറോനകളിലും രൂപതകളിലും സമുദായത്തെ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കുമ്പോൾ നമ്മുടെ സമുദായം മുഴുവൻ ശക്തിപ്പെടും; സമുദായ ശക്തീകരണവർഷാചരണം നീണ്ടുനില്ക്കുന്ന ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യും.

നമ്മുടെ എല്ലാ സംരംഭങ്ങളിലും നമ്മുടെ കർത്താവിന്റെ അനുഗ്രഹവും കാരുണ്യവും ഉണ്ടായിരിക്കട്ടെ! നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമാതാവും മാർത്തോമാശ്ലീഹായും നമ്മുടെ സഭയിലെ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ഏറെ പ്രത്യേകമായി കേരളത്തിന്റെ നവോത്ഥാന നായകനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഭാരതത്തിലെ അല്മായരുടെ പ്രത്യേക മധ്യസ്ഥനായി പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ച വിശുദ്ധ ദേവസഹായവും നമുക്കുവേണ്ടി പ്രാർഥിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2025-ാം ആണ്ട് സെപ്റ്റംബർ മാസം 25-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2025 ഒക്ടോബർ 12-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

No.: 4136/K-5/KCBC/OL/DS 13.09.2025

## 2025 മഹാജൂബിലി സമാപന സമ്മേളനത്തോടനുബന്ധിച്ച് കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന

# ഇടയലേഖനം

### ഡിസം 13, 2025

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' (റോമ 5:5): വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിലെ ഈ വാക്കുകൾ, ക്രൈസ്തവ ജീവിതത്തിലെ കൃപയുടെ സാന്നിധ്യത്തെ ഓർമ്മിപ്പിക്കുന്നു. പ്രത്യാശയുടെ ഈ സന്ദേശമാണ് 2025-ലെ സാധാരണ ജൂബിലിയുടെ ആപ്തവാക്യമായി ഫ്രാൻസിസ് പാപ്പാ നമുക്കു നൽകിയതും.

Spes non confundit (''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'') എന്ന പാപ്പായുടെ ജൂബിലി സ്ഥാപകലേഖനത്തിലൂടെ, ഈ ജൂബിലി വർഷം ഓരോ വ്യക്തിക്കും കർത്താവായ യേശുക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടാനുള്ള അവസരമാകണമെന്ന് ഫ്രാൻസിസ് പാപ്പാ ആഗ്രഹിച്ചു. ''നമ്മുടെ പ്രത്യാശ'' (1 തിമോ. 1:1) ആയ ക്രിസ്തുവിനെ എല്ലാകാലത്തും, എല്ലായിടത്തും, എല്ലാവരോടും പ്രഘോഷിക്കാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.

ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വങ്ങൾക്കിടയിൽ പ്രതീക്ഷയും ആനന്ദവും വെറും മിഥ്യയാണെന്നുള്ള കാഴ്ചപ്പാടുകൾ വളരുകയും നിസ്സംഗതയും ആകുലതയും ക്രമരഹിതമായി വ്യാപിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പ്രത്യാശ വീണ്ടെടുക്കാനുള്ള അവസരമാണ് ജൂബിലി നല്കുന്നത്. യേശു ക്രിസ്തുവിലുള്ള വിശ്വാസമാണ് നമുക്കു പ്രത്യാശ പകരുന്നത്. നമ്മുടെ കാലഘട്ടത്തിന്റെ വെല്ലുവിളികളോട് പ്രത്യാശയോടെ പ്രതികരിക്കാൻ വിശ്വാസം നമുക്ക് ഊർജ്ജം പകരുന്നു. ജീവിതത്തിന്റെ മാന്യതയും ജീവന്റെ മാഹാത്മ്യവും ഭീതികരമായ രീതിയിൽ അവഗണിക്കപ്പെടുന്ന

യുദ്ധങ്ങൾ, വംശീയകലാപങ്ങൾ, അധിനിവേശ ശ്രമങ്ങൾ, ദാരിദ്യം, ചൂഷണം തുടങ്ങിയ യാഥാർഥ്യങ്ങളോടു മുഖം തിരിഞ്ഞു നില്ക്കാൻ സഭയ്ക്കാവില്ല. അതുകൊണ്ടുതന്നെ, ഈ ജൂബിലി വർഷത്തിന്റെ അവസാന ദിനങ്ങളിൽ ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഒരിക്കൽക്കൂടി വിചിന്തന വിധേയമാക്കാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു.

യുദ്ധദുരിതങ്ങളിൽ മുങ്ങിയിരിക്കുന്ന ഈ ലോകത്ത് സമാധാന സ്ഥാപനത്തിനായുള്ള നമ്മുടെ ആഗ്രഹം പ്രത്യാശയുടെ ആദ്യ അടയാളമായിരിക്കണം. സമാധാനം സ്ഥാപിക്കുന്നവർ ദൈവപുത്രരെന്ന് വിളിക്കപ്പെടുമെന്ന് യേശുവിന്റെ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു (മത്താ. 5:9). സമാധാനസ്ഥാപനത്തിനായി ലോകനേതാക്കൾ മേശയ്ക്കരികിൽ സംവാദത്തിനു തയ്യാറാകണം; നമ്മുടെ കാഴ്ചപ്പാടുകളും ആഭിമുഖ്യങ്ങളും അതിനായി ക്രമപ്പെടുത്തണം; അതിനായി തീക്ഷ്ണമായി പ്രാർഥിക്കുകയും വേണം.

പ്രത്യാശയോടെ ഭാവിയെ ഉറ്റുനോക്കുന്നത് ജീവനോടുള്ള ആദരവിനെയും അത് പങ്കുവെക്കാനുള്ള സന്നദ്ധതയെയും സൂചിപ്പിക്കുന്നു. അമ്മയുടെ ഉദരത്തിൽ തുടങ്ങി സാധാരണ അന്ത്യംവരെയുള്ള ജീവന്റെ മാഹാത്മ്യം അംഗീകരിക്കപ്പെടണം. യുവതലമുറയുടെ സ്വപ്നങ്ങളെ പിന്തുണയ്ക്കുന്ന ഒരു സാമൂഹിക ക്രമത്തിന് ക്രിസ്തീയ സമൂഹം എന്നും മുന്നിൽ നിൽക്കണം. തടവുകാർ ഉൾപ്പെടെയുള്ളവർക്ക് പ്രത്യാശ പകരുന്നതിന് നമ്മുക്ക് കടമയുണ്ട്. ഉദാരതയുടെയല്ല, മറിച്ച് നീതിയുടെ കാര്യമെന്ന നിലയിൽ തന്നെ ദാരിദ്ര്യം അവസാനിപ്പിക്കാനുള്ള ശ്രമങ്ങളിലേക്ക് സമൂഹത്തെയും ലോക രാഷ്ട്രങ്ങളെയും നയിക്കാൻ പ്രത്യാശയുടെ തീർത്ഥാടകർ എന്ന നിലയിൽ ക്രൈസ്തവ സാന്നിധ്യത്തിന് കഴിയണം. ആയുധങ്ങൾക്കായി ചെലവഴിക്കുന്ന പണം ദാരിദ്ര്യം അവസാനിപ്പിക്കാനും ദരിദ്ര രാജ്യങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കാനും ഉപയോഗിക്കണമെന്ന് ആവശ്യപ്പെടാൻ നമുക്ക് കഴിയണം. ദരിദ്രർ, രോഗികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, കുടിയേറ്റക്കാർ, അഭയാർഥികൾ എന്നിങ്ങനെ പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാവരുടെയും മുന്നിൽ പ്രത്യാശയുടെ അടയാളങ്ങളാകാൻ ജൂബിലി നമ്മെ ക്ഷണിക്കുന്നു.

പ്രത്യാശയും ക്ഷമയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്ന ഈ ജൂബിലി അവസരം, എല്ലാ സഭകൾക്കും കൂട്ടായ്മകൾക്കും ഐക്യത്തിലേക്കുള്ള യാത്രയിൽ മുന്നോട്ട് പോകാനുള്ള ഒരു ആഹ്വാനം കൂടിയാണ്. ''നമ്മുടെ ആത്മാവിന്റെ ഉറപ്പുള്ളതും സുസ്ഥിരവുമായ ഒരു നങ്കൂര''മായി (ഹെബ്രാ. 6:19) പ്രത്യാശയെ മുറുകെ പിടിക്കാൻ നാം തയ്യാറാകണം. പരിശുദ്ധ പിതാവ് ലെയോ 14-ാമൻ പാപ്പ 2025 ആഗസ്റ്റ് 3-നു റോമിൽ നടന്ന യുവജന ജൂബിലിക്ക് നല്കിയ വചനസന്ദേശത്തിൽ ഈ ആശയങ്ങളെ വ്യക്തമായി സംഗ്രഹിക്കുന്നുണ്ട്. ''നമ്മുടെ പ്രത്യാശ'' (1 തിമോ. 1:1) ആയ ക്രിസ്തുവിനോട് ഐക്യപ്പെടുമ്പോൾ നാം ഓരോരുത്തരും അനുകമ്പയിലും  ഉപവിയിലും ദയയിലും എളിമയിലും ക്ഷമയിലും സമാധാനത്തിലും വളരേണ്ടതായിട്ടുണ്ട്. കാരണം, പ്രത്യാശ പ്രകടമാക്കുന്നത് ദൈവസ്നേഹമാണ്. അതുകൊണ്ടാണ് പ്രത്യാശ നമ്മെ നിരാശപ്പെടുത്താത്തത്.

**ജൂബിലി സമാപന സമ്മേളനം**

''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' (റോമാ 5:5) എന്ന സന്ദേശം ഒരിക്കൽക്കൂടി പങ്കുവെക്കുന്നതിനായി ജൂബിലി വർഷാചരണത്തിന്റെ സമാപന സമ്മേളനം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. ഈ സമ്മേളനം 2025 ഡിസംബർ 13, ശനിയാഴ്ച, കേരളസഭയിലെ എല്ലാ മെത്രാന്മാരുടെയും സാന്നിധ്യത്തിൽ ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽവച്ച് നടക്കും. എല്ലാ രൂപതകളിൽ നിന്നും സന്യാസസമൂഹങ്ങളിൽ നിന്നും സഭാസംഘടനകളിൽനിന്നുമുള്ള നിശ്ചയിക്കപ്പെട്ട പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

രാവിലെ പത്തുമണിക്ക് ആരംഭിക്കുന്ന പൊതുസമ്മേളനത്തെ തുടർന്ന് വൈദികർ, സന്യസ്തർ, അത്മായർ, യുവജനങ്ങൾ, വൈദിക വിദ്യാർത്ഥികൾ എന്നിങ്ങനെ വിവിധ ഭാഗങ്ങളായിതിരിഞ്ഞുള്ള പഠനവും ചർച്ചയും ഉണ്ടാകും. സമൂഹ ദിവ്യബലിയും തുടർന്നുള്ള സമാപന സമ്മേളനവും ഉൾപ്പെടെയുള്ള  ജൂബിലി സമ്മേളനത്തിന്റെ കാര്യപരിപാടികൾ വൈകിട്ട് നാലുമണിയോടുകൂടി സമാപിക്കുന്നതാണ്.

സന്യാസ സമൂഹങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും ഇടവകകളിൽ നിന്നും മറ്റുമുള്ള പ്രതിനിധികളെ രൂപതാടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിച്ച്, രൂപതാ കാര്യാലയങ്ങളിൽ നിന്നും 2025 ഒക്ടോബർ 31-നുള്ളിൽ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി) ഡയറക്ടറെ അറിയിക്കേണ്ടതാണ്.

ജൂബിലി സമ്മേളനത്തിന്റെ വിജയത്തിനായി ഏവരുടെയും സഹകരണവും പ്രാർഥനയും അഭ്യർഥിക്കുന്നു. പ്രത്യാശയുടെ സുവർണതാരകമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥവും നമുക്ക് അപേക്ഷിക്കാം. ഈ ജൂബിലിയാഘോഷം എല്ലാവരുടെയും ജീവിതത്തിൽ പ്രത്യാശയുടെ പുതുവഴി തുറക്കട്ടെ. സർവശക്തനായ ദൈവത്തിന്റെ സംരക്ഷണം ഏവർക്കും ലഭിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെസിബിസി
**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി
**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

# മാർ ജേക്കബ് തൂങ്കുഴി അനുസ്മരണദിനം

**(26-9-2025)**

സ്വർഗീയ ജീവിതത്തിലേക്ക് യാത്രയായ മാനന്തവാടി രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് തൂങ്കുഴിപ്പിതാവിനോടുള്ള ആദര സൂചകമായി സംഘടിപ്പിച്ച അനുസ്മരണ ദിനത്തിൽ രൂപതയുടെ വിവിധഭാഗങ്ങളിൽ നിന്ന് ആയിരത്തോളം ആളുകൾ പങ്കെടുത്തു. 2025 സെപ്റ്റംബർ 26 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് അഭിവന്ദ്യ തൂങ്കുഴിപ്പിതാവിനുവേണ്ടിയുള്ള വി. ബലിയർപ്പണം നടന്നു. മാനന്തവാടി രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം മുഖ്യകാർമ്മികനായി നടന്ന അനുസ്മരണ ബലിയിൽ തലശേരി അതിരൂപത ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജോർജ് ഞരളക്കാട്ട് അനുസ്മരണ സന്ദേശം നൽകി. രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലം, വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ, സിഞ്ചെല്ലൂസ് ഫാ. ജോസഫ് മുതിരക്കാലായിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

വി. കുർബാനയെത്തുടർന്ന് അഭിവന്ദ്യ തൂങ്കുഴിപ്പിതാവിന്റെ ഛായാചിത്രത്തിൽ അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സന്യസ്തരും ജനപ്രതിനിധികളും ദൈവജനം മുഴുവനും പുഷ്പാർച്ചന നടത്തി. തുടർന്ന് നടന്ന അനുശോചനയോഗം മന്ത്രി ഒ. ആർ കേളു ഉദ്ഘാടനം ചെയ്തു. ബഹു. സി. ധന്യ എഫ്.സി.സി നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച അനുശോചന യോഗത്തിൽ രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് സ്വാഗതം പറയുകയും വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ, പേരാവൂർ എം.എൽ.എ. അഡ്വ. സണ്ണി ജോസഫ്, കൽപറ്റ എം.എൽ.എ. അഡ്വ. ടി. സിദ്ദിഖ്, വനിതാ വികസന കോർപ്പറേഷൻ ചെയർപേഴ്സൺ കെ.സി റോസക്കുട്ടി ടീച്ചർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഷംഷാദ് മരയ്ക്കാർ, ഫാ. ജോസഫ് നെച്ചിക്കാട്ട്, ഫാ. ഫ്രാൻസീസ് അള്ളുംപുറം O.Prem, സി. ഷോളി SKD, സി. ഫിലോ SCV, ജോസ് പുഞ്ചയിൽ സാർ, ശ്രീ. ജോസ് ഇലഞ്ഞിമറ്റം, ജോസ് പുന്നക്കുഴി സാർ, ശ്രീമതി മേഴ്സി ബെന്നി എന്നിവർ അഭിവന്ദ്യ തൂങ്കുഴിപ്പിതാവിനെ അനുസ്മരിച്ചുകൊണ്ട് സംസാരിക്കുകയും ചെയ്തു. മാനന്തവാടി, താമരശേരി, തൃശ്ശൂർ രൂപതകളിലായി അമ്പത്തിരണ്ട് വർഷത്തെ മെത്രാൻ ശുശ്രൂഷയിൽ, ലാളിത്യം സാധുജന സ്നേഹം, ആത്മീയ ജീവിതം എന്നീ മേഖലകളിലും സാമൂഹ്യ വികസന രംഗത്തും മാർ ജേക്കബ് തൂങ്കുഴി ഉജ്ജ്വല നക്ഷത്രമായിരുന്നുവെന്ന് സമ്മേളനത്തിൽ സംസാരിച്ചവരെല്ലാവരും സാക്ഷ്യപ്പെടുത്തി. വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അനുശോചന യോഗത്തിന് നന്ദി പറയുകയും തുടർന്ന് യോഗം അവസാനിക്കുകയും ചെയ്തു.

**ചാൻസലർ**

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേൽ അച്ച ന്റേയും നവംബർ 12-ാം തീയതി ബഹു. ജോസഫ് ചൂരക്കാ മറ്റം അച്ചന്റേയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഇവരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**2. രൂപതാ ബൈബിൾ കൺവെൻഷൻ 2025 നവംബർ 7-10**

കുടുംബ നവീകരണ വർഷത്തിനോടനുബന്ധിച്ച് ബഹു. മാത്യു വയലാമണ്ണിൽ സി.എസ്.ടി അച്ചൻ നയിക്കുന്ന രൂപതാ ബൈബിൾ കൺവെൻഷൻ 2025 നവംബർ 7 മുതൽ 10 വരെയുള്ള ദിവസങ്ങളിലാണ് ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ദിവസവും വൈകു ന്നേരം 4 മണിക്ക് ആരംഭിച്ച് രാത്രി 9 മണിക്ക് അവസാനിക്കുന്നതു പോലെയാണ് കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്. കൺവെൻ ഷൻ ദിവസങ്ങളിൽ പങ്കെടുക്കുവാനും പരമാവധി ആളുകളെ പങ്കെടുപ്പിക്കുവാനും ബഹു. വികാരി അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കു മല്ലോ.

**3. വൈദികസംഗമവും ജൂബിലി ആഘോഷവും 2025 നവംബർ 20**

മാനന്തവാടി രൂപതാംഗങ്ങളായ വൈദികരുടെ ഒരു സംഗമം നവംബർ 20-ാം തീയതി ഉച്ചകഴിഞ്ഞു 2 മണിമുതൽ രാത്രി 9:30 വരെ രൂപതാ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. ഈ വർഷം സിൽവർ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികരുടെ ജൂബിലി ആഘോഷവും അന്നേ ദിനത്തിലെ സായാ ഹ്നത്തിൽ നടത്തുന്നതാണ്. സാഹോദര്യത്തിന്റെയും ഐക്യത്തി ന്റെയും പ്രതീകമായ *കൂട്ട് 2025* സംഗമത്തിലേക്ക് രൂപതാംഗങ്ങളായ എല്ലാ വൈദികരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

**4. വൈദിക സമ്മേളനം (Priests' Conference) 2025 നവംബർ 25**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദിക രുടെയും ഒരു സമ്മേളനം 2025 നവംബർ 25 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോ റിയത്തിൽ ചേരുന്നതാണ്. എല്ലാ വൈദികരെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു. ഇടവകകളിലെയും സ്ഥാപനങ്ങളിലെയും

അന്നേ ദിവസത്തെ പരിപാടികൾ ക്രമീകരിച്ച് ഈ വൈദിക സമ്മേളനത്തിൽ എല്ലാവരും സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**5. ജൂബിലി വർഷ - കുടുംബ നവീകരണവർഷ സമാപനം 2025 ഡിസംബർ 6**

ജൂബിലി വർഷത്തിന്റെയും കുടുംബ നവീകരണ വർഷത്തിന്റെയും രൂപതാതല സമാപനം 2025 ഡിസംബർ 6 ശനിയാഴ്ച രാവിലെ 9:30 മുതൽ ഉച്ചയ്ക്ക് 1:30 വരെയാണ് ക്രമീകരിച്ചിരിക്കുന്നത്. രാവിലെ 9:30 നു വി. ബലിയും തുടർന്ന് സമാപന സമ്മേളനവും ആണ് നടക്കുക.

**ഈ സമാപന സമ്മേളനത്തിൽ ഇടവകകളിൽ നിന്ന് നിർബന്ധമായും പങ്കെടുക്കേണ്ടവർ താഴെപ്പറയുന്നവരാണ്:**

രൂപതയിലെ എല്ലാ വൈദികരും, സമർപ്പിത സമൂഹങ്ങളിലെ (men & women) മേജർ & ലോക്കൽ സുപ്പീരിയേഴ്സ്, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, വിവിധ സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും രൂപതാ ഭാരവാഹികൾ, ഇടവകകളിൽ രൂപീകരിച്ച കുടുംബ നവീകരണവർഷ കമ്മിറ്റിയുടെ പ്രസിഡന്റ് അദ്ദേഹത്തിന്റെ ജീവിതപങ്കാളി, നടത്തിപ്പു കൈക്കാരൻ അദ്ദേഹത്തിന്റെ ഭാര്യ, മതബോധന പ്രധാനാധ്യാപകർ, ദേവാലയ ശുശ്രൂഷി (കപ്യാർ), 2001 ജനുവരി 1 ന് ശേഷം വിവാഹിതരായ ദമ്പതിമാരിൽ അഞ്ചും അതിൽ കൂടുതൽ മക്കളുള്ളവരുടെ കുടുംബങ്ങൾ.

ഈ സമാപന സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം (ഇടവകയിലെ സമർപ്പിത സമൂഹങ്ങളിലേത് ഉൾപ്പെടെ) ബഹു. വികാരിയച്ചന്മാർ 2025 നവംബർ 15 നകം ബഹു. ഫൊറോനാ വികാരിമാരെ അറിയിക്കുകയും തുടർന്ന് ഫൊറോനാ വികാരിമാർ ഫൊറോനയിൽ നിന്നു പങ്കെടുക്കുന്നവരുടെ ആകെ എണ്ണം രൂപതാ ചാൻസലറെ അറിയിക്കേണ്ടതുമാണ്. സമാപന ദിനത്തിലെ ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തുവാൻ വേണ്ടി ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**6. വിവാഹപരസ്യം നടത്താനുള്ള അനുമതി**

2025 ആഗസ്റ്റ് മാസത്തിലെ സീറോമലബാർ സിനഡ് തീരുമാനമനുസരിച്ച് മനസമ്മതത്തിനുമുമ്പ് വിവാഹപരസ്യം നടത്താനുള്ള അനുവാദം വരന്റെയോ വധുവിന്റെയോ വികാരിക്ക് നല്കാവുതാണ്. ഇപ്രകാരം വിവാഹപരസ്യം നടത്തുമ്പോൾ 3 ഞായറാഴ്ചകളിൽ നിർബന്ധമായും വിവാഹപരസ്യം നടത്തേണ്ടതും അനുമതിക്കായി രേഖാമൂലം ബഹു. വികാരിയച്ചന്റെ പക്കൽ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

## Information about the dismissal of Fr. Vinoy Sebastian Choodiyankal S J from the Society of Jesus (SJ)

As per the communication from the Provincial Superior of the Patna Province of the Society of Jesus, it is hereby brought to the attention of all concerned that Fr. Vinoy Sebastian Choodiyankal SJ, hailing from St. Sebastian's Parish, Vazhavatta, in the eparchy of Mananthavdy, and until 25th June 2024 a member of the Patna Province of the Society of Jesus, has been dismissed from the said Society. Simultaneously, he is dispensed from his religious and clerical obligations, except that of celibacy for which he needs to approach the Roman Pontiff and get the required dispensation. Therefore he shall not be admitted for the celebration of any sacrament or sacramentals including the preaching of the Word of God or for exercising any other priestly faculties anywhere within the territory of the eparchy of Mananthavady.

Issued from the office of the Curia of the eparchy of Mananthavady on 25th October 2025.

**Chancellor**

# റിപ്പോർട്ട് - വൈദികസമിതി യോഗം

**(8-10-2025)**

മാനന്തവാടി രൂപതാ വൈദിക സമിതിയുടെ ഒരു യോഗം 8-10-2025 നു ബിഷപ്സ് ഹൗസിൽ വെച്ച് ചേരുകയുണ്ടായി. ബഹു. അജയ് തേക്കിലക്കാട്ടിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. മാനന്തവാടി രൂപതയുടെ ആദ്യ മെത്രാനും നമ്മളിൽ നിന്ന് വേർപിരിഞ്ഞു സ്വർഗീയ ജീവിതത്തിലേക്ക് യാത്രയായ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിനെ അനുസ്മരിച്ചു കൊണ്ട് രൂപതാ സിഞ്ചെല്ലൂസ് ബഹു. ജോസഫ് മുതിരക്കാലായിൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു.

**യോഗത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു**

1. പഞ്ചാബ് മിഷന്റെ ഇതുവരെയുള്ള പ്രവർത്തങ്ങളെപ്പറ്റി പഞ്ചാബ് മിഷൻ കോർഡിനേറ്ററും മൈനർ സെമിനാരി റെക്റ്ററുമായ ബഹു. സജി നെടുങ്കല്ലേൽ അച്ചൻ ചുരുക്കത്തിൽ വിവരിച്ചു. ദേവാലയ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായും ഓരോ ഫൊറോനയും ആത്മീയമായും സാമ്പത്തികമായും പഞ്ചാബ് മിഷനു നൽകുന്ന പിന്തുണയ്ക്ക് പ്രത്യേകം നന്ദി പറയുകയും മുന്നോട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹായ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

2. ഫൊറോനാ കൗൺസിലുകളിൽ നിന്നും ലഭിച്ച വിലയിരുത്തലുകളുടെ വെളിച്ചത്തിൽ ജൂബിലി വർഷത്തിലെ കുടുംബ നവീകരണ പ്രവർത്തനങ്ങളെപ്പറ്റി പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോസ് മാത്യു പുഞ്ചയിൽ സാർ അവതരണം നടത്തി. 70 ശതമാനം ഇടവകകൾ കുടുംബ നവീകരണ വർഷത്തിലെ പരിപാടികളോട് കൂടുതൽ ആഭിമുഖ്യം കാണിച്ചതായും ബാക്കി വരുന്ന ഇടവകകൾ തുടർന്ന് വരുന്ന മാസങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പരിപാടികൾ നടത്തുമെന്ന് അറിയിച്ചിട്ടുണ്ടെന്നും സാർ അറിയിച്ചു.

ദമ്പതി കൂട്ടായ്മകൾ, ഡേ വിത്ത് ഫാമിലി, പിതൃവേദികൾ, ഫാമിലി കൗൺസലിംഗ് സെന്ററുകൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുത്ത് വരും വർഷങ്ങളിലും കുടുംബ നവീകരണ വർഷ പരിപാടികൾ തുടരണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

തുടർന്നുള്ള ചർച്ചകൾക്ക് രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ നേതൃത്വം നൽകി. പയ്യമ്പള്ളി ഫൊറോന യിൽ ദിവ്യകാരുണ്യ ആരാധനാ സന്യാസിനി സമൂഹത്തിന്റെ നേതൃ ത്വത്തിൽ കൗൺസലിംഗ് സെന്റർ ആരംഭിച്ചതായി പയ്യമ്പള്ളി ഫൊറോനാ വികാരി ബഹു. സെബാസ്റ്റ്യൻ ഏലംകുന്നേൽ അച്ചൻ അറിയിച്ചു. സ്പിരിച്ച്വൽ കൗൺസിലിംഗിന് കൂടുതൽ പേര് ആവശ്യ പ്പെടുന്നതായി വികാരി ജനറാൾ അച്ചൻ അറിയിച്ചു. വിവിധ റീജി യനുകളിൽ കൗൺസലിംഗ് സെന്ററുകൾ തുടങ്ങുവാനുള്ള തീരു മാനം വൈദിക സമിതിയോഗം ശരിവെക്കുകയും എല്ലാ സഹ കരണവും വാഗ്ദാനം ചെയ്യുകയും ചെയ്തു.

കുടുംബ നവീകരണ വർഷ സമാപന പരിപാടികളെക്കുറിച്ച് ചർച്ച നടന്നു. 2025 ഡിസംബർ 6 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ വി. കുർബാനയോടെ ആരംഭിച്ച് തുടർന്ന് പൊതു സമ്മേളനവും ആണ് ക്രമീകരിച്ചിരിക്കുന്നത്. 2001 ജനുവരി 1 ന് ശേഷം വിവാഹിതരായ ദമ്പതിമാരിൽ 5 ൽ കൂടുതൽ മക്കളുള്ളവരെ ആദ രിക്കുകയും അവർക്ക് സാമ്പത്തികമായും സഹായം നൽകുകയും വേണം എന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രോലൈഫ് പ്രവർത്ത ങ്ങൾ ശക്തിപ്പെടുത്തുവാൻ ഫണ്ട് ശേഖരണം ആവശ്യമാണ് എന്ന് അഭിപ്രായപ്പെട്ടു. ഫാമിലി അപ്പോസ്റ്റലേറ്റ് കൂടുതൽ ശക്തിപ്പെ ടുത്തി കുടുംബങ്ങളുടെ ക്ഷേമത്തിന് മുൻഗണന കൊടുക്കണം എന്ന നിർദ്ദേശം ഉണ്ടായി. കുടുംബ നവീകരണവർഷ സമാപന സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തെപ്പറ്റി തീരുമാന മെടുക്കണമെന്നും ചർച്ചയുണ്ടായി. കുടുംബ നവീകരണ വർഷ ത്തിലെ ബൈബിൾ കൺവെൻഷനെപ്പറ്റിയും ചർച്ച നടന്നു. നവംബർ 7 മുതൽ 10 വരെ നടക്കുന്ന കൺവെൻഷനിൽ എല്ലാ വരുടെയും സാന്നിധ്യം ഉറപ്പുവരുത്തണമെന്ന് സമിതി നിർദേശിച്ചു.

3. സമുദായ ശക്തീകരണ വർഷം 2026 മാർ അലക്സ് താരാ മംഗലം പിതാവ് അടുത്ത വർഷം സീറോമലബാർ സഭ ആചരി ക്കുന്ന സമുദായ ശക്തീകരണ വർഷത്തെക്കുറിച്ച് ആമുഖ പ്രഭാ

ഷണം നടത്തി. സ്വത്വബോധം നഷ്ടപ്പെട്ട ഈ കാലഘട്ടത്തിൽ സമുദായ ബോധം ആർജിച്ചെടുക്കുവാൻ നാം ഒറ്റക്കെട്ടായി പരിശ്രമിക്കണമെന്ന് അഭിവന്ദ്യ പിതാവ് തന്റെ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. തത്വചിന്തകനായ *ഡർഖൈമി*ന്റെ വാക്കുകൾ സൂചിപ്പിച്ചുകൊണ്ട് ഒരുമയും സ്നേഹവും കൂട്ടായ ഒരു ഉയർന്ന പ്രവർത്തിയിലേക്ക് നയിക്കുമെന്ന ഉൾക്കാഴ്ച നൽകി. തുടർന്ന് വൈദിക സമിതി അംഗങ്ങൾ തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെച്ചു.

**പൊതു നിർദ്ദേശങ്ങൾ**

അത്മായ നേതാക്കന്മാരെ വളർത്തണം എന്നുള്ളത് ഈ വർഷത്തിന്റെ പ്രധാന തീരുമാനങ്ങളിൽ ഉൾപ്പെടുത്തുക, യുവാക്കളെ ഉപയോഗപ്പെടുത്തി കൂടുതൽ കാര്യക്ഷമമായി സമുദായ ശക്തീകരണത്തിൽ പങ്കാളികളാക്കുക, സമൂഹത്തിലെ എല്ലാ മേഖലകളിൽ ഉള്ളവരെയും ഒരുമിച്ചുകൂട്ടുക, പഞ്ചായത്ത് ഇലക്ഷനിൽ മത്സരിക്കുവാൻ എ.കെ.സി.സി യുടെ നേതൃത്വമുണ്ടാവുക.

**പൊതുവായ ചർച്ച**

ഇടവക തിരുനാൾ പരിപാടികളിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ പാലിക്കുവാൻ തിരുനാളുകളുമായി ബന്ധപ്പെട്ട് പൊതുവായ നിർദ്ദേശങ്ങൾ നല്കണമെന്ന് ചർച്ചയിൽ ആവശ്യപ്പെട്ടു.

ഇടവകകളിൽ ക്രിസ്തുമസ് ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് പൊതുവായ ഒരു സമയം തന്നെ രൂപതയിൽ ഉണ്ടാകണമെന്ന തീരുമാനത്തിലേക്ക് സമിതി എത്തിച്ചേരുകയും ചെയ്തു.

ബഹു. അനൂപ് കാളിയാനിയിൽ അച്ചൻ വൈദിക സമിതി യോഗത്തിന് നന്ദിപറയുകയും അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെ യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

# പാസ്റ്ററൽ കൗൺസിൽ

## 11-10-2025 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

**അജണ്ട**

1. ഫൊറോന കൗൺസിൽ റിപ്പോർട്ട് അവതരണം- ഫൊറോന കൗൺസിൽ സെക്രട്ടറിമാർ
2. ജൂബിലി/കുടുംബ നവീകരണവർഷ വിലയിരുത്തൽ സമാപനം- മോൺ. പോൾ മുണ്ടോളിക്കൽ
3. സമുദായ ശാക്തീകരണ വർഷം 2026 - മാർ അലക്സ് താരാമംഗലം
4. സമുദായ ശാക്തീകരണം - കർമ്മപദ്ധതികൾ - ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ
5. പൊതുകാര്യങ്ങൾ ചർച്ച

മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ 2025 വർഷത്തെ രണ്ടാമത്തെ യോഗം 11-10-2025 ന് റവ.സി. അനിലിറ്റ് എഫ്.സി.സി. നയിച്ച ഈശ്വര പ്രാർത്ഥനയോടെ കൃത്യം 10.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ആരംഭിച്ചു.

**ആദാഞ്ജലികൾ**

മാനന്തവാടി രൂപതയുടെ പ്രഥമമെത്രാൻ, കാലം ചെയ്ത അഭിവന്ദ്യ ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ് തൂങ്കുഴി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ച് മൗനപ്രാർത്ഥന നടത്തി.

**സ്വാഗതവും ആദരവും**

പാസ്റ്ററൽ കൗൺസിൽ യോഗത്തിന് മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ സ്വാഗതം ആശംസിച്ചു. തുടർന്ന് വയനാട് ജില്ലയിലെ ആദ്യത്തെ ദുരന്തനിവാരണ ഡെപ്യൂട്ടി കലക്ടറായി സ്ഥാനകയറ്റം ലഭിച്ച മാനന്തവാടി തഹസീൽദാർ ശ്രീ. എം.ജെ. അഗസ്റ്റിനെ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് പൂച്ചെണ്ട് നൽകിയും പൊന്നാട അണിയിച്ചും ആദരിച്ചു.

**ഫൊറോനാ കൗൺസിൽ റിപ്പോർട്ട് അവതരണം**

2025 ആഗസ്റ്റ് മാസം മുതൽ ഒക്ടോബർ 5 വരെ നടന്ന ഫൊറോനാ കൗൺസിലുകളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് ഫൊറോനാ സെക്രട്ടറിമാരും അവരുടെ അഭാവത്തിൽ അവർ ചുമതലപ്പെടുത്തിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും അവതരിപ്പിച്ചു.

റിപ്പോർട്ട് അവതരിപ്പിച്ചവരുടെ പേരു വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജെയ്സൺ കുര്യൻ - ചുങ്കക്കുന്ന് ഫൊറോന
2. പോൾ തോപ്പിൽ - ദ്വാരക ഫൊറോന
3. പോൾ ജോസഫ് കളരിക്കൽ - കല്ലോടി ഫൊറോന
4. സജി ഫിലിപ്പ് വടക്കേമുകളേൽ - കൽപ്പറ്റ ഫൊറോന
5. കുര്യാച്ചൻ ചിറമുഖം - മാനന്തവാടി ഫൊറോന
6. വിജോ കാച്ചാംങ്കോടത്ത് - മണിമൂളി ഫൊറോന
7. ബെന്നി ഇലഞ്ഞിക്കൽ - മുള്ളൻകൊല്ലി ഫൊറോന
8. ബിനു മാങ്കൂട്ടം - നടവയൽ ഫൊറോന
9. ജോസ് നന്ദികാട്ടുപടവിൽ - നിലമ്പൂർ ഫൊറോന
10. ജിജി കുടക്കച്ചിറ - പയ്യമ്പള്ളി ഫൊറോന
11. ടോം ജോൺ - S. ബത്തേരി ഫൊറോന
12. ചിന്നമ്മ വട്ടുകുളത്തിൽ - തരിയോട് ഫൊറോന
13. സിന്ധു വെളുത്തേടത്തുപറമ്പിൽ - നീലഗിരി റീജിയൺ

ദണ്ഡവിമോചനത്തിനുതകുന്ന പരിഹാര പ്രദക്ഷിണം, തീർത്ഥാടനം, കുമ്പസാരത്തിനുള്ള സൗകര്യമൊരുക്കൽ, കൗൺസിലിംങ്ങിനുള്ള സൗകര്യമൊരുക്കൽ എന്നിവ എല്ലാ ഫൊറോനകളിലും നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ഫൊറോനാ കൗൺസിൽ യോഗം 3 മാസത്തിലൊരിക്കൽ കൂടുവാൻ മിക്കവാറും ഫൊറോനകൾ തീരുമാനിച്ചു.

ദമ്പതി സെമിനാറുകൾ, കുടുംബ നവീകരണത്തിനുള്ള പ്രാർത്ഥന, മുതിർന്നവർ, യുവജനങ്ങൾ, കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള നവീകരണ ധ്യാനങ്ങൾ, ബൈബിൾ പഠന പ്രോത്സാഹനം, കുടുംബ കൂട്ടായ്മയിൽ കുടുംബ നവീകരണ വർഷവുമായി ബന്ധപ്പെട്ട വിഷയാധിഷ്ഠിത ചർച്ചയും പഠനവും, ഓരോ ദിവസവും ദേവാലയത്തിൽ കുടുംബങ്ങളെ സമർപ്പിച്ചുള്ള പ്രാർത്ഥനയും കുടുംബങ്ങളെ ആശീർവദിക്കലും, അഖണ്ഡജപമാല, മരിയൻ തിരുസ്വരൂപ പ്രയാണം, ഡേ വിത്ത് എ ഫാമിലി - വികാരിയച്ചൻ കുടുംബത്തോടൊപ്പം സന്ധ്യാപ്രാർത്ഥനയിൽ പങ്കെടുക്കുന്ന പരിപാടി, ഭവനസന്ദർശനം, ദിനാചരണങ്ങൾ, ആരോഗ്യക്യാമ്പുകൾ, ലഹരിക്കെതിരായ ബോധവൽക്കരണവും ഇതരപ്രവർത്തനങ്ങളും, അനുരഞ്ജന സമിതി രൂപീകരണം, അഗതി വൃദ്ധമന്ദിര സന്ദർശനവും സഹായവിതരണവും, വിവാഹ പ്രായം കഴിഞ്ഞ അവിവാഹിതരുടെയും ഏകസ്ഥരുടെയും സംഗമങ്ങൾ, സഖറിയാ സംഗമങ്ങൾ, സോഷ്യൽ മീഡിയയിലൂടെയുള്ള പ്രചരണം, ദരിദ്രകുടുംബങ്ങൾക്ക് ഭവനനിർമ്മാണം, വിദ്യാഭ്യാസ-ചികിത്സാ സഹായവിതരണം തുടങ്ങിയ ധാരാളം പരിപാടികൾ കുടുംബ നവീകരണവർഷത്തിന്റെ ഭാഗമായി ഇടവകകളിൽ നടന്നതായി റിപ്പോർട്ട് ചെയ്തു. ഈ പരിപാടികൾക്കുവേണ്ടി പരിശ്രമിച്ച

ബഹു. ഫൊറോനാ വികാരിമാരെയും, ഇടവക വികാരിമാരെയും അൽമായ പ്രേക്ഷിതരെയും അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു.

വൈദിക പരിശീലനത്തെകുറിച്ചുള്ള നിർദ്ദേശങ്ങൾ, ഫൊറോന, പാരീഷ്, കുടുംബകൂട്ടായ്മകൾ എന്നിവ ശക്തീകരിക്കേണ്ടതിന്റെ ആവശ്യകത സഭയ്ക്കെതിരെ ഉയരുന്ന സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള ദുഷ്പ്രചണങ്ങളെ പ്രതിരോധിക്കുക, കുടുംബകൂട്ടായ്മ പ്രാർത്ഥന പുസ്തകം നവീകരിക്കുക, പട്ടയപ്രശ്നം, വന്യമൃഗ പ്രശ്നങ്ങൾ എന്നിവ സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക, എ.കെ.സി.സി. യെയും ഇതര സാമുദായിക സംഘടനകളെയും ശക്തിപ്പെടുത്തുക, പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, വിവാഹത്തിനൊരുക്കമായ കോഴ്സ് ഫലപ്രദമാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ സജീവമായി പങ്കാളിയാവുക, പി.എസ്.സി, മറ്റു മത്സര പരീക്ഷകൾക്ക് ഫെഡറും സംഘടനകളും കുട്ടികളെ സജ്ജരാക്കുക, സമുദായ ശാക്തീകരണവർഷം ഫലപ്രദമായി നടപ്പിലാക്കുക, അതിന് പൊതുമിനിമം പരിപാടി തയ്യാറാക്കുക, സംരംഭങ്ങൾ തുടങ്ങുവാൻ പ്രോത്സാഹിപ്പിക്കുകയും പരിശീലനം നൽകുകയും ചെയ്യുക, മെത്രാൻമാരും ഫൊറോന വികാരിമാരും ഇടവകകൾ സന്ദർശിക്കുക, ക്രൈസ്തവ പാരമ്പര്യകലകൾ പ്രോത്സാഹിപ്പിക്കുക, തുടങ്ങിയ കാര്യങ്ങളും ഫൊറോനാ കൗൺസിലിൽ ചർച്ച ചെയ്തു.

തുടർന്നു നടന്ന പൊതുചർച്ചയിൽ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. റോബി ടി.ജെ., ശ്രീ. ജെയ്സൺ കുര്യൻ, ശ്രീ. ബെന്നി ഇലഞ്ഞിക്കൽ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

കുടുംബ നവീകരണവർഷത്തിന്റെ ഭാഗമായി നവംബറിൽ ബൈബിൾ കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നകാര്യം അറിയിക്കുകയും രൂപതാതല സമാപനം ഡിസംബർ 6 ന് സമുചിതമായി നടത്തുന്നതിനും, ഫൊറോനാ, ഇടവകാതല സമാപനം അതത് കൗൺസിലുകളുടെ തീരുമാനപ്രകാരം നടത്തുവാനും തീരുമാനിച്ചു.

**സമുദായ ശക്തീകരണവർഷം**

നമ്മുടെ രൂപതയും, സീറോമലബാർസഭ മുഴുവനും 2026 വർഷം സമുദായ ശക്തീകരണവർഷമായി ആചരിക്കുകയാണെന്നും നമ്മൾ ഒറ്റയ്ക്ക് വളരുന്നതിന് പകരം, കൂട്ടായും ഒരു സമുദായമായും വളരേണ്ടുന്നതിന്റെ ആവശ്യകത ചൂണ്ടികാണിച്ചുകൊണ്ട് സമുദായ ശക്തീകരണം എന്ത്, എന്തിന് എന്ന് അഭിവന്ദ്യ

അലക്സ് താരാമംഗലം പിതാവ് വിശദീകരിച്ചു. അതിന്റെ പ്രാരംഭ ഘട്ടം 11-10-2025 ന് (പാസ്റ്ററൽ കൗൺസിൽ നടന്ന ദിവസം) ആരംഭിക്കുന്നതായും പ്രായോഗികഘട്ടം 2026 ദനഹാതിരുനാളിന് ആരംഭിച്ച് ഒരുവർഷം കൊണ്ട് പൂർത്തിയാക്കണമെന്ന് അറിയിച്ചു. തുടർന്ന് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സമുദായ ശക്തീകരണവർഷാചരണത്തിന്റെ ഭാഗമായി ഒരു വർഷംകൊണ്ട് നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾ അവതരിപ്പിച്ചു. ആത്മീയ, വിദ്യാഭ്യാസ, ആരോഗ്യ, സാമ്പത്തിക, തൊഴിൽ, പാരിസ്ഥിതിക, ജീവകാരുണ്യ, രാഷ്ട്രീയ, കാർഷിക, വൈദിക/സഭാശക്തീകരണ, കലാസാംസ്കാരിക മേഖലകളിൽ നടത്തേണ്ട വിവിധ പരിപാടികൾ വിശദീകരിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ രൂപതയുടെ ഡാറ്റാബേസ് പുതുക്കുന്നതിനും, EWS ന് അർഹരായവരെ ഇടവക/വാർഡ് തലത്തിൽ കണ്ടെത്തി ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സഹായിക്കുന്നതിനെകുറിച്ചും, പൊതുമിനിമം പരിപാടികൾ ആസൂത്രണം ചെയ്ത് സമുദായശക്തീകരണം ഫലപ്രദമാക്കണമെന്നും അഭിപ്രായപ്പെട്ടു. ചർച്ചയിൽ ശ്രീ. ക്രിസ്റ്റി കരുവള്ളിത്തറ, ശ്രീ. സണ്ണി കാഞ്ഞിരംകുഴിയിൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ശ്രീമതി ബീന കരിമാംകുന്നേൽ, ശ്രീ. ജോബി തോമസ് എന്നിവർ സംസാരിച്ചു.

**പൊതുചർച്ച**

തുടർന്ന് നടന്ന പൊതുചർച്ചയിൽ പഞ്ചാബ് മിഷനെകുറിച്ച് റവ. ഫാ. സജി നെടുംങ്കല്ലേൽ, എ.കെ.സി.സി. യുടെ അവകാശ സംരക്ഷണയാത്രയെകുറിച്ച് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, അടയ്ക്കാത്തോടുള്ള ഒരു വീട്ടുകാരെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സഹായിക്കുന്നതിനെ കുറിച്ച് സെബാസ്റ്റ്യൻ പാലംപറമ്പിൽ, ഡയാലിസിസ് സെന്ററിനെകുറിച്ച് റവ.ഫാ. മനോജ് കവളക്കാടൻ എന്നിവർ സംസാരിച്ചു. മതബോധനത്തെക്കുറിച്ചുള്ള ചർച്ചയിൽ സീറോമലബാർ സഭ ഇതുവരെ ഇറക്കിയതിൽ വെച്ച് ഏറ്റവും നല്ല പുസ്തകങ്ങളാണ് 11, 12 ക്ലാസുകളിലേത് എന്ന് അഭിപ്രായപ്പെടുകയുണ്ടായി.

തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോസ് മാത്യു പുഞ്ചയിൽ നടത്തിയ നന്ദി പ്രകാശനത്തോടെയും അഭിവന്ദ്യ പിതാവിന്റെ സമാപന ആശീർവ്വാദത്തോടെയും യോഗം സമാപിച്ചു.

**ജോസ് മാത്യു പുഞ്ചയിൽ**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

# ജൂബിലി വർഷം 2025
# കുടുംബ നവീകരണ വർഷം 2025

## 2025 നവംബർ മാസത്തിലെ കുടുംബകൂട്ടായ്മകളിലെ പഠന വിഷയം

## മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന

**ആമുഖം**

മരിച്ച വിശ്വാസികളെ ഓർമ്മിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനുമായി കത്തോലിക്കാസഭ മാറ്റിവെച്ചിരിക്കുന്ന ഒരു കാലഘട്ടമാണ് നവംബർ മാസം. നവംബർ 1 സകല വിശുദ്ധരുടെയും തിരുനാളും നവംബർ 2 സകല മരിച്ചവരുടെയും ഓർമ്മ ദിവസവുമാണ്. ഭൂമിയിൽ തീർത്ഥാടകരായി കഴിയുന്നവരും (സഞ്ചാരികളായ സഭ), സ്വർഗ്ഗത്തിൽ മഹത്വത്തിൽ ആയിരിക്കുന്ന വിശുദ്ധരും (വിജയിച്ച സഭ), ശുദ്ധീകരണസ്ഥലത്ത് ശുദ്ധീകരിക്കപ്പെടുന്ന ആത്മാക്കളും (ശുദ്ധീകരിക്കപ്പെടുന്ന സഭ) ഉൾപ്പെടുന്ന സഭയുടെ അത്ഭുതകരമായ കൂട്ടായ്മയെക്കുറിച്ച് (Communion of Saints) ഈ മാസത്തിൽ നാം ആഴത്തിൽ ചിന്തിക്കുന്നു.

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് എന്തിന് എന്ന ചോദ്യത്തിന് ഉത്തരം നൽകണമെങ്കിൽ, മരണാനന്തര ജീവിതത്തെക്കുറിച്ചും, സ്വർഗ്ഗം, നരകം, ശുദ്ധീകരണസ്ഥലം, വിധി എന്നിവയെക്കുറിച്ചുമുള്ള സഭയുടെ അടിസ്ഥാനപരമായ പഠനങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്.

**1. മരണം: പുതിയ ജീവിതത്തിലേക്കുള്ള വാതിൽ**

കത്തോലിക്കാ സഭയുടെ കാഴ്ചപ്പാടിൽ, മരണം എന്നത് ജീവിതത്തിന്റെ അവസാനമല്ല, മറിച്ച്, ഈ ലോകത്തിലെ തീർത്ഥാടനം പൂർത്തിയാക്കി, നിത്യമായ ഭവനത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള കവാടമാണ്.

- ❖ മനുഷ്യൻ പാപം ചെയ്തതിന്റെ ഫലമായിട്ടാണ് മരണം ലോകത്തിൽ പ്രവേശിച്ചത്. എങ്കിലും, ക്രിസ്തുവിന്റെ മരണത്തിലൂടെയും ഉയിർത്തെഴുന്നേൽപ്പിലൂടെയും മരണം രൂപാന്തരപ്പെട്ടു.
- ❖ ക്രിസ്തുവിന്റെ മരണത്തിൽ പങ്കുചേരുന്നവർക്ക്, അവിടുത്തെ ഉയിർപ്പിലും പങ്കുചേരാൻ സാധിക്കും. അതിനാൽ, ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, മരണം ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ്.

❖ നമ്മുടെ ജീവിതത്തിന്റെ സായന്തനത്തിൽ, സ്നേഹത്തെ അടിസ്ഥാനമാക്കിയായിരിക്കും നാം വിധിക്കപ്പെടുക.

❖ ഈ ലോകത്തിലെ നമ്മുടെ ജീവിതം അവസാനിക്കുമ്പോൾ, ഓരോ വ്യക്തിയും തങ്ങളുടെ അനശ്വരമായ ആത്മാവിൽ നിത്യമായ പ്രതിഫലം സ്വീകരിക്കുന്നു. ഇത് തനതുവിധി (Particular Judgment)എന്നറിയപ്പെടുന്നു.

**2. തനതുവിധി (Particular Judgment)**

ഓരോ വ്യക്തിയും മരിക്കുന്ന നിമിഷം തന്നെ അവരുടെ ജീവിതം ക്രിസ്തുവിന് മുമ്പാകെ സമർപ്പിക്കപ്പെടുകയും, അവരുടെ കർമ്മങ്ങളെ അടിസ്ഥാനമാക്കി വിധി പ്രസ്താവിക്കപ്പെടുകയും ചെയ്യുന്നതിനെയാണ് തനതുവിധി എന്ന് വിളിക്കുന്നത്. ഈ വിധിയിലൂടെ, ആ വ്യക്തി ഒന്നുകിൽ:

1. ഉടൻതന്നെ സ്വർഗ്ഗഭാഗ്യത്തിലേക്ക് പ്രവേശിക്കുന്നു.
2. അല്ലെങ്കിൽ, ശുദ്ധീകരണത്തിലൂടെ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുന്നു.
3. അല്ലെങ്കിൽ, ഉടൻതന്നെ നിത്യമായ ശിക്ഷയായ നരകത്തിലേക്ക് തള്ളപ്പെടുന്നു.

മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും ദൈവത്തിന്റെ നീതിയെയും ഈ വിധി വെളിപ്പെടുത്തുന്നു. പാപത്തിന്റെ കറകൾ പൂർണ്ണമായും നീക്കം ചെയ്യപ്പെടാതെ ദൈവത്തിന്റെ അടുക്കലേക്ക് ആർക്കും പ്രവേശിക്കാൻ സാധ്യമല്ല.

**3. ശുദ്ധീകരണസ്ഥലം (Purgatory)**

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ അടിസ്ഥാനമാണ് ശുദ്ധീകരണസ്ഥലം എന്ന ആശയം.

❖ എന്താണ് ശുദ്ധീകരണസ്ഥലം? ദൈവത്തിന്റെ സ്നേഹത്തിൽ മരിക്കുന്ന, എന്നാൽ പൂർണ്ണമായി ശുദ്ധീകരിക്കപ്പെടാത്ത ആത്മാക്കൾക്ക്, ദൈവവുമായി പൂർണ്ണമായ ഐക്യത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് സംഭവിക്കുന്ന അവസാന ശുദ്ധീകരണത്തെയാണ് സഭ ശുദ്ധീകരണസ്ഥലം എന്ന് വിളിക്കുന്നത്. ഇത് നിത്യമായി ശിക്ഷിക്കപ്പെടുന്നവരുടെ ശിക്ഷയിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്.

❖ ഗൗരവമായ പാപം (mortal sin) ദൈവവുമായുള്ള കൂട്ടായ്മയെ ഇല്ലാതാക്കുകയും നിത്യശിക്ഷയ്ക്ക് അർഹനാക്കുകയും

ചെയ്യുന്നു. എന്നാൽ, ചെറിയ പാപങ്ങൾ പോലും (Venial sin) സൃഷ്ടികളോടുള്ള അനാരോഗ്യകരമായ ബന്ധത്തിന് കാരണമാകുന്നു. ഈ ബന്ധം ഒന്നുകിൽ ഈ ഭൂമിയിൽ വെച്ചോ, അല്ലെങ്കിൽ മരണശേഷം ശുദ്ധീകരണസ്ഥലത്ത് വെച്ചോ ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്.

❖ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾ രക്ഷിക്കപ്പെട്ടവരാണ്. അവർ ദൈവസ്നേഹത്തിൽ ആണ്ടിരിക്കുന്നു. സ്വർഗ്ഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരാണെങ്കിലും, സ്വർഗ്ഗത്തിന്റെ പൂർണ്ണമായ സന്തോഷം അനുഭവിക്കുന്നതിന് മുമ്പ് അവർക്ക് ഒരു ശുദ്ധീകരണം ആവശ്യമാണ്.

**ശുദ്ധീകരണത്തിന്റെ ആവശ്യം**

ശുദ്ധീകരണം ആവശ്യമായി വരുന്നത് താഴെ പറയുന്ന കാരണങ്ങളാലാണ്:

1. **പാപത്തിന്റെ ഇരട്ട ഫലം:** ഗൗരവമായ പാപം ക്ഷമിക്കപ്പെട്ടാലും, എല്ലാ പാപങ്ങൾക്കും താൽക്കാലികമായ ശിക്ഷയുടെ കടം അവശേഷിക്കുന്നു. ഈ കടം ഈ ജീവിതത്തിൽ തന്നെ പശ്ചാത്താപത്തിലൂടെയും പ്രായശ്ചിത്തത്തിലൂടെയും വീട്ടാതിരുന്നാൽ, മരണശേഷം അത് വീട്ടേണ്ടിവരും.
2. **വിശുദ്ധി:** ''അശുദ്ധമായതൊന്നും'' സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. ദൈവത്തിന്റെ അടുപ്പത്തിലും സൗഹൃദത്തിലും പ്രവേശിക്കുന്നതിന് മുമ്പ് വ്യക്തിപരമായ പാപത്തിന്റെ എല്ലാ അനന്തരഫലങ്ങളിൽ നിന്നും ശുദ്ധീകരിക്കപ്പെടണം.
3. **ബൈബിളിലെ സൂചന:** വി. പൗലോസ് ശ്ലീഹാ പറയുന്നു: ''ക്രിസ്തുവാകുന്ന അടിസ്ഥാനത്തിൽ പണിയുന്നവർക്ക്, ആരുടെ പണി അഗ്നിക്കിരയാകുന്നുവോ അവൻ നഷ്ടം സഹിക്കേണ്ടിവരും; എങ്കിലും അഗ്നിയിലൂടെയെന്നവണ്ണം അവൻ രക്ഷപ്രാപിക്കും'' (1 കോറിന്തോസ് 3:15).
4. **മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന/പരിഹാരം:** ''മരിച്ചവർ പാപങ്ങളിൽ നിന്ന് വിമുക്തരാകാൻ വേണ്ടി പ്രായശ്ചിത്തം ചെയ്യുന്നത് പരിശുദ്ധവും ഉചിതവുമായ കാര്യമാണ്'' (2 മക്ക. 12:46).
4. **മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന:** സഭയുടെ പാരമ്പര്യം മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, ശുദ്ധീകരണസ്ഥലം

എന്ന വിശ്വാസത്തിൽ നിന്ന് ഉടലെടുത്തതും, സഭയുടെ ആദ്യ കാലം മുതൽക്കേ നിലനിൽക്കുന്നതുമായ ഒരു ആചാരമാണ്.

**വിശുദ്ധരുടെ കൂട്ടായ്മ (Communion of Saints)**

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ അടിസ്ഥാനം വിശുദ്ധരുടെ കൂട്ടായ്മ എന്ന വിശ്വാസമാണ്. ഈ കൂട്ടായ്മയിൽ മൂന്ന് ഘടകങ്ങൾ ഉൾപ്പെടുന്നു:

1. സഞ്ചാരികളായ സഭ (Church Militant): ഭൂമിയിൽ ജീവിക്കുന്ന നമ്മൾ.
2. വിജയിച്ച സഭ (Church Triumphant): സ്വർഗ്ഗത്തിൽ മഹത്വത്തിൽ ആയിരിക്കുന്ന വിശുദ്ധർ.
3. ശുദ്ധീകരിക്കപ്പെടുന്ന സഭ (Church Suffering): ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾ.

ഈ മൂന്ന് വിഭാഗങ്ങളും ക്രിസ്തുവിന്റെ മൗതിക ശരീരത്തിൽ ഒന്നായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ, ഭൂമിയിലുള്ളവർക്ക് ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളെ സഹായിക്കാൻ സാധിക്കും.

**ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളെ എങ്ങനെ സഹായിക്കാം? (Suffrages)**

മരിച്ചവർക്കുവേണ്ടിയുള്ള സഹായങ്ങളെ സഫ്രേജുകൾ (Suffrages) എന്ന് വിളിക്കുന്നു. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്ക് തങ്ങൾക്കുവേണ്ടി സ്വയം പ്രായശ്ചിത്തം ചെയ്യാനോ പുണ്യം നേടാനോ സാധിക്കാത്തതിനാൽ, സഭയുടെ കൂട്ടായ്മയിൽ ഉൾപ്പെടുന്ന നമ്മൾ, അവർക്ക് വേണ്ടി ചെയ്യുന്ന ഈ സഹായങ്ങളെയാണ് സഫ്രേജുകൾ എന്ന് വിളിക്കുന്നത്. പ്രധാനപ്പെട്ട സഫ്രേജുകൾ താഴെ പറയുന്നവയാണ്:

- ❖ **വിശുദ്ധ കുർബാന:** ഏറ്റവും പ്രധാനപ്പെട്ട സഹായം വിശുദ്ധ കുർബാനയുടെ ബലിയാണ്. ഇത് ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ സഭയിലെ എല്ലാ അംഗങ്ങൾക്കുവേണ്ടിയും അർപ്പിക്കപ്പെടുന്ന ക്രിസ്തുവിന്റെ പെസഹാ ബലിയാണ്.
- ❖ **പ്രാർത്ഥന:** മരിച്ചവർക്കുവേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥനകൾ വലിയ മൂല്യമുള്ളവയാണ്. ഇത് കാരുണ്യത്തിന്റെ യഥാർത്ഥ പ്രവൃത്തിയാണ്.
- ❖ **ദാനധർമ്മം, ദയയുടെ പ്രവൃത്തികൾ:** മരിച്ചവർക്കുവേണ്ടിയുള്ള ദാനധർമ്മങ്ങൾ, ദയയുടെ പ്രവൃത്തികൾ, പശ്ചാത്താപ പ്രവൃത്തികൾ എന്നിവയും സഹായകമാണ്.

❖ **ദണ്ഡവിമോചനങ്ങൾ (Indulgences):** പാപങ്ങൾക്ക് ലഭിക്കേണ്ട താൽക്കാലിക ശിക്ഷയിൽ നിന്ന് മോചനം നേടുന്നതിനായി, മരിച്ച വിശ്വാസികൾക്കുവേണ്ടി ദണ്ഡവിമോചനങ്ങൾ നേടാവുന്നതാണ്.

വിശുദ്ധ തോമസ് അക്വിനാസ് പഠിപ്പിച്ചത്, ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്ക് തങ്ങൾക്കുവേണ്ടി സൽപ്രവർത്തികൾ ചെയ്യാൻ കഴിയില്ലെങ്കിലും, സ്നേഹബന്ധത്തിൽ ഒന്നായിരിക്കുന്ന ജീവിച്ചിരിക്കുന്നവർക്ക് അവർക്കുവേണ്ടി പ്രാർത്ഥനകളും പരിഹാരപ്രവൃത്തികളും ചെയ്യാൻ സാധിക്കും എന്നാണ്.

**5. സ്വർഗ്ഗം (Heaven)**

ശുദ്ധീകരണസ്ഥലത്തെ ശുദ്ധീകരണം പൂർത്തിയാക്കിയവർ, അല്ലെങ്കിൽ ഈ ലോകത്തിൽ വെച്ച് പൂർണ്ണ വിശുദ്ധി പ്രാപിച്ചവർ പ്രവേശിക്കുന്ന അവസ്ഥയാണ് സ്വർഗ്ഗം.

❖ സ്വർഗ്ഗം എന്നത് ദൈവത്തോടുകൂടിയുള്ള നിത്യമായ ജീവിതമാണ്.

❖ ഇത് ദൈവത്തെ ''മുഖാമുഖം കാണുന്ന'' (Beatific Vision) അവസ്ഥയാണ്. ക്രിസ്തുവിന്റെ സൗഹൃദത്തിന്റെ പൂർത്തീകരണമാണിത്.

❖ സ്വർഗ്ഗം കേവലം ഒരു സ്ഥലമല്ല, മറിച്ച്, നാം സൃഷ്ടിക്കപ്പെട്ട ലക്ഷ്യമായ, ദൈവത്തിൽ മാത്രം കണ്ടെത്താൻ കഴിയുന്ന ജീവിതത്തിന്റെയും സന്തോഷത്തിന്റെയും പൂർണ്ണതയാണ്.

❖ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർക്ക് മഹത്വകരമായ ശരീരങ്ങളോടുകൂടി, ക്രിസ്തുവിന്റെയും മാലാഖമാരുടെയും കൂട്ടായ്മയിൽ, ദൈവത്തെ മുഖാമുഖം കണ്ട് നിത്യമായ സന്തോഷം അനുഭവിക്കാൻ സാധിക്കും.

**6. നരകം (Hell)**

സ്വർഗ്ഗം ഒരു അവസ്ഥയായിരിക്കുന്നതുപോലെ, നരകവും ഒരു അവസ്ഥയാണ്. എന്താണ് നരകം? ദൈവവുമായുള്ള കൂട്ടായ്മയിൽ നിന്ന് സ്വയം ഒഴിവാക്കപ്പെടുന്ന അവസ്ഥയാണ് നരകം.

❖ **സ്വാതന്ത്ര്യമായ തിരഞ്ഞെടുപ്പ്:** നരകം എന്നത് ദൈവം പുറത്തുനിന്ന് അടിച്ചേൽപ്പിക്കുന്ന പ്രതികാരമല്ല, മറിച്ച്, മനുഷ്യന്റെ സ്വാതന്ത്ര്യമായ തിരഞ്ഞെടുപ്പിൽ നിന്ന് ഉണ്ടാകുന്ന ഫലമാണ്.

❖ **നിത്യമായ വേർപാട്:** നരകത്തിലെ പ്രധാന ശിക്ഷ, മനുഷ്യൻ

സൃഷ്ടിക്കപ്പെട്ട ജീവിതവും സന്തോഷവും കണ്ടെത്തേണ്ട ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്.

- ❖ മരണകരമായ പാപാവസ്ഥയിൽ, പശ്ചാത്തപിക്കാതെയും ദൈവത്തിന്റെ കാരുണ്യമുള്ള സ്നേഹം സ്വീകരിക്കാതെയും മരിക്കുന്നവരുടെ ആത്മാക്കൾ നരകത്തിലേക്ക് പോകുന്നു. അവരുടെ സ്വാതന്ത്ര്യം നിത്യമായി തിരഞ്ഞെടുപ്പുകൾ നടത്താനുള്ള ശക്തിയുള്ളതുകൊണ്ട്, അവർക്ക് പിന്നീട് തിരിച്ചു പോക്കില്ല.

സഭ നരകത്തിന്റെ നിത്യതയെക്കുറിച്ച് പഠിപ്പിക്കുന്നു. എന്നാൽ, ഏതെങ്കിലും ഒരു വ്യക്തി നരകത്തിൽ പോയി എന്ന് നമുക്ക് വിധിക്കാൻ സാധ്യമല്ല. വ്യക്തികളെ വിധിക്കുന്നത് ദൈവത്തിന്റെ നീതിക്കും കാരുണ്യത്തിനും നാം വിട്ടുകൊടുക്കണം. ആത്മഹത്യ ചെയ്തവരുടെ കാര്യത്തിൽ പോലും, അവർക്ക് രക്ഷ ലഭിക്കാനുള്ള സാധ്യതയെക്കുറിച്ച് നാം നിരാശപ്പെടരുത്. അറിയപ്പെടുന്ന വഴികളിലൂടെ ദൈവം അവർക്ക് പശ്ചാത്താപത്തിനുള്ള അവസരം നൽകിയേക്കാം. അതിനാൽ, അങ്ങനെയുള്ളവർക്കുവേണ്ടിയും സഭ പ്രാർത്ഥിക്കുന്നു.

**7. നിത്യവിധി (General Judgment)**

തനതുവിധി കൂടാതെ, യുഗാന്ത്യത്തിൽ ക്രിസ്തുവിന്റെ മഹത്വത്തിൽ എല്ലാവരും തങ്ങളുടെ ശരീരങ്ങളോടുകൂടി അവിടുത്തെ ന്യായാസനത്തിന് മുമ്പാകെ ഹാജരായി തങ്ങളുടെ കർമ്മങ്ങൾക്ക് കണക്ക് ബോധിപ്പിക്കേണ്ടിവരും. ഇതിനെയാണ് നിത്യവിധി എന്ന് വിളിക്കുന്നത്.

- ❖ **ദൈവത്തിന്റെ നീതിയും കാരുണ്യവും:** ദൈവത്തിന്റെ വിധി നീതിയെയും കാരുണ്യത്തെയും അടിസ്ഥാനമാക്കിയുള്ളതാണ്. ദൈവത്തെ സ്നേഹിക്കുന്നതിലും, പ്രത്യേകിച്ച്, ക്രിസ്തു സന്നിഹിതനായിരിക്കുന്ന പാവപ്പെട്ടവരോടും ആവശ്യത്തിലായിരിക്കുന്നവരോടും നാം ചെയ്തതോ ചെയ്യാത്തതോ ആയ കാര്യങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും വിധി.
- ❖ വിധി എന്നത് ഭയപ്പെടേണ്ട ഒന്നല്ല, മറിച്ച്, ദൈവത്തിന്റെ സ്നേഹത്തിന്റെ അപ്രതിരോധ്യമായ ശക്തിയെ നമ്മളും ലോകത്തിലുള്ള സകല തിന്മയുടെമേലും നാം അനുഭവിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന നിമിഷമാണ്.

**ഉപസംഹാരം**

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, ശുദ്ധീകരണസ്ഥലത്ത് ശുദ്ധീകരിക്കപ്പെടുന്ന നമ്മുടെ സഹോദരങ്ങളെ സ്വർഗ്ഗീയ സന്തോഷത്തിലേക്ക് വേഗത്തിൽ പ്രവേശിക്കാൻ സഹായിക്കുന്ന കാരുണ്യത്തിന്റെ ഒരു പ്രവൃത്തിയാണ്.

ഈ പ്രാർത്ഥന, ഭൂമിയിലെ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ കാരുണ്യം സ്വീകരിക്കാനും, നമ്മുടെ പാപങ്ങൾ പരിഹരിക്കാനും, അതുവഴി നിത്യജീവന് അർഹരാകാനും നമ്മെ ഓർമ്മിപ്പിക്കുന്നു. നാം സ്നേഹിച്ചവരും മരണം വഴി കടന്നുപോയവരുമായ എല്ലാവരും ദൈവത്തിന്റെ കരങ്ങളിലാണെന്ന ഉറച്ച പ്രത്യാശ ഇത് നമുക്ക് നൽകുന്നു.

നവംബർ മാസത്തിൽ, വിശുദ്ധ കുർബാനയിലൂടെയും, പ്രാർത്ഥനയിലൂടെയും, ദാനധർമ്മങ്ങളിലൂടെയും, ദണ്ഡവിമോചനങ്ങളിലൂടെയും ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്ക് വേണ്ടി നമുക്ക് തീവ്രമായി മാധ്യസ്ഥം വഹിക്കാം. ഈ പ്രവൃത്തിയിലൂടെ, വിശുദ്ധരുടെ കൂട്ടായ്മയിലെ നമ്മുടെ ബന്ധം നാം ശക്തിപ്പെടുത്തുന്നു, ഒപ്പം, ക്രിസ്തുവിൽ ഒന്നായിരിക്കുന്നതിന്റെ അത്ഭുതകരമായ രഹസ്യത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

**SOURCES**

1. CCC 1020- 1050
2. Some Current Questions in Eschatology (1992) by International Theological Commission
3. Directory on Popular Piety and the Liturgy: Principles and guidelines (2001) by Congregation for Divine Worship and the Discipline of the Sacraments

**നവംബർ മാസത്തിൽ ചെയ്യേണ്ട കാര്യങ്ങൾ**

1. പൂർവ്വികരുടെ അനുസ്മരണം നടത്തുക.
2. നവംബർ മാസത്തിലെ പഠനവിഷയം കുടുംബകൂട്ടായ്മകളിൽ ചർച്ച ചെയ്യുക.

**കുടുംബ നവീകരണ വർഷ കമ്മിറ്റി**

**മതാധ്യാപകദിനം, നവംബർ 23**

സഭയുടെ വിശ്വാസപരിശീലനം സഭയോളം തന്നെ പഴക്കമുള്ള ശുശ്രൂഷ എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത് (CT). വിശ്വാസപരിശീലകർ വിശ്വാസസാക്ഷികളും ദൈവ ഓർമ്മയുടെ സൂക്ഷിപ്പുകാരുമാണ്. വിശ്വാസ രൂപവത്ക്കരണം വിശ്വാസ പരിശീലകരെ അവരുടെ വിശ്വാസപരിശീലന പ്രവർത്തികളുടെ ഒരു പുനർവിചിന്തനത്തിനും അവരുടെ മാനുഷിക, ക്രൈസ്തവ വളർച്ചക്കും സഹായിക്കുന്നു. സഭ എക്കാലവും വിശ്വാസപരിശീലകരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. വിശ്വാസത്തിൽ സഞ്ചരിക്കുന്ന പരിശീലകർ ദൈവവുമായുള്ള വ്യക്തിപരമായ ഐക്യം അന്വേഷിക്കുന്നതോടൊപ്പം എല്ലാ കാര്യങ്ങളിലും ദൈവത്തിൽ വിശ്വസിക്കുവാൻ അവർക്ക് സന്നദ്ധതയുണ്ടാകുകയും ചെയ്യുന്നു. ദൈവത്തിൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥം ജീവിതത്തിന് ഒരു അർത്ഥം ഉണ്ടെന്ന് തിരിച്ചറിയുക കൂടിയാണെന്ന് വി. ജോൺ ഹെൻട്രി ന്യൂമാൻ പറയുന്നു. വിശ്വാസ പരിശീലകർ വിശ്വാസം അറിഞ്ഞ് അതിൽ ആഴപ്പെട്ട് രൂപാന്തരപ്പെടുമ്പോൾ യഥാർത്ഥ ക്രൈസ്തവ സാക്ഷികളാകുന്നു. അങ്ങനെ അവർ ഈശോയുടെ പ്രവാചക ധർമ്മത്തിൽ പങ്കുകാരാകുന്നു (CCC785). സഭയുടെ വളർച്ചയുടെ പാതയിൽ കുടുംബങ്ങളുടെയും വ്യക്തികളുടെയും രൂപീകരണത്തിൽ പ്രവാചക ശബ്ദങ്ങളായി ലോകത്തിന്റെ പ്രകാശമായ യേശുവിനെ അനുകരിച്ച് പ്രശോഭിക്കുന്ന വിശ്വാസപരിശീലകരായ വൈദികർ, സമർപ്പിതർ, അൽമായ സഹോദരങ്ങൾ ഏവരെയും രൂപതാ മതബോധന കേന്ദ്രം അഭിനന്ദിക്കുന്നു, ആശംസകളർപ്പിക്കുന്നു. ദൈവം നിങ്ങളുടെ എല്ലാവരുടെയും മഹനീയ ശുശ്രൂഷകൾക്ക് തക്ക പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 2**

ഈ വർഷത്തെ ആദ്യസെമസ്റ്റർ പരീക്ഷ നവംബർ 2 ഞായ

റാഴ്ചയാണ്. എല്ലാ ഇടവകകളിലും നിശ്ചയിച്ചിരിക്കുന്ന സമയത്തു തന്നെ (11-1 മണി) പരീക്ഷ നടത്തുന്നതിനായി ബഹു. വികാരിയച്ചൻമാരും, ഹെഡ്മാസ്റ്റേഴ്സും ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഒക്ടോബർ 28, 31 തീയതികളിൽ രാവിലെ 10 മണി മുതൽ 4.30 വരെ രൂപതാ മതബോധന കേന്ദ്രം, മാനന്തവാടി സെന്റ് ജോസഫ് ബുക്ക് സ്റ്റാൾ, മണിമൂളി പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിൽ നിന്നും ചോദ്യപേപ്പർ ലഭിക്കും.

**രൂപതാ +2 പ്രതിഭാ സംഗമം 2025**

2025 നവംബർ 22, 23 (ശനി, ഞായർ) ദിവസങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ചാണ് രൂപതാ പ്രതിഭാ സംഗമം നടക്കുന്നത്. XII -ാം ക്ലാസിന്റെ പ്രതിഭാസംഗമം മേഖലയിൽ നടത്തി അവിടെ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 4 കുട്ടികളുടെ (2 ആൺ, 2 പെൺ) പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ നവംബർ 15 നുള്ളിൽ രൂപതാ മതബോധന ഓഫീസിൽ അറിയിക്കേണ്ടതാണ്. 2025 ഡിസംബർ 26, 27, 28, തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചാണ് സംസ്ഥാന പ്രതിഭാ സംഗമം നടക്കുന്നത്. രൂപതാ പ്രതിഭാ സംഗമത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 4 കുട്ടികളെ (2 ആൺ, 2 പെൺ) ആണ് സംസ്ഥാന പ്രതിഭാ സംഗമത്തിലേക്ക് അയക്കുക.

**Mission Quest (Mission Quiz)**

സീറോ മലബാർ മിഷൻ ഓഫീസും, മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തുന്ന ഈ വർഷത്തെ മിഷൻ ക്വിസ്സ് 2025 നവംബർ 8 ശനിയാഴ്ച്ച നടത്തപ്പെടുന്നു. ഓൺലൈൻ ക്വിസ് ആണ്. താല്പര്യമുള്ളവർ ലിങ്ക് വഴി ജോയിൻ ചെയ്ത് ക്വിസിൽ പങ്കെടുക്കാവുന്നതാണ്. ഉയർന്ന മാർക്ക് നേടുന്നവർക്ക് രൂപതാ തലത്തിലും സംസ്ഥാനതലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കും. വിശദവിവരങ്ങൾ അടങ്ങിയ ലിങ്ക് ഇതിനോടൊപ്പം ചേർക്കുന്നു.

https://www.syromalabarmission.com/inner?ptype=Qjc0WFFtcWdSamRyR08yRlNUQ2xoZz09&pgid=ZVluaFF4QkpqQitPeXEzUUZmbEFRUT09

**H M Conference**

നമ്മുടെ അടുത്ത H M കോൺഫറൻസ് ഡിസംബർ 13 ന് രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രധാനാധ്യാപകർ അന്നേ ദിവസം വരുമ്പോൾ കുട്ടികളുടെ ഈ വർഷത്തെ ചോദ്യ പേപ്പറിന്റെ തുക കൊണ്ടുവരേണ്ടതാണ്. ചോദ്യപേപ്പറിന്റെ തുക ഓരോ ഇടവകകളിലും അറിയിക്കുന്നതാണ്.

**ഡിപ്ലോമ രജിസ്ട്രേഷൻ**

ഈ വർഷത്തെ ഡിപ്ലോമ രജിസ്ട്രേഷൻ ഒക്ടോബർ 26 ന് ആരംഭിക്കുന്നതാണ്. നവംബർ 30 ന് രജിസ്ട്രേഷൻ പൂർത്തിയാക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. കുട്ടികളുടെ വിവരങ്ങൾ കൃത്യമായി പൂരിപ്പിച്ച് ഫോട്ടോയും അപ്‌ലോഡ് ചെയ്യേണ്ടതാണ്. വിവരങ്ങൾ പൂർണമായി ഇംഗ്ലീഷിൽ തന്നെ പൂരിപ്പിക്കാൻ ശ്രദ്ധിക്കുക.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

''ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ'' എന്ന ഭാഗ്യ സ്മണാർഹനായ പതിമൂന്നാം ലെയോ മാർപ്പാപ്പയുടെ പ്രവചനം ആദർശവാക്യമായി സ്വീകരിച്ച്, കൂട്ടായ്മയുടെയും, സാഹോദര്യ ത്തിന്റെയും കരങ്ങൾ ചേർത്ത് വളർന്ന് പന്തലിച്ച ചെറുപുഷ്പ മിഷൻലീഗ് എന്ന നമ്മുടെ പ്രിയസംഘടന ഇന്ന് ആഗോള സഭ യുടെ അഭിമാനമായി വളർന്നിരിക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. മാനന്തവാടി രൂപതയിലെ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തന ങ്ങൾ എന്നും സഭാതലങ്ങളിൽ ശ്രദ്ധിക്കപ്പെടുന്നതിന്റെ പ്രധാന കാരണം ചെറുപുഷ്പ മിഷൻലീഗിനെ നെഞ്ചോട് ചേർത്ത്, കർമ്മ നിരതരായി ശാഖ, മേഖല, രൂപത തലങ്ങളിൽ പ്രവർത്തിക്കുന്ന ഓരോ മിഷൻലീഗ് അംഗത്തിന്റെയും പ്രേഷിത തീക്ഷ്ണതയാണ്. നമ്മിൽ അന്തർലീനമായിരിക്കുന്ന ചെമ്മഞ്ഞകൊടിയുടെ ഈ ആവേശം എന്നും കാത്തുസൂക്ഷിക്കുവാനും മറ്റുള്ളവരിലേക്ക് പകർന്നു നൽകുവാനും ഈ മിഷൻമാസത്തെ പ്രവർത്തനങ്ങളി ലൂടെയും വിവിധ മൽസരങ്ങളിലൂടെയും എല്ലാവർക്കും സാധിച്ചു എന്നത് സന്തോഷകരമാണ്.

ഒക്ടോബർ പതിനൊന്നാം തീയതി നടവയലിൽ വച്ച് നടന്ന രൂപതാ ബൈബിൾ കലോൽസവം കൂട്ടായ്മയുടെയും, പ്രോൽസാഹ നത്തിന്റെയും, പങ്കുവെയ്ക്കലിന്റെയും വേദിയാക്കി പാടിയും, പ്രസം ഗിച്ചും, എഴുതിയുമൊക്കെ ക്രിസ്തുവിന്റെ സന്ദേശവാഹകരായി ക്രിസ്തു ചൈതന്യം നെഞ്ചിലേറ്റി പ്രേക്ഷിത തീക്ഷ്ണതയോടെ മിഷൻമാസം ആഘോഷിക്കുവാനും മിഷൻ സന്ദേശം കൈമാറു വാനും നമുക്ക് സാധിച്ചു. രൂപതാ ബൈബിൾ കലോൽസവത്തി നായി നടത്തിയ പരിശ്രമങ്ങളെയും ഒരുക്കങ്ങളെയും പ്രത്യേകിച്ച് നടവയൽ ശാഖാ ഭാരവാഹികൾ, മതാധ്യാപകർ, നടവയൽ മേഖലാ ഭാരവാഹികൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. മൽസര ങ്ങളുടെ വിജയത്തിനായി പ്രയത്നിച്ച മേഖലാ ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ്, മേഖലാ ഭാരവാഹികൾ, ശാഖാ ഭാരവാഹികൾ എന്നിവരെയും മൽസരക്രമീകരണം ഭംഗിയായി ചെയ്ത രൂപതാ എക്സിക്യൂട്ടീവ്, രൂപതാ ടീം അംഗങ്ങൾ, മതാധ്യാപകർ, മാതാപി

താക്കൾ, മൽസരാർത്ഥികൾ എന്നിവരെ നന്ദിപൂർവ്വം ഓർക്കുന്നു. രൂപതാ ബൈബിൾ കലോൽസവ വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു. തുടർന്നും നമ്മുടെ മനസ്സും പ്രാർത്ഥനയും നവംബർ 8 ലെ സംസ്ഥാനമൽസരത്തിനും കൂട്ടായ്മയ്ക്കും വേണ്ടിയാകട്ടെ.

നവംബർ മാസത്തിലേക്ക് പ്രവേശിക്കുമ്പോൾ സകല മരിച്ചവരെ ഓർക്കുവാനും അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും നമുക്ക് സാധിക്കട്ടെ. മിഷൻലീഗ് അംഗങ്ങളായ നമുക്ക് പൂർവ്വികർക്കുവേണ്ടി ബലിയർപ്പിച്ചും അവരുടെ കബറിടങ്ങൾ സന്ദർശിച്ചും അവരോടുള്ള നമ്മുടെ കടപ്പാടും സ്നേഹവും പ്രകടമാക്കാം. നവംബർ 23 ക്രിസ്തുരാജന്റെ തിരുനാൾ ദിനത്തിൽ ക്രിസ്തുരാജ്യത്തിന്റെ പ്രഘോഷകരായി ക്രിസ്തുവിനെ നാഥനും രക്ഷകനുമായി ഏറ്റുപറഞ്ഞ് നമുക്ക് മുന്നേറാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. സന്തോഷ് ഒറവാറന്തറ**

**മിഷൻമാസ ഉദ്ഘാടനം**

നടവയൽ മേജർ ആർക്കി എപ്പിസ്കോപ്പൽ ദേവാലയത്തിൽ വച്ച് രൂപതാ തല മിഷൻമാസ ഉദ്ഘാടനം നടത്തപ്പെട്ടു. ചെറുപുഷ്പ മിഷൻലീഗ് രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ തിരിതെളിച്ച് മിഷൻമാസ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ഓരോ മേഖലയിലും, ശാഖകളിലും മിഷൻമാസവും മിഷൻ വാരാചരണവും നടത്തി.

**വി. കൊച്ചുത്രേസ്യായുടെ തിരുനാൾ**

ഒക്ടോബർ ഒന്നാം തീയതി വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു.

**സി.എം.എൽ സ്ഥാപന ദിനം**

ഒക്ടോബർ 3 ന് ചെറുപുഷ്പ മിഷൻലീഗ്, സ്ഥാപിതമായിട്ട് 79 വർഷങ്ങൾ പൂർത്തിയാകുമ്പോൾ സംഘടനയിലൂടെ, ദൈവം തിരുസഭക്ക് നൽകിയ നന്മകൾക്ക് നന്ദിപറയുകയും 80-ാം ജന്മദിനത്തിൽ പ്രേഷിത ചൈതന്യത്തിൽ വീണ്ടും ആഴപ്പെടുവാനുള്ള കൃപ യാചിക്കുകയും ചെയ്യാം. സംഘടനാദിനമായ ഒക്ടോബർ 3 ന് പോസ്റ്റർ തയ്യാറാക്കി ഷെയർ ചെയ്തു.

**രൂപത കലാ സാഹിത്യ മൽസരം**

രൂപത സാഹിത്യ മൽസരങ്ങളിൽ ഏറ്റവും കൂടുതൽ പോയന്റ് നേടിയ മേഖലകൾ. നടവയൽ ഒന്നാം സ്ഥാനം, മണിമൂളി രണ്ടാം സ്ഥാനം, പയ്യമ്പള്ളി മൂന്നാം സ്ഥാനം. രൂപതാ കലാമൽസരങ്ങളിൽ

കൂടുതൽ പോയന്റ് നേടിയ മേഖലകൾ, ഒന്നാം സ്ഥാനം മണിമൂളി, രണ്ടാം സ്ഥാനം ചുങ്കക്കുന്ന്, മൂന്നാം സ്ഥാനം നടവയൽ. വിജയികളായ മേഖലകൾക്ക് അഭിനന്ദനങ്ങൾ.

**ബൈബിൾ കലോൽസവം - 2025**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ ബൈബിൾ കലോൽസവം ഒക്ടോബർ 11 ന് നടവയൽ മേജർ ആർക്കി എപ്പിസ്കോപ്പൽ കാർലോ നഗർ (സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ) വച്ച് നടത്തപ്പെട്ടു. ദേവാലയത്തിൽ നിന്നും തിരി തെളിച്ച് ദീപശിഖ പ്രയാണത്തോടെ മൽസരങ്ങൾ ആരംഭിച്ചു. രൂപതാ പ്രസിഡണ്ട് ടോണി ചെമ്പോട്ടിക്കൽ പതാക ഉയർത്തി. തുടർന്ന് നടന്ന ഉദ്ഘാടന ചടങ്ങിന് രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ സ്വാഗതം ആശംസിച്ചു. രൂപതാ മതബോധന ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ കലോൽസവം ഉദ്ഘാടനം ചെയ്തു. രൂപതാ വൈസ് പ്രസിഡണ്ട് അജീറ്റ കന്നുകെട്ടിയിൽ സമ്മേളനത്തിന് അദ്ധ്യക്ഷം വഹിച്ചു. 11 വേദികളിലായി മൽസരങ്ങൾ ആരംഭിച്ചു. 13 മേഖലകളിൽ നിന്നായി 780 മൽസരാർത്ഥികൾ കലോൽസവത്തിൽ പങ്കെടുത്തു.

**മേഖലാതല ഓവറോൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കലോൽസവത്തിൽ മേഖലാതല ഓവറോൾ മണിമൂളി, നടവയൽ, ചുങ്കക്കുന്ന് എന്നി മേഖലകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളും, ശാഖാ തല ഓവറോൾ പാലാങ്കര, ചുങ്കക്കുന്ന്, കല്ലോടി എന്നീ ശാഖകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളും കരസ്ഥമാക്കി. മാനന്തവാടി രൂപത വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും വിജയികളായവർക്ക് ട്രോഫികളും, സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുകയും ചെയ്തു. രൂപതാ പ്രസിഡണ്ട് ടോണി ചെമ്പോട്ടിക്കൽ അദ്ധ്യക്ഷത വഹിക്കുകയും ജനറൽ കൺവീനർ ജോർജ്ജ് തെക്കേതൊട്ടിയിൽ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു.

**മിഷൻ വാരാചരണം**

മിഷൻ ഞായറിനോടനുബന്ധിച്ച് മേഖലകളിലും, ശാഖകളിലും മിഷൻ വാരാചരണം നടത്തുകയും രൂപതാ തലത്തിൽ ഓരോ ദിവസവും പോസ്റ്റർ ഷെയർ ചെയ്യുകയും ചെയ്തു.

**പാഥേയം**

വിശുദ്ധ കുർബാന പഠനം ലക്ഷ്യമാക്കി, പാഥേയം എന്ന പേരിൽ വീഡിയോ തയ്യാറാക്കി ഷെയർ ചെയ്തു.

**സംസ്ഥാന കലാമൽസരം**

സംസ്ഥാനതല കലാമൽസരം നവംബർ 8 ന് കോട്ടയം രൂപതയിൽ കിടങ്ങൂരിൽ വച്ച് നടക്കും. രൂപതാ കലാമൽസരത്തിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ ലഭിച്ചവർ സംസ്ഥാന കലാമൽസരത്തിൽ പങ്കെടുക്കേണ്ടതാണ്.

**വി. കൊച്ചുത്രേസ്യായുടെ രൂപാലങ്കാര മൽസരം**

വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് ശാഖയിൽ രൂപം അലങ്കരിക്കൽ മൽസരം നടത്തി. മൽസരത്തിൽ 100 ഓളം ശാഖകൾ പങ്കെടുത്തു. സമ്മാനാർഹരായ ശാഖകൾ. ഒന്നാം സ്ഥാനം ബത്തേരി, രണ്ടാം സ്ഥാനം തെനേരി, മൂന്നാം സ്ഥാനം കല്ലോടി. പ്രോൽസാഹന സമ്മാനാർഹരായ ശാഖകൾ - അമരക്കുനി, മീനങ്ങാടി, അമ്പായത്തോട്, കോട്ടത്തറ, കൊട്ടിയൂർ, വിമലഗിരി, ശാന്തിഗിരി, കബനിഗിരി, വടക്കനാട്, കുന്നൂർ. രൂപാലങ്കാര മൽസരത്തിൽ പങ്കെടുത്ത എല്ലാ ശാഖകൾക്കും അഭിനന്ദനങ്ങൾ.

**ഓർമ്മിക്കാൻ**

നവംബർ ഒന്നാം തീയതി സകല വിശുദ്ധരുടെയും തിരുനാൾ. രണ്ടാം തീയതി സകല മരിച്ചവരുടെയും തിരുനാൾ. മൂന്നാം തീയതി സംസ്ഥാന മിഷൻ വാരാചരണത്തിന്റെ റിപ്പോർട്ടുകൾ രൂപതയിൽ എത്തിക്കുക. നാലാം തീയതി, വിശുദ്ധ ചാൾസ് ബൊറോമിയോയുടെ തിരുനാൾ. മതാധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കുക. എട്ടാം തീയതി സംസ്ഥാന കലാമൽസരം. ഇരുപതാം തീയതി മിഷൻമാസ റിപ്പോർട്ട് രൂപതയിൽ എത്തിക്കുക. ഇരുപത്തി മൂന്നാം തീയതി ക്രിസ്തുരാജന്റെ തിരുനാൾ.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

മേഖലയുടെ നേതൃത്വത്തിൽ വിവിധ ശാഖകളിൽ ഓണക്കിറ്റ് വിതരണം നടത്തി. കുടുംബ നവീകരണ വർഷത്തിൽ കുടുംബ സമേതം ഓണപ്പാട്ട് മൽസരം സംഘടിപ്പിച്ചു. ശാഖാ ഡയറക്ടർമാർക്ക് ഡയറക്ടേഴ്സ് ദിനാശംസകൾ നേർന്നു. മേഖലാ ബൈബിൾ കലോൽസവത്തിന് മുന്നോടിയായി മേഖലാ മാനേജിംഗ് കമ്മറ്റി ചേർന്നു.

**ശാഖാ വാർത്തകൾ**

**ഇരുളം**

പത്ത് കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തു. എഫ്. സി. സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ 6, 7 തീയതികളിൽ

ക്രിസ്റ്റീൻ ധ്യാനം നടത്തി. വി. കുർബാനയെക്കുറിച്ച് കുട്ടികൾക്ക് ക്ലാസ്സെടുത്തു. ഓണത്തിന് കുട്ടികൾക്ക് വിവിധ മൽസരങ്ങൾ നടത്തി.

**പുതിയിടംകുന്ന്**

പരിശുദ്ധ അമ്മയുടെ തിരുനാളിനോടനുബന്ധിച്ച് കുട്ടികൾക്ക് പ്രച്ഛന്നവേഷ മൽസരം നടത്തി. വി. മദർതരേസായുടെ തിരുനാളിലും, വി. കാർലോസ് അക്യുറ്റിസിന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തിലും വിശുദ്ധരെ പരിചയപ്പെടുത്തി. മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷ കർമ്മത്തിൽ പങ്കെടുത്തു. ദേവാലയത്തിൽ പുഷ്പാർച്ചന നടത്തി.

**നടവയൽ**

മിഷൻമാസ ഉദ്ഘാടനം രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ പതാക ഉയർത്തി നിർവഹിച്ചു. അധ്യാപക ദിനത്തിൽ മതാധ്യാപകരെയും, സ്ക്കൂളിൽ പഠിപ്പിക്കുന്ന അഞ്ച് അധ്യാപകരെയും ഭവനത്തിൽ ചെന്ന് ആദരിച്ചു. കാർലോ അക്യുറ്റീസ് വിശുദ്ധ പദവി പ്രഖ്യാപനത്തോടനുബന്ധിച്ച് വിശുദ്ധന്റെ ജീവിതത്തെക്കുറിച്ച് പഠനം നടത്തി. വി. കാർലോയുടെ വാക്കുകൾ ചേർത്ത് പോസ്റ്റർ നിർമ്മാണം ഓരോ ദിവസവും നടത്തി. ഒക്ടോബർ 11 ന് നടവയൽ കാർലോ നഗറിൽ വച്ച് നടന്ന രൂപതാ കലാ മൽസരങ്ങളോടനുബന്ധിച്ച് ശാഖ, മേഖല, രൂപത ഭാരവാഹികളുടെ സംയുക്ത എക്സിക്യൂട്ടീവ് നടവയൽ പള്ളിയിൽ വച്ച് നടന്നു.

**കൊട്ടിയൂർ**

പ്രായമായ മാതാപിതാക്കൾ തനിച്ച് താമസിക്കുന്ന വീടും പരിസരവും മിഷൻലീഗ് അംഗങ്ങൾ വൃത്തിയാക്കി. രോഗീസന്ദർശനം നടത്തുകയും അവർക്ക് സഹായം നൽകുകയും ചെയ്തു. ആറ് കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകി. അൾത്താര ബാലികാ ബാലൻമാർക്ക് വി. കുർബാന പ്രത്യാശയുടെ കൂദാശ എന്ന വിഷയത്തെക്കുറിച്ച് ബോബിയച്ചൻ ക്ലാസ് നൽകി. വി. കാർലോ അക്യുറ്റീസിന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തോടനുബന്ധിച്ച് കുട്ടികൾക്കായി ആരാധന നടത്തി.

**പടമല**

പയ്യമ്പള്ളി മേഖലയിൽ മിഷൻലീഗ് കലാസാഹിത്യ മൽസരത്തിൽ പടമല ശാഖ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ക്വിസ് മൽസര വിജയികൾക്ക് സമ്മാനങ്ങൾ നൽകി. പ്രോൽസാഹനമായി കുട്ടികൾക്ക് സ്നേഹവിരുന്ന് നൽകി. മിഷൻമാസാചരണത്തിന്റെ ഭാഗ

മായി കൊച്ചുത്രേസ്യായുടെ രൂപം അലങ്കരിച്ചു. ഒക്ടോബർ മാസ മാർഗ്ഗരേഖ ബഹു. ജിമ്മി ഓലിക്കൽ അച്ചൻ പ്രകാശനം ചെയ്തു.

**പാതിരിപ്പാടം**

ഡയറക്ടേഴ്സ് ഡെ ആഘോഷിച്ചു. ബൈബിൾ കലോൽസവത്തിൽ പങ്കെടുത്തു.

**മാർട്ടിൻനഗർ**

മിഷൻലീഗ് സീനിയേഴ്സ് അംഗങ്ങൾ സമാഹരിച്ച തുകകൊണ്ട് നിർദ്ധനരായ ഇരുപത് കുടുംബങ്ങൾക്ക് ഓണക്കിറ്റുകൾ നൽകി. മാതാവിന്റെ ജനനത്തിരുനാൾ ആഘോഷം മോറിയ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തി. മിഷൻമാസാചരണത്തിന്റെ ഭാഗമായി നോട്ടീസ് തയ്യാറാക്കി വീടുകളിൽ എത്തിച്ചു. സീനിയേഴ്സ് അംഗങ്ങൾ മിഷൻ കൂടാരം ഒരുക്കി. മിഷൻമാസ ഉദ്ഘാടനം നടത്തി.

**കബനിഗിരി**

അധ്യാപക ദിനത്തോടനുബന്ധിച്ച് അധ്യാപകരെ ആദരിച്ചു. ഇടവക സംഗമം നടത്തി. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിൽ കുരിശിന്റെ മഹത്വത്തെക്കുറിച്ച് ബഹു. ജോണി കല്ലുപുര അച്ചൻ ക്ലാസെടുത്തു. മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നിര്യാണത്തിൽ അനുശോചിച്ച് ഫോട്ടോയുടെ മുൻപിൽ പുഷ്പാർച്ചന നടത്തി.

**കല്ലോടി**

മിഷൻമാസ നോട്ടീസ് തയ്യാറാക്കി. മേഖലാ കലാസാഹിത്യ മൽസരത്തിൽ ഓവറോൾ കരസ്ഥമാക്കി. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് തിരിതെളിച്ചുകൊണ്ട് മിഷൻമാസം ഉദ്ഘാടനം ചെയ്തു. മിഷൻപതാക പ്രയാണം നടത്തി. മുദ്രാവാക്യ വിളി മൽസരം നടത്തി.

**ശിശുമല**

അധ്യാപക ദിനത്തിൽ ശാഖയിലെ അധ്യാപകരെ ആദരിച്ചു. പരി. കന്യാമറിയത്തിന്റെ ജനനതിരുന്നാളിനോടനുബന്ധിച്ച് മേരി നാമധാരികളെ ആദരിച്ചു. മാർ തൂങ്കുഴി പിതാവിന്റെ അനുസ്മരണയോഗവും, പുഷ്പാർച്ചനയും നടത്തി. മിഷൻമാസ ആരംഭത്തോടനുബന്ധിച്ച് വിളംമ്പര ജാഥ നടത്തി.

**ചുള്ളിയോട്**

ഡയറക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് രൂപത, ശാഖ ഡയറക്ടേഴ്സിനെ ആദരിക്കുകയും ബുക്ക് നൽകുകയും ചെയ്തു. മാതാവിന്റെ ജനനതിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്ക് മാതാവിന്റെ സ്തോത്രഗീതം മൽസരം നടത്തി.

**വാഴവറ്റ**

മദർ തെരേസായുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. അധ്യാപകരെ ആദരിക്കുകയും അവർക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു. വിശുദ്ധരെ പരിചയപ്പെടുത്തി. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ബൈബിൾ ക്വിസ് നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. രോഗീ സന്ദർശനം നടത്തി.

**ബോസ്പാറ**

വിശുദ്ധ കുർബാന പ്രത്യാശയുടെ കൂദാശ എന്ന വിഷയത്തെ ആസ്പദമാക്കി വിശുദ്ധ കുർബാന പഠന സെമിനാർ നടത്തി. ശ്രീമതി ജിൽജു കൂട്ടുങ്കൽ സെമിനാർ നയിച്ചു. വി. കൊച്ചുത്രേസ്യായുടെ തിരുനാളിനൊരുക്കമായി ഒരാഴ്ച നീണ്ടുനിന്ന കൊച്ചുത്രേസ്യാ വാരാചരണം നടത്തി. മുഖ്യദൂതൻമാരുടെ തിരുനാളിനോടനുബന്ധിച്ച് വഴിവിളക്കുകൾ എന്ന പേരിൽ പ്രോഗ്രാം സംഘടിപ്പിച്ചു. നീലഗിരി മേഖലയിലെ എല്ലാ ശാഖകൾക്കും വേണ്ടി ബോസ്പാറ ശാഖയിൽ പ്രാർത്ഥനാദിനം നടത്തി.

**ഏലപ്പീടിക**

മാതാവിന്റെ ജനനതിരുനാളിന് ഒരുക്കമായി മാതാവിന്റെ രൂപം അലങ്കരിച്ചു. കാഴ്ചവെയ്പ്പു നടത്തി. എട്ടു ദിവസവും പള്ളിയിൽ വന്നവർക്ക് സമ്മാനങ്ങൾ നൽകി. അമ്മമാരുടെ ഇടയിൽ നിന്ന് ലക്കി മേരിയെ നറുക്കിട്ട് തിരഞ്ഞെടുത്തു. ലോഗോസ് ക്വിസിന് കുട്ടികളെ ഒരുക്കി. ആരാധന നടത്തി. ഒരു ദിവസം പ്രാർത്ഥനാദിനമായി ആചരിച്ചു.

**ശാന്തിഗിരി**

ഓണക്കിറ്റ് വിതരണം നടത്തി. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. അഗതിമന്ദിരം സന്ദർശിച്ചു. രൂപതാ ഡയറക്ടർ സന്തോഷച്ചന് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

പ്രിയമുള്ളവരെ, ഒക്ടോബർ മാസ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നതിൽ സന്തോഷം. ഏറെ സ്നേഹത്തോടെ, ത്യാഗത്തോടെ, കൂട്ടായ പ്രവർത്തനങ്ങളിലൂടെ ശാഖാ, മേഖലാ ഡയറക്ടേഴ്സിനോട് ചേർന്ന് പ്രവർത്തിച്ച നിങ്ങളെ എല്ലാവരെയും നന്ദിയോടെ ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. നവംബർ മാസം പ്രിയപ്പെട്ട മരിച്ച വിശ്വാസികളെ കൂടുതലായി ഓർക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള മാസമായതിനാൽ പ്രാർത്ഥനയിലും പ്രവർത്തനങ്ങളിലും മുന്നേറാം.

**ജോൺ പുല്ലാപ്പിള്ളിൽ**
രൂപതാ സെക്രട്ടറി

## തിരുബാലസഖ്യം

ഈശോയിൽ സ്നേഹം നിറഞ്ഞവരെ, ലാളിത്യവും കാരുണ്യവും സൃഷ്ടികളോടുള്ള സ്നേഹവും ഉൾക്കൊണ്ട് രണ്ടാം ക്രിസ്തുവെന്നെറിയപ്പെടുന്ന വിശുദ്ധ ഫ്രാൻസീസ് അസീസിയുടെ തിരുനാളും, തന്റെ ദൈവവിളി സ്നേഹമാണെന്ന് കണ്ടെത്തിയ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളും, സ്നേഹിതർ തമ്മിലുള്ള അടുത്ത ആഴമായ പങ്കുവെയ്ക്കൽ ആണ് പ്രാർത്ഥന എന്നു പറഞ്ഞ വിശുദ്ധ അമ്മത്രേസ്യായുടെയും, നിത്യവും സംരക്ഷണമേകുന്ന കാവൽമാലാഖമാരുടെ തിരുനാളും ആഘോഷിച്ച ഒക്ടോബർ മാസത്തിൽ ശാഖാതലത്തിൽ നൽകിയ പ്രവർത്തനങ്ങൾ, മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തൽ, ഫാൻസി ഡ്രസ്സ് മൽസരം, വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങൾ കഥാരൂപത്തിൽ അവതരിപ്പിക്കൽ എന്നീ മൽസരങ്ങളിൽ പങ്കുചേർന്ന എല്ലാ കുട്ടികൾക്കും, പ്രോൽസാഹനം നൽകിയ അധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**നവംബർ മാസത്തിലെ പ്രവർത്തനങ്ങൾ**

| | |
|---|---|
| വിശുദ്ധൻ | : വിശുദ്ധ ചാൾസ് ബൊറോമിയോ |
| തിരുനാൾ | : സകല വിശുദ്ധരുടെയും തിരുനാൾ |
| നിയോഗം | : എല്ലാ മരിച്ചവിശ്വാസികൾക്കും വേണ്ടി |
| സുകൃതജപം | : ഈശോയെ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമെ. |
| വചനം | : ഞാൻ നിങ്ങളോട് പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്. (യോഹ 6: 63) |
| പ്രവർത്തനം | : സിമിത്തേരി സന്ദർശിക്കുക. |
| | : വിശുദ്ധരുടെ ജീവചരിത്ര വീഡിയോകൾ കുട്ടികൾക്ക് കാണിച്ചുകൊടുക്കുക. |
| | : സകല വിശുദ്ധരുടെയും തിരുനാൾ ദിനത്തിൽ ഇഷ്ടപ്പെട്ട വിശുദ്ധന്റെയോ, വിശുദ്ധയുടെയോ വേഷം ധരിച്ച് സ്റ്റാറ്റസ് വീഡിയോ ആക്കി ഷെയർ ചെയ്യുക. |

**ജോണി കൊന്നയിൽ**
രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം

**സൗഹൃദയ ഭവനം**

കെ.സി.വൈ.എം മാനന്തവാടി രൂപത തുടക്കം കുറിച്ച സൗഹൃദയ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി തവിഞ്ഞാൽ ഇടവകയിൽ നിർമ്മിച്ച ഭവനം രൂപതാ വികാരി ജനറൽ ഫാ. പോൾ മുണ്ടോളിക്കൽ വെഞ്ചിരിച്ചു. രൂപതാ പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിയും മുൻ രൂപതാ പ്രസിഡന്റ് ജിഷിൻ മുണ്ടയ്ക്കാതടത്തിലും ചേർന്ന് താക്കോൽ ദാനം നിർവഹിച്ചു. ഈ ഉദ്യമത്തിൽ സഹായ സഹകരണങ്ങൾ നൽകിയ എല്ലാ സന്മനസുകൾക്കും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

**പേൾ 2025 കലോത്സവം**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ യുവജന കലോത്സവം പേൾ 2025 നടവയൽ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. 600 ഓളം വരുന്ന മത്സരാർത്ഥികൾ കലോത്സവത്തിന്റെ ഭാഗമായി പങ്കെടുത്തു. തരിയോട് മേഖല ഓവറോൾ ചാമ്പ്യൻഷിപ് കരസ്ഥമാക്കി. റണ്ണേഴ്സ് അപ്പ് മണിമൂളി മേഖലയും, സെക്കന്റ് റണ്ണേഴ്സ് അപ്പ് പയ്യമ്പള്ളി മേഖലയും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

## 24/7 Follow Jesus as Carlos

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 24/7 Follow Jesus as Carlos മാസാചരണത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച യൂണിറ്റുകൾക്കും മേഖലകൾക്കും അഭിനന്ദനങ്ങൾ. യൂണിറ്റ് തലത്തിൽ ഒന്നാം സ്ഥാനം കൊട്ടിയൂർ യൂണിറ്റ്, രണ്ടാം സ്ഥാനം കൊമ്മയാട് യൂണിറ്റ്, മൂന്നാം സ്ഥാനം പയ്യമ്പള്ളി യൂണിറ്റ്. മേഖലാ തലത്തിൽ പയ്യമ്പള്ളി, മാനന്തവാടി, മണിമൂളി മേഖലകൾ തിരഞ്ഞെടുക്കപ്പെട്ടു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**അഭിനന്ദനങ്ങൾ**

സോഷ്യൽവർക്ക് വിഭാഗത്തിൽ കോയമ്പത്തൂർ സി.എം.എസ്. കോളേജിൽ നിന്നും ഒന്നാം റാങ്ക് കരസ്ഥമാക്കിയ കെ.സി.വൈ.എം ദ്വാരക മേഖലാ ഡയറക്ടർ ഫാ. ടോണി ഏലംക്കുന്നേലിന് അഭിനന്ദനങ്ങൾ.

**നാമഹേതുക തിരുന്നാൾ**

കെ.സി.വൈ.എം പ്രസ്ഥാനത്തെ നെഞ്ചോട് ചേർത്ത് നിർത്തി കാലത്തിനൊത്ത് മുന്നേറാൻ ഊർജ്ജം പകർന്ന് നൽകി കർമ്മനിരതമായ പ്രവർത്തന ശൈലിയിലൂടെ ഞങ്ങൾക്ക് എന്നും മാതൃക നൽകുന്ന ഞങ്ങളുടെ സ്നേഹം നിറഞ്ഞ ഡയറക്ടർ സാന്റോ അമ്പലത്തറ അച്ചന് നാമഹേതുക തിരുനാളിന്റെ ആശംസകൾ നേർന്നു.

**വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ**

വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും സാമൂഹ്യ മാധ്യമങ്ങളിലൂടെ നേർന്നു.

**വിവാഹ ആശംസകൾ**

കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി വിപിൻ ജോസ് മാറുകാട്ടുക്കുന്നേലിനും വധു മരിയക്കും, കെ.സി.വൈ.എം മാനന്തവാടി രൂപത മുൻ സെക്രട്ടറി അമ്പിളി സണ്ണിക്കും വരൻ ലിബിനും വിവാഹാശംസകൾ നേർന്നു.

**ജന്മാദിനാശംസകൾ**

ചുങ്കക്കുന്ന് മേഖലാ ഡയറക്ടർ ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളി, രൂപതാ സിൻഡിക്കേറ്റംഗം എബിൻ മൂഴിയാങ്കൽ എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപതയുടെ പ്രഥമ ബിഷപ് മാർ ജോക്കബ് തൂങ്കുഴിയുടെ നിര്യാണത്തിൽ രൂപതാ സമിതി അനുശോചനം രേഖപ്പെടുത്തി. രൂപതാ പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിയുടെയും രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറയുടെയും നേതൃത്വത്തിലുള്ള പ്രതിനിധിസംഘം സംസ്കാര ചടങ്ങുകളിൽ പങ്കെടുത്തു. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പത്തറയുടെ മാതൃപിതാവ് ദേവസ്യ കോക്കണ്ടത്തിലിന് ആദാരഞ്ജലികൾ ആർപ്പിച്ചു.

**മേഖല വാർത്തകൾ**

**പയ്യമ്പള്ളി**

മേഖലയുടെ ആഭിമുഖ്യത്തിൽ "Carlo Fest – Carving a Carlo" പരിപാടി 2025 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 7 വരെ നടന്നു. കാർലോ ഫെസ്റ്റിന്റെ ഭാഗമായി 2025 ആഗസ്റ്റ് 3ന് "Caravan

with Carlo'' എന്ന പ്രത്യേക പരിപാടി ആറാട്ടുതറ യൂണിറ്റിൽ സംഘടിപ്പിച്ചു. വിയാനി പുണ്യവാന്റെ തിരുനാളിനോട് അനുബന്ധിച്ചു യുവജനങ്ങൾ, സ്വന്തം വികാരിയച്ചനുള്ള കത്തെഴുത്തു മത്സരത്തിൽ ഒണ്ടയങ്ങാടി യൂണിറ്റ് ഒന്നാം സ്ഥാനം നേടി. രൂപതയിലെ മുഴുവൻ വൈദികർക്കും ആശംസകൾ അറിയിച്ചു. സെറിനിറ്റി ചലഞ്ച്, 'കാർലോസ് പ്ലസ് ലൈവ്'- റിവ്യൂ കോമ്പറ്റിഷൻ, ആർട്ട് ഗാലറി, ഫ്‌ളാഷ് മോബ്, വൊക്കേഷൻ ബാങ്ക്, 'കാർലോ പീഡിയ' ക്വിസ് കോമ്പറ്റിഷൻ, കാർലോ ഡയറി എന്നിവ സംഘടിപ്പിച്ചു. വിശുദ്ധ ജോൺ ബെർക്കുമൻസിന്റെ തിരുനാൾ ദിനം പയ്യമ്പള്ളി മേഖല ടീം അൾത്താര ബാലന്മാരെ ആദരിച്ചു. മാനന്തവാടി രൂപതയും പയ്യമ്പള്ളി മേഖലയും, പയ്യമ്പള്ളി യൂണിറ്റും ചേർന്ന് നടത്തുന്ന ബ്ലഡ് ഡൊണേഷൻ ക്യാമ്പിന് വേണ്ട ഒരുക്കങ്ങൾ നടത്തി. മേഖലാ ടീം ദിവ്യകാരുണ്യ അത്ഭുതം നടന്ന വിളക്കന്നൂർ ദേവാലയത്തിലേക്ക് തീർത്ഥാടനം നടത്തി. വിശുദ്ധ കാർലോയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ട് ''കാർലോവണ്ടി'' പ്രയാണം നടത്തി. കാർലോ ഫെസ്റ്റ് 2K25 ൽ മാനന്തവാടി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് സന്ദേശം നൽകി. 2025 സെപ്റ്റംബർ 7 ന് കാർലോയെ വിശുദ്ധനാക്കുന്ന പുണ്യദിനത്തിൽ കെ.സി.വൈ.എം. പയ്യമ്പള്ളി മേഖലയിലെ വിവിധ യൂണിറ്റുകൾ നന്ദി സൂചകമായി പ്രാർത്ഥന കൂട്ടായ്മ നടത്തി. "GRANDEUR' ഓരോ ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ വീഡിയോ സോഷ്യൽ മീഡിയവഴി ഷെയർ ചെയ്തു. മാനന്തവാടി രൂപതാ കെ.സി.വൈ.എം. പ്രസ്ഥാനം കാർലോ മാസത്തിൽ ഒരുക്കിയ ''കാർലോ മ്യൂസിക് നൈറ്റ്'' മേഖലയിലെ എല്ലാ യൂണിറ്റുകളിലും നിന്ന് യുവജനങ്ങൾ പങ്കെടുത്തു. Follow Jesus as Carlo ഓഗസ്റ്റ് - സെപ്റ്റംബർ മാസാചരണത്തിൽ മേഖലാ തലത്തിൽ പയ്യമ്പള്ളി മേഖലക്ക് ഒന്നാം സ്ഥാനം ലഭിച്ചു. പയ്യമ്പള്ളി മേഖലയുടെ കലോത്സവം ''പേൾ 2025'' മേരിമാതാ കോളേജിൽ വെച്ച് നടത്തി. നടവയൽ സ്കൂളിൽ വെച്ച് നടന്ന രൂപതാ കലോത്സവത്തിൽ മേഖലയിൽ നിന്ന് യുവജനങ്ങൾ പങ്കെടുക്കുകയും രൂപതയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

## യൂണിറ്റ് വാർത്തകൾ

### പാതിരിപ്പാടം

ചാത്തമുണ്ട-പാലുണ്ട റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മണിമൂളി മേഖലയും പാതിരിപ്പാടം യൂണിറ്റും സംയുക്തമായി MLA - യ്ക്ക് നിവേദനം സമർപ്പിച്ചു. മേഖല കലാമത്സരത്തിൽ വിജയികളായവർക്ക് അഭിനന്ദനങ്ങൾ നേരുന്നു.

### കൊട്ടിയൂർ

മേക്ക് ഇറ്റ്സ് കാർലോ പ്രോഗ്രാമിന്റെ ഭാഗമായി യുവജനങ്ങൾക്കായി വിശുദ്ധ കുർബാന, ആരാധന, ജപമാല വി.കുമ്പസാരം എന്നിവ സംഘടിപ്പിച്ചു. കണ്ടപ്പനം കുരിശുപള്ളിയിലെ പെരുന്നാൾ കുർബാനയ്ക്കും മറ്റും യുവജനങ്ങൾ നേതൃത്വം നൽകി. യുവജനങ്ങൾക്കായി സംഗീത ആരാധന സംഘടിപ്പിച്ചു. യൂണിറ്റിലെ യുവതി യുവാക്കൾക്കായി സംഗീത രാവ് ‘‘ഹെവൻലി ബീറ്റ്സ്’’, ‘‘dress like a saint’’ എന്നിവ സംഘടിപ്പിച്ചു. ഇടവകയിൽ രോഗികളായി കഴിയുന്നവരെ വീടുകളിൽ പോയി സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർഥിച്ചു. രോഗികൾക്ക് സാമ്പത്തീക സഹായം നൽകി. വിദ്യാഭ്യാസ സഹായം നലകി. വൃദ്ധരായ മാതാപിതാക്കൾ താമസിക്കുന്ന 2 വീടുകൾ കണ്ടെത്തി വീടും പരിസര പ്രദേശങ്ങളും വൃത്തിയാക്കി. കലാമത്സരത്തിന് വേണ്ട ഒരുക്കങ്ങൾ നടത്തി. മേഖലാ കലാമത്സരത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. സമ്മാനാർഹരായവർക്കു അഭിനന്ദനങ്ങൾ.

### വെള്ളൂന്നി

ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 7 വരെ കാർലോയുടെ ഫോട്ടോ അലങ്കരിച്ച് വയ്ക്കുകയും പോസ്റ്റ് തയ്യാറാക്കുകയും ചെയ്തു. എക്സിക്യൂട്ടീവ് കൂടി. മെഡിക്കൽ ക്യാമ്പ് നടത്തി. ചുങ്കക്കുന്നിൽ വെച്ച് നടത്തിയ മേഖലാ കലാമത്സരത്തിൽ വെള്ളൂന്നി യൂണിറ്റ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. യൂണിറ്റ് ഡയറക്ടർ ഫാ. ടോമി പുത്തൻപുരക്കലിന് നാമഹേതുക തിരുനാൾ ആശംസകൾ നേർന്നു. പരിശുദ്ധ അമ്മയുടെ ജനനത്തിരുന്നാൾ ആഘോഷങ്ങൾക്ക് കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം വഹിച്ചു.

**വിമൽ കൊച്ചുപുരക്കൽ**
ജനറൽ സെക്രട്ടറി

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**ലഹരി വിരുദ്ധ മാസാചരണം**

കെ.സി.ബി.സി. മദ്യലഹരി വിരുദ്ധ സമിതിയുടെയും മതബോധന കേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 2025 നവംബർ മാസം നടക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നവംബർ 2 ന് എല്ലാ ഇടവകയിലും ഉദ്ഘാടനം ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. വിവിധ സംഘടനകളുടെയും പരിഷ് കൗൺസിൽ അംഗങ്ങളുടെയും ജ്വാലാ ലഹരി വിരുദ്ധ ക്ലബ്ബിന്റെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഇടവക സന്ദർശനവും യൂണിറ്റ് രൂപീകരണവും**

1. ഇടയൂർക്കുന്ന് ഇടവക: 5-10-2025 നു രൂപതാ സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ഇടയൂർക്കുന്ന് ഇടവകയിൽ 15 അംഗ മദ്യവിരുദ്ധ സമിതി രൂപീകരിച്ച് എക്സിക്യൂട്ടീവ്  ആറംഗ കമ്മിറ്റിയെ തിരഞ്ഞെടുത്തു.

2. പാറത്തോട്ടം ഇടവക: 4-10-2025 നു രൂപത സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ പാറത്തോട്ടം ഇടവക സന്ദർശിച്ച് കമ്മിറ്റി അംഗങ്ങളുമായി മദ്യവിരുദ്ധ മാസാചരണത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

3. ആറാട്ടുതറ ഇടവക: 22-10-2025 ന് ആറാട്ടുതറ ഇടവകയിലെ വേദപാഠ അധ്യാപകരെ ഉൾപ്പെടുത്തി മദ്യവിരുദ്ധ സമിതി മീറ്റിംഗ് ചേരുകയും മദ്യവിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി ജ്വാല ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് അവലോകന യോഗം ചേർന്നു.

4. തെനേരി ഇടവക: തെനേരി ഇടവകയിൽ സന്ദർശനം നടത്തി യൂണിറ്റ് രൂപീകരണ പ്രാരംഭ കാര്യങ്ങൾ പൂർത്തീകരിച്ചു.

5. പറളിക്കുന്ന് ഇടവക: പറളിക്കുന്ന് ഇടവക സന്ദർശിച്ച് യൂണിറ്റ് രൂപീകരണ കാര്യങ്ങൾ ചർച്ച ചെയ്തു.

6. കുറുമ്പാല  ഇടവക:  കുറുമ്പാല ഇടവകയിൽ മദ്യവിരുദ്ധ സമിതി യോഗം കൂടി ലഹരിവിരുദ്ധ മാസാചരണ പരിപാടികളെ കുറിച്ച് ചർച്ച നടത്തി.

**രാജു വലിയാറയിൽ**

രൂപതാ പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ഒക്ടോബർ മാസം 10 മുതൽ 12 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 93 പേർ പങ്കെടുത്തു. നവംബർ മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 14, 15, 16, തീയതികളിലും, ഡിസംബർ മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 19, 20, 21 തീയതികളിലും, 2026 ജനുവരി മാസത്തിൽ 9, 10, 11 തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

മാനന്തവാടി രൂപതയിലെ മാതൃവേദിയെ നട്ടു നനച്ച് ഏറെ പ്രോത്സാഹനം നൽകി വളർത്തിക്കൊണ്ടുവന്ന മാർ ജേക്കബ് തൂങ്കുഴി പിതാവ് 2025 സെപ്റ്റംബർ 17-ാം തീയതി നിത്യസമ്മാനത്തിനായി യാത്രയായി. അഭിവന്ദ്യ പിതാവിന്റെ ഭൗതികശരീരം തൃശ്ശൂർ ലൂർദ് പള്ളിയിൽ പൊതുദർശനത്തിന് വച്ചപ്പോൾ മാനന്തവാടി രൂപതയിൽ നിന്നുള്ള പ്രതിനിധി സംഘത്തോടൊപ്പം മാതൃവേദിയുടെ രൂപതാ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട് സന്ദർശിച്ച് മാനന്തവാടി രൂപത മാതൃവേദിയുടെ ആദരാഞ്ജലികൾ അർപ്പിച്ചു. കോഴിക്കോട് ക്രിസ്തുദാസി ജനറലേറ്റിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകളിൽ മാതൃവേദി രൂപതാ ഡയറക്ടർ റവ. ഫാ. ബിനു വടക്കേൽ പങ്കെടുക്കുകയും അന്തിമോപചാരങ്ങൾ അർപ്പിക്കുകയും ചെയ്തു. സെപ്റ്റംബർ 26ന് 2.00 pm ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന അനുസ്മരണ ബലിയിലും അനുശോചന സമ്മേളനത്തിലും എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. മാനന്തവാടി രൂപതയുടെ ആരംഭം മുതൽ 22 വർഷക്കാലം മാതൃവേദിയുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും പ്രചോദനവും ആയിരുന്നപിതാവിന് മാനന്തവാടി രൂപതയിലെ മാതാക്കൾ പ്രാർത്ഥനാപൂർവ്വം ആദരാഞ്ജലികൾ അർപ്പിച്ചു. പിതാവിലൂടെ രൂപതയ്ക്കും സമൂഹത്തിനും നാടിനും ലഭിച്ച നിരവധിയായ ദൈവാനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും ചെയ്തു. അനുശോചന സമ്മേളനത്തിൽ രൂപതാ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട് പിതാവിനെ അനുസ്മരിക്കുകയും മാനന്തവാടി രൂപത മാതൃവേദിയുടെ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. മാതാവിന്റെ പിറവി തിരുനാളിന് ഒരുക്കമായി മാതാക്കൾ സെപ്റ്റംബർ 1 മുതൽ 8 വരെ നോമ്പെടുക്കുകയും വിശുദ്ധ കുർബാനയിലും ജപമാലയിലും പങ്കെടുത്ത് നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. തകരുന്ന കുടുംബങ്ങളെയും കുടുംബബന്ധങ്ങ

ളെയും സമർപ്പിച്ചുകൊണ്ട് യൂണിറ്റുകളിൽ ദിവ്യകാരുണ്യ ആരാധനനടത്തി. സമ്പൂർണ്ണ ബൈബിൾ വായനയുടെ ഭാഗങ്ങളും നിയോഗ പ്രാർത്ഥനയും ഉൾക്കൊള്ളുന്ന സാന്താമോനിക്ക പ്രാർത്ഥന എല്ലാ ദിവസവും രൂപതാ നേതൃത്വം തയ്യാറാക്കി മേഖലകൾക്കും യൂണിറ്റുകൾക്കും നൽകി വരുന്നു. വി. മദർ തെരേസയെ പരിചയപ്പെടുത്തികൊണ്ടുള്ള വീഡിയോ നീന പടിഞ്ഞാറേമുറി തയ്യാറാക്കി എല്ലാ മേഖലകൾക്കും യൂണിറ്റുകൾക്കും നൽകി.

17/09/2025ന് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. ജപമാലയ്ക്കുശേഷം ലോഗോസ് പാഠഭാഗത്തെ ആസ്പദമാക്കി ക്വിസ് നടത്തി. ആനിമേറ്റർ സിസ്റ്റർ ഷോളി ജോസഫ് എസ്.കെ.ഡി ക്വിസ് നയിച്ചു. തുടർന്ന് ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ, വാർഷികം, വിസിറ്റ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളും ചർച്ച ചെയ്തു. ഡയറക്ടർ ബിനു വടക്കേൽ അച്ചൻ ചർച്ച ക്രോഡീകരിച്ചുകൊണ്ട് നിർദേശങ്ങൾ നൽകി. ശ്രീമതി എൽസമ്മ കാഞ്ഞിരംതൊട്ടിയിൽ സ്വാഗതവും ശ്രീമതി ജീജ റാത്തപള്ളിയിൽ നന്ദിയും അർപ്പിച്ച മീറ്റിംഗ് 1.30 pm ന് മാതൃവേദി ആന്തത്തോടുകൂടി സമാപിച്ചു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 17അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് നവംബർ 21.

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി മേഖല**

എട്ടു നോമ്പ് ഭക്തിപൂർവ്വം ആചരിച്ചു. എട്ടാം തീയതി മാതൃദിനമായി ആചരിച്ചു. സെമിനാരി ഫണ്ട് നൽകി. മരിയൻഗാന മത്സരവും മരിയൻ ക്വിസും മേഖലയിൽ നടത്തി. അഗതി മന്ദിരത്തിലും ആതുരാലയങ്ങളിലും കഴിയുന്നവർക്കായി ദിവ്യകാരുണ്യ ആരാധന നടത്തി. കുടുംബസമാധാനം നിയോഗം ആക്കി ചെയിൻ റോസറി നടത്തി. വിവാഹം നടക്കാത്ത യുവജനങ്ങൾക്കുവേണ്ടി എല്ലാ വെള്ളിയാഴ്ചകളിലും ഉപവാസ പ്രാർത്ഥന നടത്തി.

**നടവയൽ മേഖല**

മേഖല നടത്തിയ ജനറൽബോഡി മീറ്റിങ്ങിൽ എല്ലാ യൂണിറ്റിൽ നിന്നും അമ്മമാർ പങ്കെടുത്തു. മുൻ രൂപതാ പ്രസിഡണ്ട് ഗ്രേയ്സി ടീച്ചർ അമ്മമാർക്ക് ക്ലാസ് എടുത്തു. രൂപതാ വാർഷികത്തിന് നടവയൽ മേഖലയെ പ്രതിനിധീകരിച്ച് നടവയൽ യൂണിറ്റ് പ്രോഗ്രാം ചെയ്യുന്നു. ചെറുകാട്ടൂർ യൂണിറ്റിൽ വെച്ച് നടവയൽ മേഖലയുടെ ജപമാല റാലി നടത്തി.യൂണിറ്റുകളുടെ വാർഷിക റിപ്പോർട്ട് മേഖലയിൽ അവതരിപ്പിച്ചു.

**ശാഖാ വാർത്തകൾ**

**മൂലങ്കാവ്**

എട്ടുനോമ്പ് ആചരിച്ചു. വിയാനി ഭവൻ സന്ദർശിച്ചു പലഹാരങ്ങളും ഫ്രൂട്ട്സും നൽകി. സെമിനാരി ഫണ്ട് നൽകി, വൈദിക

വിദ്യാർഥികളെ അനുമോദിച്ചു. തൂങ്കുഴി പിതാവിന്റെ അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു. തപോവനവും നിർമ്മൽ ജ്യോതിയും സന്ദർശിച്ച് പലഹാരങ്ങളും ചായയും നൽകി. സെപ്റ്റംബർ അഞ്ചിന് അധ്യാപകരെ ആദരിക്കുകയും മദർ തെരേസ ദിനമായി ആചരിക്കുകയും ചെയ്തു.

**താളിപ്പാടം**

8 നോമ്പാചരിച്ചു. എക്സിക്യൂട്ടിവ് കൂടി. കാഴ്ചസമർപ്പണം നടത്തി. ലക്കി മദറിനെ തെരഞ്ഞെടുത്ത് സമ്മാനം നൽകി. അധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിച്ചു.

**ദീപ്തിഗിരി**

15 നോമ്പ് ആചരിച്ചു. വി.ജോൺ മരിയ വിയാനി ദിനത്തിൽ വികാരിയച്ചനെ ആദരിച്ചു. വി. മോനിക്ക പുണ്യവതിയെ കുറിച്ച് വീഡിയോ തയ്യാറാക്കി ഗ്രൂപ്പിൽ അയച്ചു. പള്ളിയും സിമിത്തേരിയും വൃത്തിയാക്കി. മേഖല നടത്തിയ ഉപന്യാസ മത്സരത്തിൽ പങ്കെടുത്തു.

**തെനേരി**

വി. മോണിക്കയുടെ തിരുനാൾ ദിനത്തിൽ എസ്.സി.ജെ.എം കോൺവെന്റിൽ മോനിക്ക പ്രാർത്ഥന നടത്തി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ അമ്മമാർ മക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചു.

**കളത്തുവയൽ**

എക്സിക്യൂട്ടീവ് കൂടി. അമ്മമാർ ഉണ്ടാക്കിയ ജപമാല വെഞ്ചിരിച്ച് വിൽപ്പന നടത്തി. പച്ചക്കറി തോട്ടത്തിനായി പച്ചക്കറി തൈകൾ ഭവനങ്ങളിൽ നട്ടു. രോഗീ സന്ദർശനം നടത്തി.

**വാളേരി**

ആശുപത്രിയിൽ ഭക്ഷണം ഉണ്ടാക്കുവാൻ സഹായിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. സെമിനാർ നടത്തി. വിളക്കന്നൂർ തീർത്ഥാടനം, ചെയിൻ റോസറി, സാന്താ മോനിക്കാ, വചന കവചം, രോഗീ സന്ദർശനം എന്നിവ നടത്തി.

**പ്രശാന്തഗിരി**

മരിയൻ ക്വിസ് നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. മായമില്ലാത്ത കറിപ്പൊടി വിതരണം, ആഴ്ചതോറും ഉള്ള പള്ളിക്ലീനിങ് എന്നിവ ചെയ്യുന്നു.

**പോരൂർ**

വേളാങ്കണ്ണി തീർത്ഥാടനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. കിടപ്പുരോഗികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ എക്സ്ക്യൂട്ടീവ് പ്രതിനിധികൾ കോഴിക്കോട് പോയി. ഗ്ലോബലിൽ കൊടുക്കുവാനുള്ള അർദ്ധവാർഷിക കണക്ക് മേഖലാ ഭാരവാഹികളെ ഏൽപ്പിച്ചു. എക്സിക്യൂട്ടീവ് കൂടി.

**കേളകം**

തെറ്റുവഴിയിലുള്ള മരിയഭവനിലെ അന്തേവാസികൾക്ക് 419 പൊതിച്ചോറുകൾ നൽകി. അമ്മമാരുടെ ഉപവാസത്തിലൂടെ കിട്ടുന്ന തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. ക്യാൻസർ രോഗിക്ക് 5000/- രൂപ നൽകി. പഠനസഹായമായി ഒരു വിദ്യാർത്ഥിക്ക് 4000/- രൂപ നൽകി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. അമ്മമാർക്കായി നടത്തിയ പൊതുപണിയിൽ അമ്മമാർ സംബന്ധിച്ചു. രോഗി സന്ദർശനങ്ങൾ നടത്തി. ദ്വാരകയിൽ വച്ച് നടന്ന തൂങ്കുഴി പിതാവിന്റെ അനുസ്മരണ ബലിയിലും അനുശോചന യോഗത്തിലും എക്സിക്യൂട്ടീവ് അംഗങ്ങളും അമ്മമാരും സംബന്ധിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. എട്ടുനോമ്പിൽ ജപമാലയ്ക്കും വായനയ്ക്കും നേതൃത്വം നൽകി. പോരൂർ സ്നേഹാലയം, സമരിറ്റൻഭവൻ, പനമരം നവജ്യോതി എന്നീ മൂന്ന് അഗതിമന്ദിരങ്ങളിൽ 45430/- രൂപയുടെ സാധനങ്ങൾ നൽകി. നഴ്സിംഗ് പഠനസഹായമായി 5000/- രൂപ നൽകി. മേഖലാ മരിയൻ ക്വിസിൽ പങ്കെടുത്തു. ഒന്നാം സ്ഥാനം കരസ്ഥമാക്കി. രോഗീ സന്ദർശനം മരണവീട് സന്ദർശനം എന്നിവ നടത്തി.

**വാളവയൽ**

8 നോമ്പാചരിച്ചു. കാഴ്ചസമർപ്പണം നടത്തി. മാതൃവേദിയുടെ നേതൃത്വത്തിൽ നേർച്ച ഭക്ഷണം എല്ലാവർക്കും നൽകി. സെബസ്ത്യാനോസ് പുണ്യവാളന്റെ തിരുസ്വരൂപ പ്രയാണം വീടുകളിൽ ആരംഭിച്ചു.

**പറളിക്കുന്ന്**

മേഖല നടത്തിയ ജനറൽബോഡി മീറ്റിങ്ങിലും സെമിനാറിലും അമ്മമാർ പങ്കെടുത്തു. രൂപത വചനം എഴുത്ത് മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. അധ്യാപക ദിനത്തിൽ  അധ്യാപകരെ ആദരിച്ചു. വി. മദർ തെരേസയുടെ തിരുനാൾ ദിനത്തിൽ പ്രാർത്ഥനാ കാർഡ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു.

**വാഴവറ്റ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വിശുദ്ധ ജോൺ മരിയ വിയാനി ദിനത്തോടനുബന്ധിച്ച് ഇടവകയിൽ സേവനം ചെയ്ത് കടന്നുപോയ വൈദികരെയും ഇടവകയിൽ നിന്നുള്ള വൈദികരെയും വികാരിയച്ചനേയും ആദരിക്കുന്നതിന്റെ ഭാഗമായി എല്ലാ വൈദികരുടെയും ഫോട്ടോകൾ ഉൾപ്പെടുത്തി വീഡിയോ തയ്യാറാക്കി. ഡബ്ല്യു.എസ്.എസ്.ന്റെ സഹകരണത്തോടെ സാമൂഹ്യ പ്രവർത്തനത്തെകുറിച്ചുള്ള ക്ലാസ്സ് നടത്തി. അഹല്യ ഫൗണ്ടേഷന്റെ സഹ

കരണത്തോടെ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. രോഗീ സന്ദർശനം നടത്തി. മോനിക്കാ നാമധാരികളെ ആദരിച്ചു. മേഖലാ വാർഷികത്തിൽ പങ്കെടുത്തു.

**ദ്വാരക**

കുടുംബ നവീകരണ വർഷാചരണത്തിന്റെ ഭാഗമായി ഇടവകയിൽ മൂന്നിൽ കൂടുതൽ മക്കളുള്ള കുടുംബങ്ങളെ മാതൃവേദിയുടെ നേതൃത്വത്തിൽ ആദരിച്ചു. വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഇടവക വികാരിയെ ആദരിച്ചു. വിയാനി ഭവൻ സന്ദർശിച്ചു. വിശുദ്ധ മോണിക്ക പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ ഇടവകയിൽ നിന്നും വൈദികരായവരുടെ മാതാപിതാക്കളെ സന്ദർശിക്കുകയും അവരെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. രോഗികളായി കിടക്കുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

**കാരയ്ക്കാമല**

8 നോമ്പ് ആചരിച്ചു. ജപമാലയ്ക്ക് നേതൃത്വം നൽകി. എട്ടാം തീയതി മാതാക്കൾ കാഴ്ച സമർപ്പണം നടത്തി. വീട്ടിൽ ഒരു അടുക്കളത്തോട്ടം പദ്ധതിയുടെ ഭാഗമായി പച്ചക്കറി തൈകൾ വിതരണം ചെയ്തു. രോഗീസന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു.

**പൂക്കോട്ടുംപാടം**

അധ്യാപക ദിനത്തിൽ ആശംസകൾ നേർന്നു പോസ്റ്റർ തയ്യാറാക്കി. വീടുകളിൽ അടുക്കളതോട്ടം നിർമ്മിക്കാൻ വേണ്ട നിർദ്ദേശം നൽകി. ഡിപ്പോ ശാന്തിസദൻ കോൺവെന്റിൽ എല്ലാ മാസവും ഭക്ഷ്യ സാധനങ്ങൾ നൽകുന്നതിനായി അമ്മമാരെ കണ്ടെത്തി.

**പനംഞ്ചിറ**

കൂൺ കൃഷി പരിശീലന ക്ലാസിൽ പങ്കെടുത്തു. അമ്മമാർക്കായി എന്റെ അടുക്കളതോട്ടം - പദ്ധതി ആരംഭിച്ചു. രോഗീസന്ദർശനം നടത്തി. 8 നോമ്പാചരണം നടത്തി. മാതൃദിനമായി ആഘോഷിച്ചു. അധ്യാപക ദിനത്തിൽ രോഗിയായ അധ്യാപകനെ ചെന്ന് കണ്ട് ആശംസയും പ്രാർഥനയും അറിയിച്ചു. ജനറൽ ബോഡി യോഗം നടത്തി.

**തരിയോട്**

വിയാനിഭവൻ സന്ദർശിച്ചു. അൾത്താര ബാലൻമാരെ ആദരിച്ചു. വിൻസെന്റ് ഡി പോൾ സംഘടനയ്ക്കുവേണ്ടി അമ്മമാർ കാഴ്ച സമർപ്പണം നടത്തി.

**വടപുറം**

രോഗികളായ വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ചു. എട്ടു നോമ്പ് ആചരിച്ചു. വിധവയ്ക്ക് ചികിത്സാസഹായം നൽകി. സെമിനാർ നടത്തി. നവോമി സന്ദർശനം നടത്തി. മാതാവിന്റെ ജനന തിരുനാൾ ദിവസം അമ്മമാർ തിരികൾ കത്തിച്ചു ജപമാലപ്രദക്ഷിണം നടത്തി.

**പട്ടാണിക്കൂപ്പ്**

എട്ടാം തീയതി മാതൃദിനമായി ആഘോഷിച്ചു. വിളക്കന്നൂർ തീർത്ഥാടനം നടത്തി.

**ആടിക്കൊല്ലി**

ശ്രീമതി മേഴ്സി അമരികാട്ട് നീലഗിരി മേഖലയിലെ ലീഡേഴ്സിനും അമ്മമാർക്കും ഗൂഡല്ലൂർ എൻ.ഡി.എസിൽ ലീഡർഷിപ്പ് ട്രെയിനിങ് പ്രോഗ്രാം നടത്തി. വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരിയച്ചനെ ആദരിച്ചു. എക്സിക്യൂട്ടീവ് കൂടി. മേഖല എക്സിക്യൂട്ടീവിൽ പങ്കെടുത്തു. സെമിനാരി ഫണ്ട് 2500/- രൂപ കൊടുത്തു. വിമുക്തഭടന്മാരെ ആദരിച്ചു. മാതൃവേദിയുടെ നേതൃത്വത്തിലുള്ള നറുക്ക് ചിട്ടി ഉദ്ഘാടനം ചെയ്തു. ഇടവകയിലെ വൈദികരുടെ ഭവന സന്ദർശനം നടത്തി. ബോധവൽക്കരണ ക്ലാസ് നൽകി. മേഖലയിലെ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും തെനേരിയിലെ ഇടവകയിലെ അമ്മമാർക്കും ലീഡർഷിപ്പ് ട്രെയിനിങ് നൽകി. രോഗീ സന്ദർശനം നടത്തി. ചികിത്സാ സഹായം, പഠനസഹായം, സാധുജന സഹായം എന്നിവ നൽകി.

**മരകാവ്**

വി. ജോൺ മരിയ വിയാനി തിരുനാൾ ദിനത്തിൽ വികാരിയച്ചനെ ആദരിച്ചു. ഇടവകയിൽ സേവനം ചെയ്ത വൈദികരെ ഫോണിൽ വിളിച്ച് ആശംസകൾ അറിയിച്ചു. ദേവാലയ ശുചീകരണത്തിൽ പങ്കാളികളായി. രോഗീസന്ദർശനം, ഭവനസന്ദർശനം, ഏലീശ്വസന്ദർശനം, നവോമി സന്ദർശനം എന്നിവ നടത്തി. വൈദികരുടെ മാതാപിതാക്കളെ സന്ദർശിച്ചു. മാസത്തിലെ ഒന്നാമത്തേയും മൂന്നാമത്തേയും ചൊവ്വാഴ്ചകളിൽ അമ്മമാർ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിന് സഹായിച്ചു. എക്സിക്യൂട്ടീവ് കൂടി.

**കുറുമണി**

8 നോമ്പ് കാഴ്ച സമർപ്പണം നടത്തി. അധ്യാപക ദിനത്തിൽ പ്രായം കൂടിയ അധ്യാപികയെ ആദരിച്ചു. നവോമി സംഗമം നടത്തി. ആദിവാസി കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകി.

**നടവയൽ**

അധ്യാപക ദിനത്തിൽ എല്ലാ അധ്യാപകരെയും ആദരിച്ചു. അവരുടെ ഫോട്ടോ വീഡിയോ രൂപത്തിൽ ആക്കി ഷെയർ ചെയ്തു. ഗൊരേത്തിഭവൻ സന്ദർശിച്ച് അഗതികളായ അമ്മമാർക്ക് അവശ്യവസ്തുക്കൾ വിതരണം ചെയ്തു. 10 കുടുംബത്തിന് ഭക്ഷണക്കിറ്റ് വിതരണം ചെയ്തു. അടുക്കത്തോട്ടം ഒരുക്കി. ജൈവപച്ചക്കറികളുടെ ഉല്പാദനം സാധ്യമാക്കുന്നു. അനുദിന വിശുദ്ധരെ പരിചയപ്പെടുത്തി വീഡിയോയാക്കി ഷെയർ ചെയ്തു.

**ടൗൺ ചർച്ച്, മാനന്തവാടി**

കൽപ്പറ്റയിലുള്ള സ്നേഹസദൻ സന്ദർശിച്ചു. മാതൃവേദി അംഗങ്ങളായ 20 പേർ അടങ്ങുന്ന സംഘം വിളക്കന്നൂർ തീർത്ഥാടനം നടത്തി. അദ്ധ്യാപകദിനത്തിൽ എല്ലാ അധ്യാപകർക്കും ആശംസകൾ അറിയിച്ചു. വചനപഠന മത്സരത്തിന് പങ്കെടുന്നവരെ തിരഞ്ഞെടുത്തു. 8 നോമ്പിന് അമ്മമാർ കാഴ്ചവയ്പ് നടത്തി. 9600/- രൂപ ലഭിച്ചു.

**യവനാർകുളം**

രോഗീസന്ദർശനം നടത്തി. എട്ടു നോമ്പിന്റെ അവസാന ദിവസം കാഴ്ച സമർപ്പണം നടത്തി ഫണ്ടിലേക്ക് തുക എടുക്കുകയും ചെയ്തു. മാർ ജേക്കബ് തൂങ്കഴി പിതാവിന്റെ അനുസ്മരണ യോഗത്തിൽ മാതൃവേദി അമ്മമാർ പങ്കെടുത്തു. എല്ലാ ബുധനാഴ്ചകളിലും മാതൃവേദി അമ്മമാർ ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം വയ്ക്കുന്നതിന് സഹായിക്കുന്നു. പള്ളിയും പരിസരവും വൃത്തിയാക്കി.

**കരിമാനി**

15 നോമ്പ് ആചരിച്ചു. വിയാനി ദിനത്തിൽ വികാരിയച്ചന് ആശംസകൾ അറിയിച്ചു. രോഗീ സന്ദർശനം നടത്തി 1000/- രൂപ നൽകി. ആനിമേറ്ററും എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് ഭവനസന്ദർശനം നടത്തി. വി.മോനിക്കയെ പരിചയപ്പെടുത്തിക്കൊണ്ടുള്ള വീഡിയോ തയാറാക്കി ഷെയർ ചെയ്തു.

**മണിമൂളി**

8 നോമ്പിലെ കാഴ്ച സമർപ്പണത്തിലൂടെ കിട്ടിയ 80,000/- രൂപയുടെ സാധനങ്ങൾ 4 അനാഥാലയങ്ങളിലായി നൽകി. ഫണ്ട് ശേഖരണാർത്ഥം, മിഷൻലീഗ് മേഖലാ മത്സരത്തിന്റെ അവസരത്തിൽ ഫുഡ് സ്റ്റാൾ നടത്തി. ഏറ്റവും പ്രായം ചെന്ന ആളെ സന്ദശിച്ചു, ഉപഹാരം നൽകി. സന്യസ്ഥരുടെ മാതാപിതാക്കളെയും അധ്യാപകരെയും ആദരിച്ചു. സോപ്പുപൊടി, ഡിഷ്വാഷ് തുടങ്ങിയ 5 ഉത്പന്നങ്ങൾ ഉണ്ടാക്കാൻ പരിശീലനം നൽകി. 15000/- രൂപയുടെ ഭക്ഷണകിറ്റ് നൽകി.

**പാടിച്ചിറ**

എക്സിക്യൂട്ടീവ് നടത്തി. മേഖല ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. മേഖല നടത്തിയ മരിയൻ ഫാമിലി ക്വിസിൽ യൂണിറ്റിൽ നിന്നും രണ്ട് ടീം പങ്കെടുത്ത് രണ്ടും, നാലും സ്ഥാനം നേടി. ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന അഭിവന്ദ്യ ജേക്കബ് തുങ്കുഴി പിതാവിന് വേണ്ടിയുള്ള അനുസ്മരണ ബലിയിലും അനുശോചന സമ്മേളനത്തിലും മാതൃവേദി പ്രസിഡന്റ് പങ്കെടുത്തു. നിർദ്ധനരായ കുടുംബങ്ങൾക്ക് 2000/- രൂപയുടെ ഭക്ഷ്യ കിറ്റ് നൽകി. രോഗീ സഹായമായി 1000/-രൂപ നൽകി. മാതൃവേദി ഫണ്ട് ശേഖരണാർത്ഥം മെഴുകുതിരി, ചന്ദനത്തിരി, അച്ചാറുകൾ, തേൻ, പയറു

വർഗ്ഗങ്ങൾ, മസാലക്കൂട്ടുകൾ എന്നിവ കച്ചവടം നടത്തി. ഭവന സന്ദർശനം, രോഗീ സന്ദർശനം, മരണവീട് സന്ദർശനം എന്നിവ നടത്തി.

**തലഞ്ഞി**

എട്ടുനോമ്പിന് തുടക്കം കുറിച്ചു. എല്ലാ ആദ്യ വെള്ളിയാഴ്ച കളിലും നാലുമണി മുതൽ അഞ്ചു മണി വരെ പ്രത്യേക നിയോഗങ്ങളോടെ ദിവ്യകാരുണ്യ ആരാധന നടത്തി. സെപ്റ്റംബർ 5 അധ്യാപക ദിനത്തോടനുബന്ധിച്ച് ഇടവകയിലെ എല്ലാ അധ്യാപകരെയും ഉൾപ്പെടുത്തി ബഹുമാനപ്പെട്ട വികാരിയച്ചന്റെ അധ്യാപക ദിന സന്ദേശത്തോടെയുള്ള വീഡിയോ തയ്യാറാക്കി.

**കബനിഗിരി**

അധ്യാപക ദിനത്തിൽ എല്ലാ അധ്യാപകരെയും ആദരിച്ചു. പള്ളിയും പരിസരങ്ങളും സിമിത്തേരിയും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. എട്ടുനോമ്പ് തിരുനാളിനോടനുബന്ധിച്ച് അമ്മമാർ അപ്പം ചുട്ടു കൊണ്ടു വന്ന് നേർച്ചയായി സമർപ്പിക്കുകയും, എല്ലാ മേരി നാമധാരികളെയും ആദരിക്കുകയും ചെയ്തു. വി. മത്തായി ശ്ലീഹായുടെ തിരുനാൾ ആചരിച്ചു. ജനറൽ ബോഡി യോഗത്തിൽ എട്ടുപേർ പങ്കെടുത്തു. മരിയൻ ക്വിസ്, മരിയൻ ഗാന മത്സരം എന്നിവയിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**സീതാമൗണ്ട്**

നോമ്പ് സമുചിതമായി ആഘോഷിച്ചു. മേരി നാമധാരികളെ സമ്മാനം നൽകി ആദരിച്ചു. അധ്യാപക ദിനത്തിൽ അധ്യാപകരെ സമ്മാനം നൽകി ആദരിച്ചു. യൂണിറ്റിൽ നിന്നും മരിച്ചു പോയ വ്യക്തികളുടെ ഭവന സന്ദർശനം നടത്തി പ്രാർത്ഥിച്ചു. രോഗീ സന്ദർശനം നടത്തി.

**പുൽപ്പള്ളി**

എട്ടു നോമ്പ് ആചരിച്ചു. എട്ടാം തീയതി മാതൃദിനമായി ആഘോഷിച്ചു. വിശുദ്ധ കുർബാനയ്ക്ക് അമ്മമാർ കാഴ്ചവെയ്പ്പ് നടത്തി. മരിയൻഗാന മത്സരത്തിൽ പങ്കെടുത്തു. ജൂബിലി തീർത്ഥാടനം നടത്തി. ഗവൺമെന്റ് ആശുപത്രി സന്ദർശിച്ചു.

**പനവല്ലി**

എട്ടുനോമ്പിന്റെ ചൈതന്യം ഉൾക്കൊണ്ട് അമ്മമാർ നോമ്പെടുത്ത് ദിവ്യബലിയിൽ പങ്കു ചേർന്നു. ജപമാല ചൊല്ലി കുടുംബത്തിനും ഇടവകയ്ക്കും വേണ്ടി പ്രാർത്ഥിച്ചു. മേഖലയ്ക്ക് വാർഷിക റിപ്പോർട്ടും കണക്കും നൽകി.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. വി. മദർ തെരേസയുടെ തിരുനാൾ ആഘോഷിച്ചു. അധ്യാപക ദിനത്തിൽ ഇടവകയിലെ ഏറ്റവും മുതിർന്ന മതാധ്യാപികയെ ആദരിച്ചു. മാതാവിന്റെ ജനനതിരുനാൾ

മാതൃദിനമായി ആചരിച്ചു. മാതാവിനെ അലങ്കരിക്കൽ മത്സരം വീടുകളിൽ നടത്തി. സിമിത്തേരി വൃത്തിയാക്കി. ജനറൽ ബോഡി യോഗം നടത്തി. അമ്മമാർക്കും കുട്ടികൾക്കും മതാധ്യാപകർക്കും മൊബൈൽ ഫോണിന്റെ ഉപയോഗം, ദൂഷ്യഫലങ്ങൾ എന്നിവയെ കുറിച്ച് ക്ലാസ് എടുത്തു.

**ദീപ്തിഗിരി**

8 നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. പള്ളിയും സിമിത്തേരിയും വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി.

**പാതിരിപ്പാടം**

സെപ്റ്റംബർ 1 ന് 8 നോമ്പിന് ആരംഭം കുറിച്ചു. മാതാവിന്റെ ജനന തിരുനാളിൽ മാതൃദിനമായി ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. നേർച്ച ഭക്ഷണം നൽകി. ജനറൽ ബോഡി കൂടി കണക്കുകൾ, വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. Sigwe മസാല പൊടി കച്ചവടം എല്ലാ ഞായറാഴ്ച്ചകളിലും ഭംഗിയായി നടക്കുന്നു. പള്ളിയും, പരിസരവും, സെമിത്തേരിയും വൃത്തിയാക്കി.

**വാഴവറ്റ**

എട്ടു നോമ്പ് ആചരിച്ചു. അഖണ്ഡ ജപമാല നടത്തി. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മാതൃവേദിയുടെ പ്രതിനിധി പങ്കെടുത്തു.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. അധ്യാപകരെ ആദരിച്ചു. വി. മദർ തെരേസ അനുസ്മരണം നടത്തി. ലക്കി മേരിയെ നറുക്കിട്ടെടുത്തു. ഒരു കുടുംബത്തിന് ഭക്ഷണക്കിറ്റ് കൊടുത്തു. സമരിറ്റൻ ഭവൻ സന്ദർശിച്ച് 3000/- രൂപ നൽകി. പ്രഥമ മെത്രാൻ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു പ്രാർത്ഥിച്ചു. സിമിത്തേരി വൃത്തിയാക്കി.

**റൂബി നഗർ**

8 നോമ്പാചരണം നടത്തി. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. അധ്യാപകരെ ആദരിച്ചു. അമലോത്ഭവ തിരുനാളിൽ എല്ലാവർക്കും പാച്ചോർ സ്പോൺസർ ചെയ്തു. നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട തൂങ്കുഴി പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

**പുതുശ്ശേരിക്കടവ്**

എട്ടുനോമ്പാചരണവും കാഴ്ചവെപ്പും നടത്തി. മദർ തെരേസ പള്ളി സന്ദർശിച്ചു. ഇടവകയിലെയും മേഖലയിലെയും അധ്യാപകരെ വീഡിയോ തയ്യാറാക്കി അധ്യാപകദിന ആശംസകൾ അറിയിച്ചു. ഓണക്കിറ്റുകൾ വിതരണം ചെയ്തു. പച്ചക്കറി തൈകൾ വിതരണം

ചെയ്തു. മേഖലയുമായി സഹകരിച്ച് ഓണക്കോടികൾ നൽകി. മേഖലയിൽ വച്ച് നടന്ന നവോമി സംഗമത്തിൽ പങ്കെടുത്തു.

**കുറുമ്പാല**

എട്ടുനോമ്പ് ആചരിച്ചു. ഏലീശ്വാ സന്ദർശനം രോഗീസന്ദർശനം എന്നിവ നടത്തി. മേഖല നവോമി സംഗമത്തിൽ പങ്കെടുത്തു. രോഗീ സഹായമായി 1500 രൂപ നൽകി. അധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിച്ചു.

**വാകേരി**

ഇടവകയിൽ നടത്തിയ 51 മണിക്കൂർ അഖണ്ഡ ജപമാലയിൽ 21 അമ്മമാർ നേതൃത്വം നൽകി. തപോവനത്തിൽ സ്നേഹതീരം എന്ന പേരിൽ ഒരു ശുശ്രൂഷ ആരംഭിച്ചു. ദേവാലയവും പരിസരവും സെമിത്തേരിയും വൃത്തിയാക്കി.

**വഞ്ഞോട്**

എക്സിക്യൂട്ടീവ് കൂടി. സെമിനാരി ഫണ്ട് 1000/- രൂപ ശാഖാ വിഹിതം മേഖലയ്ക്ക് നൽകി. വിളക്കന്നൂർ തീർത്ഥാടനം നടത്തി. നിർധന കുടുംബത്തിലെ ഒരു മാതൃവേദി അമ്മയ്ക്ക് 5000 രൂപ സഹായം നൽകി. രോഗീ സഹായമായി 1000/- രൂപ നൽകി. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**മൺവയൽ**

മാതൃവേദി ഫണ്ട് സ്വരൂപണാർത്ഥം കാഴ്ച സമർപ്പണം നടത്തി. നേർച്ച ഭക്ഷണം തയ്യാറാക്കി. രോഗീസന്ദർശനം നടത്തി. പള്ളി വൃത്തിയാക്കി. തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. മേഖലക്ക് വാർഷിക റിപ്പോർട്ട് തയ്യാറാക്കി.

**തരിയോട്**

അധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിച്ചു. മേഖലയിൽ നടന്ന അഗതിമന്ദിര സന്ദർശനത്തിൽ നൈറ്റി വാങ്ങാനുള്ള ചിലവിലേക്കായി 2000/- രൂപ നൽകി.

**മാർട്ടിൻ നഗർ**

വിവിധ നിയോഗങ്ങൾ വെച്ച് തിരുഹൃദയ ജപമാല, കരുണക്കൊന്ത, ചെയിൻ റോസറി എന്നിവ ചൊല്ലി. രോഗീസന്ദർശനം നടത്തി. മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു.

**ഇരുളം**

എട്ടു നോമ്പാചരിച്ചു. ഇടവകയിലെ അധ്യാപകരെ ആദരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖല ജനറൽബോഡിയിൽ പങ്കെടുത്തു. മേഖല മരിയൻ ഗാന മത്സരത്തിൽ പങ്കെടുത്തു.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഒക്ടോബർ 03 വെള്ളി രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സീയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 55 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

**ആദ്യ ശനി കൺവെൻഷൻ:** ഒക്ടോബർ 04 ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. ബ്രദർ ജോസഫ് വട്ടക്കുന്നേൽ സ്തുതി ആരാധനയ്ക്കും ബഹു. ബ്രദർ ബിജു പുളിക്കൽ, സി.ധന്യ FCC, എന്നിവർ ഗാനശുശ്രൂഷക്കും, ബഹു. സി. ആൻസി SCV, സി. മരിയ CMC, സി. അനറ്റ് SKD, സി. നവ്യ SH, എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

**കൗൺസിലിങ്**: ഒക്ടോബർ 11 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിങ് ശുശ്രൂഷ നടന്നു.

**ജപമാല ആചരണം**: ഒക്ടോബർ 13 തിങ്കൾ മുതൽ 22 ബുധൻ വരെ രാവിലെ 09.30 മുതൽ ഉച്ചയ്ക്ക് 12 വരെ സമ്പൂർണ്ണ ജപമാല ചൊല്ലി പത്തു ദിവസം പ്രാർത്ഥിച്ചു.

**അഖണ്ഡ ജപമാല**: ഒക്ടോബർ 23 വ്യാഴം രാവിലെ 09 മുതൽ 24 വള്ളി വൈകിട്ട് 04 വരെ സീയോൻ ചാപ്പലിൽ അഖണ്ഡ ജപമാലയും ആരാധനയും നടത്തപ്പെട്ടു. സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

**രൂപതാ ബൈബിൾ കൺവെൻഷൻ:** ബഹുമാനപ്പെട്ട മാത്യു വയലാമണ്ണിൽ അച്ചന്റെ നേതൃത്വത്തിൽ നവംബർ 07, 08, 09, 10 ദിവസങ്ങളിൽ വൈകിട്ട് 04 മണിമുതൽ രാത്രി 09 മണി വരെ കൺവെൻഷൻ നടത്തപ്പെടുന്നു. മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് 08, 09, 10 ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 05 മണി വരെ കൗൺസിലിംങിന് സൗകര്യം ഉണ്ടായിരിക്കും. അന്വേഷണങ്ങൾക്ക് - 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**

ഡയറക്ടർ (9544606936)

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലെ അംഗങ്ങളുടെ ദൈവവിളി എന്നത്, പാവപ്പെട്ടവരെയും വേദനിക്കുന്നവരെയും ശുശ്രൂഷിക്കുക വഴി ക്രിസ്തുവിന് തന്നെ ശുശ്രൂഷ ചെയ്തു അവിടുത്തെ കരുണാർദ്രമായ സ്നേഹത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ദൈവകൃപയിൽ നിറഞ്ഞ് വിശുദ്ധിയിലേക്ക് യാത്ര ചെയ്യുക എന്നതാണ്. സമ്പത്തിന്റെയും സമയത്തിന്റെയും ഓഹരി പാവങ്ങൾക്ക് നൽകിക്കൊണ്ടാണ് സൊസൈറ്റി അംഗങ്ങൾ വിൻസൻഷ്യൻ പ്രവർത്തനം നടത്തുന്നത്.

**സി.സി ബോർഡ് യോഗം**

3/10/2025 നു ദ്വാരക പാസ്റ്ററൽ സെന്റർ ഓഫീസിൽ വച്ച് സി.സി ബോർഡ് യോഗം ചേർന്നു. മാനന്തവാടി രൂപതയുടെ പ്രഥമ ഇടയൻ ദിവംഗതനായ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചു. സെൻട്രൽ കൗൺസിലിന്റെ ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**SSVP ദേശീയ കൗൺസിലിന്റെ വാർഷികയോഗം**

വരാപ്പുഴ അതിരൂപതയുടെ പാസ്റ്ററൽ സെന്റർ ആയ ആശീർഭവനിൽ വച്ച് 11/9/25 മുതൽ 14/9/25 വരെ സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി ദേശീയ കൗൺസിലിന്റെ 71-ാമത് വാർഷികയോഗം നടത്തപ്പെട്ടു. നാഷണൽ പ്രസിഡണ്ട് ബ്രദർ ജൂഡ് മംഗൾരാജ് അധ്യക്ഷത വഹിച്ച യോഗം വരാപ്പുഴ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ 90 ഓളം സെൻട്രൽ കൗൺസിലുകളുടെ പ്രസിഡണ്ട്മാർ പങ്കെടുത്ത യോഗത്തിൽ മാനന്തവാടിയിൽ നിന്ന് സി. സി പ്രസിഡണ്ട് ബ്രദർ ഷൈജൻ തടങ്ങഴിയിൽ പങ്കെടുത്തു. സംഘടനാ പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയും ഭാവിപ്രവർത്തനങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

**ഏരിയ കൗൺസിൽ സന്ദർശനങ്ങൾ**

സി. സി പ്രസിഡണ്ടും ബോർഡ് അംഗങ്ങളും വിവിധ ഏരിയ കൗൺസിലുകളിൽ സന്ദർശനം നടത്തിക്കൊണ്ടിരിക്കുകയാണ്. 21/9/25 ന് കൊട്ടിയൂർ എ.സി യിൽ സന്ദർശനം നടത്തി. 28/9/25 ന് ചുണ്ടക്കര എ.സിയിൽ സന്ദർശനം നടത്തി. എ.സി പ്രസിഡന്റ് ബ്രദർ തങ്കച്ചൻ കദളിക്കാട്ടിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ മലങ്കര ഇടവക വികാരി ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ അനുഗ്രഹ പ്രഭാഷണം നടത്തി. 4/10/25 ന് ഗൂഡല്ലൂർ എ. സി യിലും 5/10/25 ന് പയ്യമ്പള്ളി, ബത്തേരി എ.സി കളിലും സന്ദർശനം നടത്തി. പയ്യമ്പള്ളി എ. സി പ്രസിഡണ്ടായി ബ്രദർ തോമസ് ഉള്ളോപ്പള്ളിയെ

തിരഞ്ഞെടുത്തു. ബത്തേരി ഫൊറോന വികാരി ഫാ. തോമസ് മണക്കുന്നേൽ അച്ചന്റെ പ്രോത്സാഹനത്തെ ഏറെ നന്ദിയോടെ ഓർമിക്കുന്നു. 12/10/25 ന് മണിമൂളി എ. സിയിൽ സന്ദർശനം നടത്തി. എ. സി പ്രസിഡന്റ് ബ്രദർ രാരിച്ചൻ കാച്ചാംകോടത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ റവ. ഫാ. ബെന്നി മുതിരക്കാലായിൽ ആത്മീയ പ്രഭാഷണം നടത്തി. അന്നേദിവസം ഉച്ചകഴിഞ്ഞ് നിലമ്പൂർ എ. സിയിൽ സന്ദർശനം നടത്തി. എ. സി പ്രസിഡന്റ് ബ്രദർ ഷാജി പൂവത്താനി അധ്യക്ഷത വഹിച്ച യോഗം ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൽ ഉദ്ഘാടനം ചെയ്തു. അച്ചൻ മനോഹരമായ വിൻസെൻഷ്യൻ സന്ദേശം നൽകി. സി. സി വനിതാ പ്രതിനിധി സിസ്റ്റർ ഹണി മരിയ ഷാജി, എ. സി, കോൺഫ്രൻസ് ഭാരവാഹികൾ, പ്രവർത്തകർ എന്നിവരുടെ വലിയ കൂട്ടായ്മ ഉണ്ടായിരുന്നു.

**ഏരിയ കൗൺസിൽ, കോൺഫറൻസ് വാർഷികങ്ങൾ**

20/9/25 ന് വാഴവറ്റ സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസിന്റെ സുവർണ്ണ ജൂബിലി ആഘോഷം വികാരി റവ. ഫാ. കുര്യാക്കോസ് കുന്നത്ത് ഉദ്ഘാടനം ചെയ്തു. സി. സി പ്രസിഡണ്ട്, കോൺഫ്രൻസ് ഭാരവാഹികൾ, മുൻ സി. സി ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. 21/9/25 ന് കൊട്ടിയൂർ എ. സിയുടെയും ചുങ്കക്കുന്ന് ഫാത്തിമ മാതാ, സെന്റ് അൽഫോൻസാ കോൺഫറൻസുകളുടെയും സംയുക്തമായ വാർഷികാഘോഷം നടന്നു. ഫാത്തിമ മാതാ കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ സ്റ്റാനി തട്ടാപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ എ. സി പ്രസിഡന്റ് പ്രിയ തടങ്ങഴിയിൽ സ്വാഗതം പറഞ്ഞു. ഫൊറോന വികാരി റവ. ഫാ. പോൾ കൂട്ടാല ആത്മീയ പ്രഭാഷണം നടത്തി. സി. സി പ്രസിഡണ്ട് ബ്രദർ ഷൈജൻ തടങ്ങഴിയിൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. പ്രവർത്തന റിപ്പോർട്ടുകളും വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ച് പാസാക്കി പ്രവർത്തക അംഗങ്ങൾ, ഉപകാരികൾ, ദത്തു കുടുംബങ്ങൾ, വൈദികർ, സന്യസ്തർ തുടങ്ങി ഇരുന്നൂറോളം ആളുകൾ പങ്കെടുത്ത വാർഷികാഘോഷം സ്നേഹവിരുന്നോടെയാണ് സമാപിച്ചത്. 27/9/25 ന് കാരയ്ക്കാമല സെന്റ് മേരീസ് കോൺഫ്രൻസ് വാർഷികാഘോഷം നടന്നു. പ്രസിഡന്റ് ബ്രദർ ഷിജു മരുതുകല്ലിങ്കൽ അധ്യക്ഷത വഹിച്ച യോഗം റവ. ഫാ. വിനീഷ് റോസേന്തഭവൻ ഉദ്ഘാടനം ചെയ്തു. സി. സി പ്രസിഡണ്ട് മുഖ്യപ്രഭാഷണം നടത്തി. നല്ല അമ്മ പുരസ്കാരവും കുട്ടികൾക്കുള്ള സ്കോളർഷിപ്പുകളും വിതരണം ചെയ്തു. പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ച് പാസാക്കി. സ്നേഹ വിരുന്നോടെ വാർഷികാഘോഷം സമാപിച്ചു.

4/10/25 ന് ഗൂഡല്ലൂർ എ. സിയുടെ വാർഷികാഘോഷം നടത്തപ്പെട്ടു. എ. സി പ്രസിഡന്റ് ബ്രദർ ബിജു കിഴക്കേമൊളിയേക്കൽ അധ്യക്ഷത വഹിച്ച യോഗം സി. സി പ്രസിഡന്റ് ഉദ്ഘാടനം

ചെയ്തു. റവ. ഫാ. ബിനോയ് കാശാംകുറ്റിയിൽ ആത്മീയ പ്രഭാഷണം നടത്തി. വിശുദ്ധ കുർബാനയോട് കൂടിയാണ് വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ച് പാസാക്കി. പ്രതിജ്ഞാനവീകരണം നടത്തി. സ്നേഹവിരുന്നോടെയാണ് യോഗം സമാപിച്ചത്.

**വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ**

സെപ്റ്റംബർ 27ന് വിശുദ്ധ വിൻസന്റ് ഡി പോളിന്റെ തിരുനാൾ എല്ലാ കോൺഫറൻസുകളും സമുചിതമായി ആഘോഷിച്ചു. വിശുദ്ധ കുർബാന ചൊല്ലിച്ചും മധുര പലഹാരങ്ങൾ നൽകിയും ഭവന സന്ദർശനങ്ങൾ നടത്തിയും വിശുദ്ധന്റെ തിരുനാൾ ആഘോഷിച്ചു.

**പുതിയ കോൺഫറൻസുകൾ**

21/9/25 ന് ഒഴുക്കൻ മൂലയിൽ സെന്റ് തോമസ് കോൺഫറൻസിന് തുടക്കം കുറിച്ചു. ഇടവക വികാരി തോമസ് വാഴച്ചാലിൽ അച്ചന്റെ സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയോടുള്ള പ്രോത്സാഹനത്തെയും സ്നേഹത്തെയും ഏറെ നന്ദിയോടെ ഓർമിക്കുന്നു.

സി. സി പ്രസിഡന്റ്, തോണിച്ചാൽ എ. സി പ്രസിഡണ്ട് ബ്രദർ വിൻസന്റ് കുന്നപ്പള്ളി, കല്ലോടി എ. സി പ്രസിഡന്റ് ബ്രദർ മാത്യൂസ് പുതുപ്പറമ്പിൽ, കൊട്ടിയൂർ എ. സി പ്രസിഡന്റ് സിസ്റ്റർ പ്രിയ തടങ്ങഴിയിൽ എന്നിവർ പങ്കെടുത്തു.

**പാസ്റ്ററൽ കൗൺസിൽ**

11/10/25 ന് നടന്ന പാസ്റ്റർ കൗൺസിലിൽ സി. സി പ്രസിഡണ്ട് പങ്കെടുത്തു. 22/9/25 ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ സംസ്കാര ചടങ്ങുകളിൽ അഭിവന്ദ്യ പിതാക്കന്മാർക്കും രൂപതാ ടീം അംഗങ്ങൾക്ക് ഒപ്പം സി സി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ, ജനറൽ സെക്രട്ടറി ബ്രദർ രാജു വലിയാറ എന്നിവർ പങ്കെടുത്തു.

**ജപമാല മാസാചരണം**

സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി കേരള റീജണൽ കോഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒക്ടോബർ ഒന്നു മുതൽ 31 വരെ ജപമാല നടത്തുന്നുണ്ട്. 13/10/25 ന് മാനന്തവാടി സി. സി ജപമാലക്ക് നേതൃത്വം നൽകി.

**ഓസാനം ഭവൻ തിരഞ്ഞെടുപ്പ്**

20/9/25 ന് ഓസാനം ഭവൻ പൊതുയോഗവും തിരഞ്ഞെടുപ്പും നടന്നു. റവ. ഫാ. ജോജോ കുടക്കച്ചിറ, റവ. ഫാദർ ഗർവാസീസ് മറ്റം എന്നിവർ നേതൃത്വം നൽകി. ഓസാനംഭവൻ ബോർഡിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

1. റവ. ഫാ. ജോജോ കുടക്കച്ചിറ
2. റവ. ഫാ. ഗർവാസീസ് മറ്റം

3. ബ്രദർ ഷൈജൻ തടങ്ങഴിയിൽ (ചെയർമാൻ)
4. സിസ്റ്റർ റോസമ്മ അയ്യൻകുഴ (വൈസ് ചെയർമാൻ)
5. ബ്രദർ രാജു വലിയാറ (സെക്രട്ടറി)
6. ബ്രദർ റോയി ലൂയിസ് (മാനേജർ)
7. ബ്രദർ ജോർജ് പറമ്പൻ (ട്രഷറർ )
8. ബ്രദർ രാജു ചൊവ്വാറ്റുകുന്നേൽ
9. ബ്രദർ ജിൽസ് എം മേക്കൽ
10. സിസ്റ്റർ ബേബി മരിയ പുലിക്കോട്ടിൽ
11. ബ്രദർ ജോസഫ് കുളത്തിങ്കൽ
12. ബ്രദർ തങ്കച്ചൻ മേപ്പാടത്ത്
13. ബ്രദർ ഷാജൻ തലച്ചിറ

ബ്രദർ ജോണി പാറ്റാനിയുടെ നേതൃത്വത്തിൽ നിലവിൽ ഉണ്ടായിരുന്ന ഓസാനം ഭവൻ ബോർഡിന് പുതിയ ചെയർമാൻ ബ്രദർ ഷൈജൻ തടങ്ങഴിയിൽ നന്ദി പറഞ്ഞു.

**ഓസനം ഭവൻ സന്ദർശനങ്ങൾ**

മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ കാരുണ്യത്തിന്റെ മുഖമായ ഓസാനംഭവൻ സന്ദർശിക്കാൻ കോൺഫറൻസുകളും വിവിധ സംഘടനകളും വ്യക്തികളും എത്തുന്നതിൽ സന്തോഷമുണ്ട്. വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനമായ സെപ്റ്റംബർ 27 ന് കുറുമ്പാല സെന്റ് ജോസഫ് & സെന്റ് മേരീസ് കോൺഫറൻസുകളും മരകാവ് സെന്റ് മേരീസ് & സാന്തോം കോൺഫറൻസുകളും ഓസാനംഭവൻ സന്ദർശിക്കുകയും സ്നേഹവിരുന്ന് നൽകുകയും ചെയ്തു. സി. സി ആത്മീയ ഉപദേഷ്ടാവും കുറുമ്പാല ഇടവക വികാരിയുമായ റവ. ഫാ. ജോജോ കുടക്കച്ചിറയും സന്നിഹിതനായിരുന്നു. 5/10/25 ന് തൃക്കൈപ്പറ്റ സെന്റ് ജോൺപോൾ കോൺഫറൻസ് സന്ദർശനം നടത്തി. 7/10/25 ന് മരക്കടവ് സെന്റ് ജോസഫ് & സെന്റ് മേരീസ് കോൺഫറൻസുകൾ സന്ദർശനം നടത്തി. അന്നേദിവസം മീനങ്ങാടി സുറിയാനി യാക്കോബായ സഭ അധ്യക്ഷൻ മാർ സ്റ്റേഫാനോസ് പിതാവിന്റെ നേതൃത്വത്തിൽ വൈദികരും സൺഡേസ്കൂൾ അധ്യാപകരും സന്ദർശനം നടത്തി. 12/10/25 ന് തരിയോട് ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ സന്ദർശനം നടത്തി. 14/10/25 ന് പാടിച്ചിറ ലിറ്റിൽ ഫ്ളവർ കോൺഫ്രൻസ് അംഗങ്ങൾ സന്ദർശനം നടത്തി. 15/10/25 ന് ശശിമല കോൺഫ്രൻസ് സന്ദർശനം നടത്തി. 18/10/25 ന് കുറുമ്പാല ഇടവക മാതൃവേദി അംഗങ്ങൾ വികാരി റവ. ഫാ. ജോജോ കുടക്കച്ചിറയോടൊപ്പം സന്ദർശനം നടത്തി. ഓസാനം ഭവൻ സന്ദർശിക്കുന്നതിനായി എല്ലാ സുമനസ്സുകളെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**
സി.സി പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**മാനന്തവാടി രൂപതയിലെ സാമൂഹ്യ വികസന പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമിട്ട ഇടയശ്രേഷ്ഠൻ**

'പങ്കാളിത്ത ശാക്തീകരണത്തിലൂടെ സുസ്ഥിര വികസനത്തിലേക്ക്'- ദാരിദ്ര്യ നിർമ്മാർജനത്തിനും സമൂഹ്യ വികസനത്തിനും പാരസ്പര്യത്തിലൂടെയുള്ള സംഘബലമാണ് ഏറ്റവും ഉചിതമായ ഉപാധിയെന്ന് തിരിച്ചറിഞ്ഞ ക്രാന്തദർശിയായിരുന്നു അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ്. അതുകൊണ്ടാണ് രൂപതയിലെ ആദ്യസംരംഭമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് അദ്ദേഹം രൂപം നല്കിയതും മേൽ സൂചിപ്പിച്ച വാക്യം സൊസൈറ്റിയുടെ ആപ്തവാക്യമായി തെരഞ്ഞെടുത്തതും. ഇന്ന് സർക്കാർ ഉൾപ്പെടെ എല്ലാ ഏജൻസികളും ഏറ്റെടുത്തിട്ടുള്ള സ്വാശ്രയ സംഘങ്ങൾ (SHG) തുല്യബാധ്യതാ സംഘങ്ങൾ (JLG) എന്നിവ പിതാവിന്റെ സർഗ്ഗചിന്തയിൽ രൂപംകൊണ്ട ''ലഘു സമ്പാദ്യപദ്ധതി'' ''അയൽകൂട്ടം'' എന്നിവയുടെ പരിഷ്കൃത രൂപമാണ്. പിതാവ് മനസ്സിൽ കണ്ട രീതിയിൽ WSSS വളർന്നുവെന്നതിൽ 22 വർഷം അദ്ദേഹം നല്കിയ നേതൃത്വവും പ്രാർത്ഥനയുമുണ്ട്. മാനന്തവാടി രൂപതയുടെ മാനസപുത്രിയായ WSSS ഇനിയും അനേകായിരങ്ങൾക്കത്താണിയാകുമെന്നതിൽ സംശയമില്ല. നന്ദി നിറഞ്ഞ ഹൃദയത്തോടെ പിതാവിന് WSSS കുടുംബം അശ്രുപൂജകളർപ്പിക്കുന്നു.

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS) 1974ൽ വയനാട് ജില്ലയിലെ പ്രമുഖ നേതാക്കളുടെ നേതൃത്വത്തിലാണ് രൂപീകരിക്കപ്പെട്ടത്. 1860ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഈ സംഘടനയുടെ ആദ്യ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവും, പ്രശസ്ത സാമൂഹിക പ്രവർത്തകനായ ഡോ. വി.കെ.ജി. നമ്പ്യാർ പ്രഥമ സെക്രട്ടറിയുമായിരുന്നു. കേരളത്തിലെ വയനാട്, മലപ്പുറം, കണ്ണൂർ ജില്ലകളും തമിഴ്നാട്ടിലെ ഗൂഡല്ലൂർ താലൂക്കും ഉൾപ്പെടുത്തി മതനിരപേക്ഷ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയായിരുന്നു ലക്ഷ്യം. 1975 മുതൽ സൊസൈറ്റി മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹിക സേവനവിഭാഗമായി മാറി.

കാർഷിക മേഖലയിലും, ആരോഗ്യ മേഖലയിലും, ആദിവാസി വികസന മേഖലയിലും, സാമ്പത്തിക മേഖലയിലും, പാരിസ്ഥിതിക മേഖലയിലും, സാമൂഹ്യ മേഖലയിലും എല്ലാം മാതൃകാ

പരമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിക്ക് സാധിച്ചിട്ടുണ്ട്. ഇതിനെല്ലാം നിമിത്ത മായത് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ദീർഘ വീക്ഷണവും പ്രോത്സാഹനവുമാണ്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ആണ് പലപ്പോഴും നൂതന പരിപാടികൾ സമൂഹത്തിന് പരിചയപെടുത്തിക്കൊടുക്കുന്നത്. പിന്നീട് അവ സർക്കാരിന്റെയോ, മറ്റ് വികസന ഏജൻസികളുടെയോ പദ്ധതികൾ ആയി മാറാറുണ്ട്. വയനാട്ടിലെ ആദിവാസികളുടെ ദയനീയ അവസ്ഥ മനസിലാക്കി കൊണ്ട് എഴുപതുകളുടെ മധ്യത്തിൽ തന്നെ തിരുനെല്ലി പോലുള്ള പ്രദേശങ്ങളിൽ താമസിച്ച് സാമൂഹ്യ സേവനം ആരംഭിച്ച ചരിത്ര മാണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിക്ക് ഉള്ളത്. കാട്ടുമൃഗങ്ങളോട് മല്ലടിച്ച്, മലമ്പനിയോടും പകർച്ച വ്യാധിക ളോടും പൊരുതിയും ആണ് ആദിവാസി ഊരുകളിലേക്ക് WSSS കടന്ന് ചെന്നത്. ചൊറി, ചിരങ്ങുപോലുള്ള പകർച്ചവ്യധികളാൽ കഷ്ടപെട്ട ആദിവാസി സഹോദരങ്ങൾക്കു ആശ്വാസം പകരുവാൻ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിക്ക് സാധിച്ചു. ഒരു നേരത്തെ ഭക്ഷണത്തിനു പോലും വക കണ്ടെത്തുവാൻ പ്രയാസമനുഭവിച്ച മണ്ണിന്റെ മക്കൾക്ക് അന്നം നൽകുവാനും, പ്രായമേറെ ആയിട്ടും ഒരു അക്ഷരം പോലും എഴുതാൻ സാധി ക്കാതെ നിരാശയിൽ അമർന്ന കാടിന്റെ മക്കൾക്ക് ആദ്യാക്ഷരം കുറിക്കുവാൻ പ്രചോദനമായി തീരുവാനും WSSSന് സാധിച്ചു. ഇന്ന് മാനന്തവാടി രൂപതയെ സ്തുത്യർഹമായ രീതിയിൽ നയി ക്കുന്ന അഭിവന്ദ്യ ജോസ് പിതാവ് അടക്കമുള്ളവർ തിരുനെല്ലി കാടുകളിൽ താമസിച്ചു ആദിവാസി സഹോദരങ്ങളുടെ ഉന്നമന ത്തിനായി നിലകൊണ്ടു എന്നത് ശ്രദ്ധേയമായ കാര്യമാണ്.

1975-ൽ തന്നെ ബിഷപ്സ് ഹൗസിന് സമീപം പ്ലാന്റ് നഴ്സറി ആരംഭിച്ച് കുടിയേറ്റ കർഷകർക്ക് ഗുണമേന്മയുള്ള തൈകൾ വിത രണം ചെയ്യുകയായിരുന്നു WSSS. തുടർന്ന് ഫാം ക്ലബ്ബുകളുടെ രൂപീകരണം, സെറികൾച്ചർ, കൂൺ കൃഷി, പെർമാകൾച്ചർ, അസോള, ഗിരിരാജ-ബ്രോയിലർ കോഴി വളർത്തൽ, ബയോ ഗ്യാസ് തുടങ്ങിയ പദ്ധതികൾ ആരംഭിച്ചു. നീർത്തട വികസന പദ്ധതികൾ സർക്കാർ തുടങ്ങുന്നതിന് മുമ്പുതന്നെ ഇൻഡോ - ജർമൻ സോഷ്യൽ സർവീസ് സൊസൈറ്റി, ഇന്റർ കോർപറേ ഷൻ പോലുള്ള ഏജൻസികളുടെ സഹകരണത്തോടെ നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കി. മലബാറി ആടുകളുടെ സംര ക്ഷണത്തിനും, കുരുമുളക് ജീൻ ബാങ്ക് സ്ഥാപിക്കുന്നതിനും സൊസൈറ്റി മുൻകൈയെടുത്തു.

1970-കളുടെ അവസാനം ആദിവാസി മേഖലകളിലെ പട്ടിണി മരണങ്ങൾ പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പി ലാക്കുവാൻ WSSSന് പ്രചോദനമായി. കുടിവെള്ളം, നഴ്സറി സ്കൂ

ളുകൾ, മാതൃ-ശിശു ആരോഗ്യപദ്ധതികൾ, കുടുംബ സ്പോൺസർഷിപ്പ് തുടങ്ങി നിരവധി പദ്ധതികൾ നടപ്പാക്കി. 1978-ൽ MISEREOR-ന്റെ സാമ്പത്തിക സഹായത്തോടെയും Indian Social Institute, Bangalore-ന്റെ സാങ്കേതിക സഹായത്തോടെയും സമഗ്ര സാമൂഹിക-സാമ്പത്തിക സർവേ നടത്തി. അത് അടിസ്ഥാനമാക്കി തിരുനെല്ലിയിലെ "സ്നേഹാലയം", ട്രൈബൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്റർ (TCDC), ഭവനനിർമാണം, സാക്ഷരതാ പ്രചാരണങ്ങൾ, വനിതാ-യുവജന കൂട്ടായ്മകൾ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ആരംഭിച്ചു.

1980-ൽ വയനാട് ജില്ലാ രൂപീകരണ വേളയിൽ WSSS ഒരു ജില്ലാ മാസ്റ്റർ പ്ലാൻ തയ്യാറാക്കി ജില്ലാ ഭരണകൂടത്തിന് സമർപ്പിച്ചു. വയനാട് ജില്ലയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു വികസന രേഖയാണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സമർപ്പിച്ചത്. അതേ വർഷം തന്നെ, 36 പ്രൈമറി നഴ്സറി സ്കൂളുകൾ ആരംഭിക്കുകയും ജില്ലയിൽ 36 പ്രൈമറി അധ്യാപകരെ നിയമിക്കുകയും ചെയ്തു. വയനാട് ജില്ലയിൽ സർക്കാർ സംവിധാനത്തിൽ നേഴ്സറി സ്കൂളുകൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ നേഴ്സറി സ്കൂളുകൾ ആരംഭിക്കുവാൻ നമുക്ക് സാധിച്ചു.

1981-ൽ, WSSS ജോലിക്ക് പകരം ഭക്ഷണം എന്ന പുതിയ ആശയം അവതരിപ്പിച്ചു. ഈ പരിപാടിയിലൂടെ, ബോയ്സ് ടൗൺ - അമ്പായത്തോട്, തലപ്പുഴ - പുതിയിടം തുടങ്ങി നിരവധി റോഡുകൾ നിർമ്മിക്കുകയുണ്ടായി. 1981 മുതൽ ഓഡിയോ വിഷ്വൽ പ്രവർത്തനങ്ങൾ സജീവമായി. പ്രാദേശിക വിഷയങ്ങളിൽ ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുന്നതിനായി 1982-ൽ താലൂക്ക് പീപ്പിൾസ് ഓർഗനൈസേഷൻ (TPOS) ആരംഭിച്ചു. ഈ വർഷം റൂറൽ ഹെൽത്ത് പ്രോഗ്രാം മക്കിയാട്, പോരൂർ എന്നിവിടങ്ങളിൽ ആരംഭിച്ചു. അതേ വർഷം തന്നെ കാരിത്താസ് ഇന്ത്യയുടെ പിന്തുണയോടെ 142 വീടുകൾ നിർമ്മിച്ചു നൽകി. 1984-ൽ, വായ്പാധിഷ്ഠിത ഭവന പദ്ധതി അവതരിപ്പിച്ചു. എച്ച്.ഡി.എഫ്.സി. ബാങ്കിൽ നിന്ന് ഡബ്ല്യു.എസ്.എസ്.എസ് ലോണുകൾ എടുക്കുകയും കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയായി ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയും ചെയ്തു.

1986-മുതൽ ആരോഗ്യ രംഗത്ത് WSSS ശക്തമായ ഇടപെടലുകൾ നടത്തി. Foundation for Revitalization of Local Health Traditions (FRLHT)- ന്റെ പിന്തുണയോടെ ബോയ്സ് ടൗണിൽ സ്ഥാപിച്ച ഔഷധ ഉദ്യാനം ഇന്ത്യയിലെ ഏറ്റവും വലിയ ഹെർബൽ ഗാർഡനുകളിൽ ഒന്നായി മാറി. ഗ്രാമതല, കുടുംബതല ഔഷധത്തോട്ടങ്ങൾ വികസിപ്പിച്ചു.

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS) കഴിഞ്ഞ അമ്പതു വർഷത്തോളമായി വയനാട് ജില്ലയുടെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക വികസനത്തിന് മുൻപന്തിയിലുണ്ട്. ഇന്ന് ലോകോത്തര മാതൃകയായി തീർന്ന ബയോവിൻ അഗ്രോ റിസേർച്ചും, ഭാരതത്തിലെ ഏറ്റവും നല്ല കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ആയ റേഡിയോ മാറ്റൊലിയുമെല്ലാം അഭിവന്ദ്യ തൂങ്കുഴി പിതാവ് തുടങ്ങി വെച്ചവയിൽ നിന്നും ഉരുത്തിരിഞ്ഞു വന്നവയാണ്. മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ദീർഘവീക്ഷ ണവും, സമൂഹത്തിന്റെ പിന്തുണയും, നിരവധി വികസന ഏജൻ സികളുടെ സഹകരണവും ചേർന്നതാണ് WSSS ഇന്ന് കേരള ത്തിലെ ഏറ്റവും വലിയ മാതൃകാപരമായ സാമൂഹിക സേവന സംഘടനകളിൽ ഒന്നായി മാറാൻ കാരണമായത്.

**സമഗ്ര കുടിവെള്ള വിതരണ പദ്ധതിക്ക് അംഗീകാരം**

വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ളമില്ലാത്ത ആദിവാസി ഭവനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ബ്രഹത്പദ്ധതിക്ക് അംഗീകാരം ലഭിച്ചു. അസീം പ്രേംജി ഫൗണ്ടേഷൻ ആണ് ഈ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുക. 03 വർഷം നീണ്ടു നിൽക്കുന്ന പദ്ധതിയുടെ ഫണ്ട് നാല് കോടി അറുപത് ലക്ഷം രൂപ യാണ്. ഇതിൽ മൂന്ന് കോടി അമ്പത്തിനാല് ലക്ഷം രൂപ അസീം പ്രേംജി ഫൌണ്ടേഷനിൽ നിന്നും ഗ്രാന്റ് ആയി ലഭിക്കും. തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ കുനിക്കോട്, നാഗമന, ദംപട്ട, മധ്യപാടി, അഞ്ചുപൊതി, കുന്നിയൂർ, എടയൂർകുന്ന് എന്നീ ഉന്നതികളിലും, നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മായിക്കര, മാടകുന്ന്, അമ്പേദ്കർ, മണലിമൂല, മാടപ്പുര, ഓടാൻകൊല്ലി, കോളൂർ എന്നീ ഉന്നതികളി ലുമാണ് കുടിവെള്ള വിതരണപദ്ധതി നടപ്പിലാക്കുന്നത്. 2025 നവംബർ 01 മുതൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്ന താണ്. ഇതിന്റെ ഭാഗമായി രണ്ട് ഗ്രാമപഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾക്കായി ഓഫീസ് ആരംഭിക്കുന്നതാണ്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിക്ക് നാളിതുവരെ ലഭിച്ച CSR പദ്ധതികളിൽ ഏറ്റവും വലിയ പദ്ധതിയാണിത്.

**മുണ്ടക്കൈ, ചൂരൽമല, വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്ത പുനരധി വാസം - രണ്ടാംഘട്ട പദ്ധതിക്ക് തുടക്കമായി**

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കേരള സോഷ്യൽ സർവീസ് ഫോറം, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ശ്രേയസ് ബത്തേരി, ജീവന കോഴിക്കോട്, COD താമരശ്ശേരി എന്നീ സാമൂഹ്യ സേവന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ മുണ്ടക്കൈ, ചൂരൽമല, വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്ത പുനരധിവാസം രണ്ടാംഘട്ട പദ്ധതിക്ക് തുടക്കമായി.

ദുരന്തങ്ങളെ മുന്നിൽകണ്ട് അവയെ ഫലപ്രദമായി നേരിടാനുമുള്ള ശേഷി വർദ്ധിപ്പിക്കുക, ഉപജീവനസുരക്ഷ, മാനസിക സാമൂഹിക ക്ഷേമം, സാമൂഹ്യാധിഷ്ഠിത ദുരന്ത അപകട സാധ്യതാ ലഘൂകരണം എന്നീ ലക്ഷ്യങ്ങളിൽ ഊന്നി രണ്ടുവർഷം നീണ്ടുനിൽക്കുന്ന ബ്രഹത്പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. രണ്ടു വർഷം നീളുന്ന ഈ പദ്ധതി വയനാട് ജില്ലയിലെ മേപ്പാടി ഉൾപ്പെടെ ഏഴ് ഗ്രാമപഞ്ചായത്തുകളിലും കോഴിക്കോട് ജില്ലയിലെ രണ്ട് ഗ്രാമപഞ്ചായത്തുകളിലുമായി നടപ്പാക്കും. ഈ പദ്ധതിയുടെ പദ്ധതി രേഖ പരിചയപ്പെടുത്തുന്നതിന് 02 ദിവസത്തെ പരിശീലനം ബത്തേരി ശ്രേയസിൽ വച്ച് നടന്നു. കാരിത്താസ് ഇന്ത്യ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ബെന്നി എടയത്ത് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ കേരള സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ അധ്യക്ഷത വഹിച്ചു. ശ്രേയസ് ഡയറക്ടർ ഫാ. ഡേവിഡ് ആലുങ്കൽ, സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണി, WSSS പ്രോഗ്രാം ഓഫീസർ പി.എ. ജോസ് എന്നിവർ സംസാരിച്ചു. പരിശീലനത്തിന് കാരിത്താസ് ഇന്ത്യ ക്ലൈമറ്റ് ഡെസ്ക് ലീഡ് ഡോ. വി.ആർ. ഹരിദാസ്, ഡോ. ദിലീഷ് വർഗ്ഗീസ്, ഫിനാൻസ് ഓഫീസർ ജാൻസി മാത്യു, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ അബീഷ് ആന്റണി, എന്നിവർ നേതൃത്വം നൽകി. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മൂന്ന് സിസ്റ്റേഴ്സിനെ പുതുതായി WSSS ടീമിൽ ഉൾപ്പെടുത്തി. ഇവർ പ്രധാനമായും കൗൺസിലിംഗ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

**നബാർഡ്സംഘം പുലിക്കാട് നീരുറവ പ്രദേശം സന്ദർശിച്ചു**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി വില്ലേജ് നീർത്തട കമ്മിറ്റിയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി തയ്യാറാക്കിയ പദ്ധതി രേഖയുടെ സാധ്യത പഠനം നടത്തുന്നതിന് നബാർഡ് സംഘം പുലിക്കാട് നീരുറവ പ്രദേശം സന്ദർശിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ടെത്തിയ പത്ത് നീരുറവകളിൽ അഞ്ച് എണ്ണത്തിന്റെ സാങ്കേതിക പരിശോധന നബാർഡ് സംഘം നടത്തുകയുണ്ടായി. കൂടാതെ നീർത്തട കമ്മിറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവയും നടത്തി. കേരള റീജിയണൽ ഓഫീസിലെ അസിസ്റ്റന്റ് ജനറൽ മാനേജർ കിരൺ വി.എസ്, അസിസ്റ്റന്റ് മാനേജർ നിഖിൽ സുരേഷ് ഗെയ്ക്വാദ് എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ്

സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, എടവക ഗ്രാമപഞ്ചായത്ത് മെമ്പർ ഷിൽസൺ മാത്യു, നീർത്തട കമ്മിറ്റി ഭാരവാഹികളായ വർഗീസ് കെ.ജെ, സിനോജ് പി.ജെ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം കോഡിനേറ്റർ ദീപു ജോസഫ്, റോബിൻ ജോസഫ് എന്നിവർ നേതൃത്വം നൽകി.

**പുഞ്ചിരിമട്ടം ഉരുൾപൊട്ടൽ ദുരിതബാധിതരായ 10 കുടുംബങ്ങൾക്ക് ഭവനം നിർമ്മാണത്തിന് സാമ്പത്തിക സഹായവുമായി എറണാകുളം അങ്കമാലി അതിരൂപത**

രാജ്യം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നായ പുഞ്ചിരിമട്ടം ഉരുൾപൊട്ടൽ ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ട 10 കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായവുമായി എറണാകുളം അങ്കമാലി അതിരൂപത. മാനന്തവാടി രൂപത വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വഴി നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതിയോട് ചേർന്നാണ് എറണാകുളം അങ്കമാലി അതിരൂപത ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്. 10 ഭവനങ്ങൾക്ക് 10 ലക്ഷം രൂപ വീതം ഒരു കോടി രൂപയുടെ സാമ്പത്തിക സഹായമാണ് എറണാകുളം അങ്കമാലി അതിരൂപത നൽകുന്നത്. മാനന്തവാടി രൂപത ഇതിനോടകം 50 ഭവനങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങി ഓരോ ഗുണഭോക്താക്കളുടെ പേരിലും രജിസ്ട്രേഷൻ പൂർത്തിയാക്കി. വാഴവറ്റയിൽ രണ്ട് സ്ഥലങ്ങളിലായി 45 ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തങ്ങൾ പുരോഗമിക്കുകയാണ്. ഇതിൽ 10 ഭവനങ്ങൾക്കാണ് എറണാകുളം അങ്കമാലി അതിരൂപത ഭാഗിക സഹായം നൽകുക. എറണാകുളം അങ്കമാലി അതിരൂപതയിലെ ഇടവകകൾ സമാഹരിച്ച തുക രൂപതയുടെ സാമൂഹ്യ വികസന വിഭാഗമായ വെൽഫെയർ സർവീസ് എറണാകുളത്തെ ഏൽപ്പിക്കുകയും ആ തുക മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ഭവന നിർമ്മാണ പദ്ധതിയിൽ ഉപയോഗപ്പെടുത്തുകയും ചെയ്യും. എറണാകുളം അങ്കമാലി അതിരൂപതയുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്ന ഭവനങ്ങളുടെ ശിലാസ്ഥാപന കർമ്മം വാഴവറ്റയിൽ വെൽഫെയർ സർവീസ് എറണാകുളം എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജോസഫ് കൊളത്തുവേലിൽ നിർവഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ., പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ദീപു ജോസഫ്, മാനന്തവാടി രൂപത പബ്ലിക് റിലേഷൻ ഓഫീസർ സാലു അബ്രഹാം എന്നിവർ പങ്കെടുത്തു.

**ഫാഷൻ ഡിസൈനിംങ് വിദ്യാർത്ഥികൾ ഫ്രഷേഴ്സ്ഡേ ആഘോഷിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ കേരള ഗവണ്മെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ കോഴ്സ് ആയ ഫാഷൻ ഡിസൈനിങ് ആൻഡ് ഗാർമെന്റ് ടെക്നോളജിയുടെ 2025 ബാച്ചിന്റെ ഫ്രഷേഴ്സ് ഡേ ആഘോഷിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. പി. എ. ജോസ് അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ പരിപാടി ഉദ്ഘാടനം ചെയ്തു. സെന്റർ ഇൻ ചാർജ് ജാൻസി ജിജോ, സ്റ്റാഫ് സെക്രട്ടറി ചിഞ്ചു മരിയ, ട്രെയിനർമാരായ ജിസ്ന ജോർജ്, കൃഷ്ണേന്ദു പി.എസ് എന്നിവർ സംസാരിച്ചു. വിവിധ കലാപരിപാടികൾ നടത്തി. പരിപാടിക്ക് രണ്ടാം വർഷ വിദ്യാർത്ഥികൾ ആയ ഷിബില കൃഷ്ണ, ആൻമരിയ ഒ.ജെ, ആദിത്യജയൻ, അലീന മാത്യു എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (sws)**

**sws മീറ്റിംഗ്**

മംഗലശ്ശേരി, ചുങ്കക്കുന്ന്, ജൂഡ്സ്മൗണ്ട്, അരിഞ്ചേർമല, വാളേരി, സീതാമൗണ്ട്, കൊട്ടിയൂർ, കണിയാരം, എടയൂർകുന്ന്, പടമല, കമ്മന, ആറാട്ടുതറ, തൃശ്ശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, ഒണ്ടയങ്ങാടി, നടവയൽ, പട്ടാണികൂപ്പ്, മരകാവ്, കബനിഗിരി, കല്ലോടി, നിരവിൽപ്പുഴ, ശശിമല എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫെയർ സൊസൈറ്റി മീറ്റിംഗുകൾക്ക് ഫാ. ജോജോ ഔസേപറമ്പിൽ, SWS കോഡിനേറ്റർമാരായ കെവിൻ സുനിൽ, ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഗ്രൂപ്പ് രൂപീകരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധങ്ങളായ പ്രോജക്ടുകളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ വട്ടത്താനി, പൂതാടി, കൈതക്കൽ, എടത്തന, കോറോം, ചേലൂർ, പുളിക്കംവയൽ, കമ്മന എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുൽപ്പന്ന നിർമ്മാണ പരിശീലനം നടത്തി**

നിരവിൽപുഴ, പിലാക്കാവ് എന്നീ സ്ഥലങ്ങളിൽ നിർമ്മാണ പരിശീലനം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ** - ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം

(Department for  Labour and Welfare - Diocese of Mananthavady)

**ഫാമിലി ഹെൽത്ത് കെയർ - തുടർച്ച**

കുടുംബങ്ങളുടെ സുരക്ഷ മുൻനിർത്തി നടപ്പിലാക്കിയ ഫാമിലി ഹെൽത്ത് കെയർ - ആരോഗ്യ ഇൻഷൂറൻസിന്റെ തുടർച്ചയായി 100 കുടുംബങ്ങൾക്ക് കൂടി സഹായം നല്കാൻ കഴിയും. 5 ലക്ഷം രൂപയായിരിക്കും കവറേജ്. പ്രീമിയം തുകയുടെ നിശ്ചിത ഭാഗം സഹായമായി നല്കും. തൊഴിലാളികളും സാമ്പത്തിക പരിമിതി യുള്ളവരുമായ സാധാരണ കുടുംബങ്ങളെയാണ് ഉദ്ദേശിക്കുന്നത്. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**സംരംഭകർക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തു**

സംരംഭകത്വ പരിശീലനത്തിൽ പങ്കെടുത്തവരും തയ്യൽ ക്ഷേമനിധി അംഗങ്ങളുമായവരും, തയ്യൽ സംരംഭം തുടങ്ങാൻ സന്നദ്ധത അറിയിച്ചവരുമായ ഇരുപത് പേർക്ക് സൗജന്യമായി തയ്യൽ മെഷീൻ നല്കി.

പദ്ധതിയുടെ രൂപതാ തല ഉദ്ഘാടനം അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് നിർവഹിച്ചു. ചടങ്ങിൽ WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അധ്യക്ഷത വഹിച്ചു. KLM രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ പദ്ധതി വിശദീകരിച്ചു. WSSS പ്രോഗ്രാം ഓഫീസർ പി.എ. ജോസ്, KLM രൂപതാ പ്രസിഡന്റ് ബിജു പോൾ, കോഡിനേറ്റർ മിനിമോൾ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**ഗാർമെന്റ്സ് യൂണിറ്റ് നിലമ്പൂർ**

നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഇടവകയിൽ കെ.എൽ.എം ന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഗാർമെന്റ് യൂണിറ്റിലെ അംഗങ്ങൾക്ക് തയ്യൽ മെഷീനുകൾ നല്കി. ഇതിന്റെ വിതരണോദ്ഘാടനം ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ നിർവഹിച്ചു. റീജിയണൽ കോഡിനേറ്ററും ഇടവകാ കോഡിനേറ്ററുമായ ജോയി ചാച്ചിറ നേതൃത്വം നല്കി. ഇടവകയിലെ കൈക്കാരൻമാരും യൂണിറ്റ് അംഗങ്ങളും പങ്കെടുത്തു.

**ലേബർ ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനം ചെയ്തു**

ജീവസ് & കെ.എൽ.എം ന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ച ജനസേവന കേന്ദ്രത്തിന്റെയും ലേബർ ഫെസിലിറ്റേഷൻ സെന്ററിന്റെയും പുതിയ യൂണിറ്റ് WSSSൽ പ്രവർത്തനം ആരംഭിച്ചു.

WSSS ഏറ്റെടുത്ത് നടത്തുന്ന സെന്ററിന്റെ വെഞ്ചിരിപ്പ് കർമ്മവും ഉദ്ഘാടനവും അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് നിർവഹിച്ചു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ സഹകാർമ്മികനായിരുന്നു. ജീവസ് & കെ.എൽ.എം ഡയറക്ടർ, WSSS പ്രോഗ്രാം ഓഫീസർ പി.എ. ജോസ്, KLM രൂപതാ പ്രസിഡന്റ്, കോഡിനേറ്റർ, WSSS സ്റ്റാഫ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**ജീവസ് എക്കോ ഷോപ്പ്**

ജീവസ് & കെ. എൽ. എം വിഭാവനം ചെയ്ത എക്കോ ഷോപ്പിന്റെ ആദ്യയൂണിറ്റ് ദ്വാരകയിലുള്ള കോർപ്പറേറ്റ് കോംപ്ലക്സിൽ പ്രവർത്തനം ആരംഭിച്ചു. ടീം അംഗം ജോൺസൺ ചിറായിൽ ഏറ്റെടുത്ത ജനസേവന കേന്ദ്രത്തോടൊപ്പമാണ് എക്കോ ഷോപ്പും ആരംഭിച്ചത്. ഷോപ്പിന്റെ വെഞ്ചിരിപ്പ് പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോസഫ് പരുവുമ്മേൽ നിർവഹിച്ചു. ഫാ. തോമസ് കച്ചിറയിൽ, ഫാ. സന്തോഷ് ഒറവാറംതറ, ഫാ. ബാബു മൂത്തേടത്ത്, ഫാ. ജേക്കബ് പനയ്ക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

**പാരിഷ് സെമിനാർ**

എള്ളുമന്ദം ഇടവകയിൽ നടന്ന രക്ഷാകർത്തൃ സെമിനാറിനോടനുബന്ധിച്ച് ജീവസ്സ് & കെ.എൽ.എം പ്രവർത്തനങ്ങൾ രൂപതാ ഡയറക്ടർ വിശദീകരിച്ചു. ഇടവക വികാരി ഫാ. ജോമേഷ് തേക്കിലക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. പാരീഷ് കോഡിനേറ്റർ പി.എ ജോസ് നേതൃത്വം നല്കി.

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ ചേർന്ന് 60 വയസ്സായ 3 വ്യക്തികൾക്ക് സെപ്റ്റംബർ മാസം പെൻഷൻ ലഭിച്ചു തുടങ്ങി. വിവിധ ക്ഷേമനിധികളിൽ ചേർന്ന അംഗങ്ങളുടെ എസ്.എസ്. എൽ.സി, പ്ലസ് വൺ, പ്ലസ് ടു വരെയുള്ള 23 മക്കൾക്ക് സ്കോളർഷിപ്പ് ലഭിച്ചു. ഉപരിപഠനത്തിന് എട്ടു പേർക്ക് ലഭിച്ചു.

**ക്ഷേമനിധി രജിസ്ട്രേഷൻ**

ഒക്ടോബർ 30ന് തയ്യൽ ക്ഷേമനിധിയിൽ പുതിയ അംഗങ്ങളുടെ രജിസ്ട്രേഷൻ നടക്കുന്നതാണ്.

**സ്വാവലംബൻ**

കേന്ദ്രഗവൺമെന്റ് പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ ചേർന്ന് 60 വയസ്സ് പൂർത്തിയായ 18 പേർക്ക് ഈ മാസം റിട്ടയർമെന്റ് തുക ലഭിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ, KLM

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. SAFP – FDP പ്രോജക്ട് വിവരശേഖരണം**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ട് NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ മുന്നൊരുക്കമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുവാൻ അനുയോജ്യരായ ആളുകളെ കണ്ടെത്തുന്നതിനു വേണ്ടിയുള്ള വിവരശേഖരണം NDS അസി. ഡയറക്ടർ ഫാ. നിഷ്വിൻ തേൻപള്ളിലിന്റെ നേതൃത്വത്തിൽ പ്രോജക്ട് കോഡിനേറ്റർ ജോഷി, ജൂഡ് മാർട്ടിൻ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തി വരുന്നു. ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിലെ ആറാട്ടുപാറ, എല്ല മല, പെരിയശോല, ചൂണ്ടി, കാമരാജ് നഗർ, ധർമ്മഗിരി, ചെളിവയൽ, നാടുകാണി, ദേവാല, ചേരംകോട്, ചേരമ്പാടി, എരുമാട്, കയ്യൂന്നി, അമ്പലവയൽ, പാട്ടവയൽ, കൽപ്ര, പൊന്നാനി, ഉപ്പട്ടി, നെല്ലാക്കോട്ട, ദേവർഷോല, ശ്രീമധുര, ബോസ്പാറ, പുത്തൂർവയൽ, തൊറപ്പള്ളി, തൊപ്പകാട്, മസിനഗുഡി പ്രദേശങ്ങളിലുള്ളവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**2. അസിം പ്രേംജി ഫൗണ്ടേഷൻ: കുടിവെള്ള പദ്ധതി – ഫീൽഡ് വിസിറ്റ്**

അസിം പ്രേംജി ഫൗണ്ടേഷനും NDS സംയുക്തമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ട്രൈബൽ ആളുകൾക്കുവേണ്ടിയുള്ള കുടിവെള്ളം പദ്ധതിയുടെ ഫീൽഡ് സന്ദർശനം NDS അസി. ഡയറക്ടർ ഫാ. നിഷ്വിൻ തേൻപള്ളിലിന്റെ നേതൃത്വത്തിൽ പ്രോജക്ട് കോഡിനേറ്റർ ജോഷി, ജൂഡ് മാർട്ടിൻ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയും കുടിവെള്ളം വിതരണം ആവശ്യമുള്ള കോളനികൾ കണ്ടെത്തുകയും ചെയ്തു.

**3. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

ഒക്ടോബർ മാസം 7-ാം തീയതി കയ്യൂന്നി, പാട്ടവയൽ പ്രദേശങ്ങളിലും, 8-ാം തീയതി ബെക്കി, കുന്നലാടി, പ്രദേശങ്ങളിലും, 8-ാം തീയതി പാട്ടവയലിലും പാലിയേറ്റീവ് ശുശ്രൂഷകൾക്കു വേണ്ടി പോകുകയും, രോഗികളെ സന്ദർശിച്ച് അവർക്ക് ആവശ്യമായ Catheterization, wound dressing, ബി. പി, ഷുഗർ പരിശോധന എന്നീ പരിചരണങ്ങൾ നൽകുകയും ചെയ്തു. കുന്നലാടി കോളനിയിൽ നിന്നും പുതിയതായി 4 രോഗികളെ കണ്ടെത്തുകയും അവർക്ക് മരുന്നും അല്പം ഭക്ഷണവും നല്കുകയും ചെയ്തു. ഈ മാസം 55 ഓളം രോഗികളെ അവരുടെ ഭവനങ്ങളിൽ പോയി സന്ദർശിക്കുവാനും അവർക്കുവേണ്ടി ഈശോയുടെ നാമത്തിൽ പ്രാർത്ഥിക്കുവാനും,

അവർക്ക് ആവശ്യമായ പരിചരണവും, മരുന്നുകളും നൽകുവാനും സാധിച്ചു. ആളുകളിൽ നിന്നും ലഭിച്ച ധനസഹായം ആത്യാവശ്യമുള്ള രോഗികൾക്ക് നല്കി.

**4. കരുണൈ ആംബുലൻസ് സർവ്വീസ്**

ഈ മാസം ആംബുലൻസ് പാട്ടവയൽ, ബത്തേരി, മണിമൂളി, കുന്നലാടി, മേപ്പാടി, കോഴിക്കോട് എന്നീ പ്രദേശങ്ങളിൽ രോഗികളുമായി പോകുകയും, നിർദ്ദനരായ രോഗികൾക്ക് ആംബുലൻസിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു.

**5. മേഖലാ ഇവാലുവേൻ മീറ്റിംഗ്**

NDS ന്റെ മേഖലാ ഇവാലുവേഷൻ മീറ്റിംഗ് 18.10.2025 ന് ശനിയാഴ്ച രാവിലെ 11 മണി മുതൽ NDS മേഖലാ ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ മീറ്റിംഗിന് നേതൃത്വം വഹിച്ചു. NDS വിമലഗിരി, ബോസ്പാറ, കയ്യൂന്നി, കൽപ്ര, ധർമ്മഗിരി യൂണിറ്റിലെ കോഡിനേറ്റർമാർ അതാത് യൂണിറ്റുകളുടെ കഴിഞ്ഞ രണ്ട് മാസത്തെ പ്രവർത്തന റിപ്പോർട്ടും ക്രഡിറ്റ് യൂണിയന്റെ കണക്കും അവതരിപ്പിച്ചു. യൂണിറ്റുകളിൽ നടപ്പിലാക്കിയ മികച്ച പ്രവർത്തനങ്ങളെ എടുത്ത് പറഞ്ഞ് അച്ചൻ യൂണിറ്റിന് മേഖലയുടെ അഭിനന്ദനങ്ങൾ അറിയിച്ചു. തുടർന്ന് വരും മാസങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന SAFP പ്രോഗ്രാമിനെ കുറിച്ചും, യൂണിറ്റിൽ ഇന്റേണൽ ഓഡിറ്റിംഗ് നടപ്പിലാക്കേണ്ടതിന്റെ പ്രധാന്യത്തെക്കുറിച്ചും, നവം. 14 ഇന്റർനാഷണൽ ഡയബറ്റിക് ഡേ ദിനാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അച്ചൻ വിശദീകരിച്ചു.

**6. യൂണിറ്റ് തല പ്രവർത്തനങ്ങൾ**

**ബോസ്പാറ യൂണിറ്റ്**

ബോസ്പാറ യൂണിറ്റിന്റെ എക്സിക്യൂട്ടീവ്, വിലയിരുത്തൽ മീറ്റിങ്ങുകൾ നടത്തി യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഗാന്ധിജയന്തി പ്രമാണിച്ച് പൊതു ഇടങ്ങൾ ശുചീകരണം നടത്തി. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ രോഗീ സന്ദർശനവും അനാഥാലയ സന്ദർശനവും നടത്തി, സാമ്പത്തിക സഹായം നൽകി. യൂണിറ്റിലെ ഒരംഗത്തിന്റെ അടുക്കളയുടെ നിർമ്മാണത്തിന് സഹായിച്ചു.

**വിമലഗിരി യൂണിറ്റ്**

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. പ്രതീക്ഷ ഗ്രൂപ്പ് റോഡിന്റെ ഇരുവശങ്ങളിലെയും കാട് വെട്ടി വൃത്തിയാക്കുകയും രോഗീ സഹായമായി 2000 രൂപ നൽകുകയും ചെയ്തു. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ രോഗീ സന്ദർശനം നടത്തപ്പെട്ടു. യൂണിറ്റിന്റെ നേതൃത്വത്തിൽ ബയോ

വിൻ SIGWE കറിമസാല പൊടികളുടെ വിപണനം ആരംഭിച്ചു. യൂണിറ്റിന്റെ ഇന്റേണൽ ഓഡിറ്ററായി ശ്രീ. തങ്കച്ചൻ സാറിനെ നിയമിച്ചു.

**കൽപ്ര യൂണിറ്റ്**

കൽപ്ര യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് കമ്മിറ്റി മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തുകയും യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും, കണക്കും അവതരിപ്പിക്കുകയും ചെയ്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ കുന്നലാടിയിലെ ഒരു കിഡ്നി രോഗിയെ സന്ദർശിച്ച് 5000 രൂപ സാമ്പത്തിക സഹായം നൽകി. വിദ്യാഭ്യാസ ലോൺ ഇനത്തിൽ 250000/ നല്കി. ആവേമരിയ ഗ്രൂപ്പ് രോഗി സഹായമായി 1000/ രൂപ നല്കി. ബയോവിൻ കറിമസാലകളുടെ വിപണനം നടത്തിവരുന്നു. SAFP ഓഫീസിൽ നിന്നും ശ്രീ. ജയകൃഷ്ണൻ യൂണിറ്റ് സന്ദർശനം നടത്തുകയും എക്സിക്യൂട്ടീവ് അംഗങ്ങളുമായി സംസാരിക്കുകയും ചെയ്തു.

**ധർമ്മഗിരി യൂണിറ്റ്**

ധർമ്മഗിരി യൂണിറ്റിന്റെ കർമ്മസമിതി മീറ്റിംഗും ഇവാലുവേഷൻ മീറ്റിംഗും ഒരേ ദിവസം നടത്തപ്പെട്ടു. അന്ന് യൂണിറ്റിന്റെ വാർഷിക കണക്ക് അവതരിപ്പിച്ചു. യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ചുമമരുന്ന്, വിഷ്ണുതൈലം, എന്നിവയുടെയും, ബയോവിൻ കറിമസാലകളുടെയും വിപണനം നടത്തി വരുന്നു. സെപ്റ്റംബർ മാസത്തിൽ ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കി. SAFP ഓഫീസിൽനിന്നും ശ്രീ. ജയകൃഷ്ണൻ യൂണിറ്റ് സന്ദർശനം നടത്തുകയും എക്സിക്യൂട്ടീവ് അംഗങ്ങളുമായി സംസാരിക്കുകയും ചെയ്തു. യൂണിറ്റിലെ ഒരംഗത്തിന്റെ കുട്ടിയുടെ ചികിത്സാ സഹായമായി 10000/ രൂപ നല്കി.

**കയ്യൂന്നി യൂണിറ്റ്**

കയ്യൂന്നി യൂണിറ്റിന്റെ നേതൃത്വത്തിൽ കമ്മിറ്റി മീറ്റിംഗ്, ഇവാലുവേഷൻ മീറ്റിംഗ് എന്നിവ നടത്തപ്പെട്ടു. സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി ക്വിസ് മത്സരം നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. 2025 ഓഗസ്റ്റ് 26 അന്തർദേശീയ സ്ത്രീസമത്വ ദിനാചരണം നടത്തി. ദിനാചരണത്തിന്റെ ഭാഗമായി യൂണിറ്റ് ആംഗങ്ങൾക്കു വേണ്ടി ശ്രീ. സാലി കുര്യന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. മേഖലയുടെ നേതൃത്വത്തിൽ യൂണിറ്റിന്റെയും ഗ്രൂപ്പുകളുടെയും ഓഡിറ്റിങ്ങുകൾ പൂർത്തിയാക്കി. ഓണാഘോഷ ഭാഗമായി ഓൺലൈനായി പൂക്കളമത്സരം നടത്തി.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**
ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

# കത്തോലിക്കാ കോൺഗ്രസ്സ് AKCC

## നേതൃത്വ ശിൽപ്പ ശാല

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ, മാനന്തവാടി രൂപതയിലെ കത്തോലിക്കാ കോൺഗ്രസ് നേതാക്കളെയും അടുത്ത തദ്ദേശ തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ സാധ്യതകൾ ഉള്ളവർക്കുമായി ഏകദിന ശില്പശാല സെപ്റ്റംബർ 27ന് ശനിയാഴ്ച ദ്വാരക കോർപ്പറേറ്റ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. വയനാട് ജില്ലയിലെയും ചുങ്കക്കുന്ന് ഫൊറോനയിലെയും ഇടവകകളിൽ നിന്നായി 338 നേതാക്കന്മാർ ശില്പശാലയിൽ പങ്കെടുത്തു. ശിൽപ്പശാലയുടെ തുടക്കം കുറിച്ചുകൊണ്ട് രൂപതാ വൈസ് പ്രസിഡന്റ് റെനിൽ കഴുതാടിയിൽ പതാക ഉയർത്തി. മാനന്തവാടി രൂപതാമെത്രാൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം നിർവഹിച്ചു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ ട്രഷറർ സജി ഫിലിപ്പ് നന്ദി അർപ്പിച്ചു.

ഗ്ലോബൽ പ്രസിഡന്റ് പ്രൊഫസർ രാജീവ് കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ഡോ. ജോസ്കുട്ടി ജെ ഒഴുകയിൽ, ഗ്ലോബൽ വൈസ് പ്രസിഡന്റുമാരായ ബെന്നി ആൻറണി, ട്രീസ ലിസ് സെബാസ്റ്റ്യൻ എന്നിവർ ശില്പശാലയ്ക്കും ക്ലാസ്സുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി. രൂപതാ നേതാക്കളായ സാജു പുലിക്കോട്ടിൽ അഡ്വ. ഗ്ലാഡീസ് ചെറിയാൻ, തോമസ് പഴൂക്കാല, സജി ഇരട്ടമുണ്ടക്കൽ, തോമസ് പട്ടമന, റെജിമോൻ പുന്നോലിൽ, ഡോ. കെ പി സാജു, ജോസ് മഠത്തിക്കുന്നേൽ, മോളി മാമൂട്ടിൽ മെസ്സി, ബീന കരിമാംകുന്നേൽ, റെജിമോൻ പുന്നോലിൽ എന്നിവർ നേതൃത്വം നൽകി. ശ്രീ. ജിജോ മംഗലത്ത് ജനറൽ കൺവീനറും, ശ്രീ. റെനിൽ കഴുതാടിയിൽ, എന്നിവർ കോഡിനേറ്ററുമായ സ്വാഗതസംഘം ശില്പശാലയുടെ മേൽനോട്ടം വഹിച്ചു. ബഹുമാന്യരായ വൈദികരുടെ സാന്നിധ്യം ഏറെ പ്രോത്സാഹനജനകമായിരുന്നു.

**മാർ ജേക്കബ് തൂങ്കുഴി അനുസ്മരണം**

കത്തോലിക്ക കോൺഗ്രസ് രൂപതാ സമിതിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 27ന് ശനിയാഴ്ച ദ്വാരകയിലെ കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് മാനന്തവാടി രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ അനുസ്മരണ സമ്മേളനം നടത്തി. മാനന്തവാടി ഫൊറോന കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ ഫാ. ജെയിംസ് പുത്തൻപറമ്പിൽ അനുസ്മരണ പ്രഭാഷണം നടത്തി ഗ്ലോബൽ വൈസ് പ്രസിഡന്റ് ഡോ. കെ. പി. സാജു കൊല്ലപ്പള്ളി അധ്യക്ഷത വഹിച്ചു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരയ്ക്കൽ, ട്രഷറർ സജി ഫിലിപ്പ്, തോമസ് പട്ടമന, സാജു പുലിക്കോട്ടിൽ എന്നിവർ സംസാരിച്ചു.

**അവകാശ സംരക്ഷണയാത്ര**

നീതി ഔദാര്യമല്ല അവകാശമാണ് എന്ന മുദ്രാവാക്യവുമായി കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അവകാശ സംരക്ഷണയാത്രയ്ക്ക് മാനന്തവാടി രൂപതയിൽ ഉജ്ജ്വല സ്വീകരണം നൽകി. സാമുദായിക ശക്തികരണം രാഷ്ട്ര പുരോഗതിക്ക് എന്നതായിരുന്നു ജാഥയുടെ പൊതു സന്ദേശം. ഗ്ലോബൽ പ്രസിഡന്റ് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ ജാഥാ ക്യാപ്റ്റനായ അവകാശ സംരക്ഷണയാത്രയിൽ അഞ്ച് പ്രധാന അവകാശങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്.

1 മതേതരത്വം ഭരണഘടന സംരക്ഷണം
2 ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് നടപ്പിലാക്കുക.
3 വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരം കാണുക.
4 കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുക.
5 വിദ്യാഭ്യാസ ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുക.

അവകാശ സംരക്ഷണയാത്രക്ക് ഒക്ടോബർ 15ന് മാനന്തവാടി രൂപതയിൽ ചുങ്കക്കുന്ന്, കൽപ്പറ്റ, ബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ സ്വീകരണം നൽകി.

**ചുങ്കക്കുന്ന്:** ചുങ്കക്കുന്ന് ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ ചുങ്കക്കുന്ന് ഫാത്തിമമാതാ ദേവാലയത്തിൽ രാവിലെ 7.30 ന് വാദ്യമേളങ്ങളോടെ സ്വീകരിച്ചു. ചുങ്കക്കുന്ന് ഫൊറോന വികാരി

റവ. ഫാ. പോൾ കൂട്ടാല, രൂപതാ ഡയറക്ടർ ജോബി മുക്കാട്ടു കാവുങ്കൽ, രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, എന്നിവർ ഷാൾ അണിയിച്ച് ജാഥയെ മാനന്തവാടി രൂപതയിലേക്ക് സ്വീകരിച്ചു. ചുങ്കക്കുന്നിലെ സ്വീകരണ സമ്മേളനം ഫൊറോന വികാരി റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. രൂപതാ പ്രവർത്തകസമിതി അംഗം ജിൽസ് മേക്കൽ സ്വാഗതം ആശം സിച്ചു. ഫൊറോന പ്രസിഡന്റ് ശ്രീ. മാത്യു അധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ ഫാ. ടോമി പുത്തൻപുര അനുഗ്രഹ പ്രഭാ ഷണം നടത്തി. ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നും പ്രസിഡണ്ട്മാർ, വിൻസെന്റ് ഡി പോൾ, കെ.സി.വൈ.എം., മിഷൻ ലീഗ്, മാതൃവേദി, സൺഡേസ്കൂൾ പ്രധാന അധ്യാപകർ, വൈദി കർ എന്നിവർ ഹാരാർപ്പണം നടത്തി. ഗ്ലോബൽ വൈസ്പ്രസിഡന്റ് രാജേഷ് ജോൺ, വിഷയാവതരണ പ്രസംഗം നടത്തി. ഡോ . ജോസുകുട്ടി ജെ ഒഴുകയിൽ, ട്രഷറർ ടോണി പുഞ്ചകുന്നേൽ, യൂണിറ്റ് പ്രസിഡന്റ് ബിജു പോൾ പൊയ്ക്കുത്തേൽ എന്നിവർ സംസാരിച്ചു. ജാഥാക്യാപ്റ്റൻ പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ മറുപടി പ്രസംഗം നടത്തി. ചുങ്കക്കുന്ന് ഫൊറോനയിലെ ഭൂരി പക്ഷം ഇടവക വൈദികരും സമ്മേളനത്തിൽ പങ്കാളികളായി. ഇത് ഏറെ പ്രോത്സാഹനജനകമായിരുന്നു.

**കൽപ്പറ്റ:** തരിയോട്, നടവയൽ, കൽപ്പറ്റ ഫൊറോനകളുടെ നേതൃത്വത്തിൽ, ഉച്ചയ്ക്ക് 11 മണിക്ക് കൽപ്പറ്റയിൽ അവകാശ സംരക്ഷണയാത്രയ്ക്ക് സ്വീകരണം നൽകി. വാദ്യമേളങ്ങളോടെ ക്യാപ്റ്റനെ സ്വീകരണ സ്ഥലത്തേക്ക് ആനയിച്ചു. സ്വീകരണ യോഗത്തിൽ ഗ്ലോബൽ വൈസ് പ്രസിഡൻറ് ഡോ. കെ.പി. സാജു കൊല്ലപ്പള്ളി അദ്യക്ഷത വഹിച്ചു. തരിയോട് ഫൊറോന വികാരി റവ. ഫാ. തോമസ് പ്ലാശനാൽ ഉദ്ഘാടനം ചെയ്തു. കൽപ്പറ്റ ഫൊറോന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനാ സന്ദേശം നൽകി. രൂപതാ ട്രഷറർ സജി ഫിലിപ്പ് സ്വാഗതം ആശംസിച്ചു. ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ ഒഴുകയിൽ, രാജേഷ് ജോൺ, ട്രീസ ലിസ് സെബാസ്റ്റ്യൻ, ബെന്നി ആൻറണി, ഫൊറോന പ്രസിഡന്റുമാരായ മാത്യു ചോമ്പാല, വിൻസെന്റ് ചാരുവേലിൽ, രൂപത സെക്രട്ടറി ജോൺസൺ കുറ്റിക്കാട്ടിൽ, എന്നിവർ പ്രസംഗിച്ചു. വിവിധ ഫൊറോനകളിൽ നിന്ന് വന്ന യൂണിറ്റ് പ്രസിഡണ്ടുമാരും, വിവിധ സംഘടനാ നേതാക്കന്മാരും,

വൈദികരും, ജാഥാ ക്യാപ്റ്റനെ ഷാൾ അണിയിച്ചു. രൂപതാ സെക്രട്ടറി സജി ഇരട്ട മുണ്ടയ്ക്കൽ നന്ദി അർപ്പിച്ചു.

**ബത്തേരി:** ഉച്ചയ്ക്ക് ശേഷം രണ്ടുമണിക്ക് അവകാശ സംരക്ഷണ യാത്രയ്ക്ക് ബത്തേരി ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ ബത്തേരി സ്വതന്ത്ര മൈതാനിയിൽ സ്വീകരണം നൽകി. രൂപതാ വൈസ് പ്രസിഡന്റ് ശ്രീ. സാജു പുലിക്കോട്ടിൽ അധ്യക്ഷത വഹിച്ചു. ഫൊറോന വികാരി റവ. ഫാ. തോമസ് മണക്കുന്നേൽ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജോസ് മേച്ചേരിൽ സന്ദേശം നൽകി. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ ഒഴുകയിൽ, ഇടുക്കി രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ, ഗ്ലോബൽ വൈസ് പ്രസിഡണ്ടുമാരായ രാജേഷ് ജോൺ, ബെന്നി ആന്റണി, രൂപതാ ഭാരവാഹികളായ മോളി മാമൂട്ടിൽ, ചാൾസ് വടാശേരിൽ, തോമസ് പട്ടമന, എന്നിവർ നേതൃത്വം നൽകി. യൂണിറ്റ് പ്രസിഡൻറ് ജേക്കബ് ബത്തേരി നന്ദി പറഞ്ഞു.

**മാനന്തവാടി:** കല്ലോടി, പയ്യമ്പള്ളി, മുള്ളൻകൊല്ലി, ദ്വാരക, മാനന്തവാടി ഫൊറോനകളുടെ നേതൃത്വത്തിൽ, മാനന്തവാടിയിൽ വച്ച് അവകാശ സംരക്ഷണയാത്രയ്ക്ക് ഉജ്ജ്വല സ്വീകരണം നൽകി. ലിറ്റിൽ ഫ്ളവർ സ്കൂൾ ഗ്രൗണ്ടിൽ നിന്ന് ആരംഭിച്ച റാലി മാനന്തവാടി ഫെറോന ഡയറക്ടർ ഫാ. ജെയിംസ് പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത വൈസ് പ്രസിഡന്റ് റെനിൽ കഴുതാടിയിൽ സ്വാഗതം ആശംസിച്ചു. റാലിക്ക് ശേഷം മാനന്തവാടി ഗാന്ധി സ്ക്വയറിൽ ചേർന്ന് പൊതുസമ്മേളനം മാനന്തവാടി രൂപത ബിഷപ്പ് മാർ ജോസഫ് പെരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരയ്ക്കൽ സ്വാഗതം പറഞ്ഞു. രൂപതാ വികാരി ജനറാൾ മോൺ. ഫാ. പോൾ മുണ്ടോളിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി.

ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ആമുഖ പ്രഭാഷണവും ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ ഒഴുകയിൽ വിഷായാവതരണവും നടത്തി. ഇടുക്കി രൂപത പ്രസിഡന്റ് ശ്രീ. ജോർജ് കൊയിക്കൻ മുഖ്യപ്രഭാഷണം നടത്തി. ഗ്ലോബൽ ട്രഷറർ അഡ്വ. ടോണി പുഞ്ചക്കുന്നേൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ്മാരായ ബെന്നി ആൻറണി, ട്രീസ ലിസ് സെബാസ്റ്റ്യൻ,

രാജേഷ് ജോൺ, രൂപതാ നേതാക്കളായ റെജിമോൻ പുന്നോലിൽ, തോമസ് പഴൂക്കാല, അന്നക്കുട്ടി ഉണ്ണിക്കുന്നേൽ, അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ജോസ് മഠത്തിക്കുന്നേൽ, ഫൊറോന പ്രസിഡൻറ് മാരായ റോബി ടി.ജെ, ജിജോ മംഗലത്ത്, സേവ്യർ കൊച്ചു കുള ത്തിങ്കൽ, സുനിൽ പാലമറ്റം എന്നിവർ നേതൃത്വം നൽകി. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ നന്ദി പറഞ്ഞു.

ഫൊറോന ഡയറക്ടർമാരായ ഫാ. വിനോദ് പാക്കാനി ക്കുഴി, ഫാ. ബിജോ കറുകപ്പള്ളി, ഫാ. ജസ്റ്റിൻ, ഫാ. ജോസ് കപ്യാരുമലയിൽ, ധാരാളം വൈദികർ, സന്യസ്തർ, അൽമായർ എന്നിവർ സ്വീകരണ സമ്മേളനത്തിൽ പങ്കാളികളായി. വിവിധ യൂണിറ്റ് ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ, വൈദികർ, സന്യസ്തർ എന്നിവർ ജാഥാ ക്യാപ്റ്റനെ ഷാൾ അണിയിച്ചു. ജാഥാ ക്യാപ്റ്റൻ രാജീവ് കൊച്ചുപറമ്പിൽ മറുപടി പ്രസംഗം നടത്തി.

അവകാശ സംരക്ഷണയാത്രയ്ക്ക് ആവേശോജ്ജ്വലമായ സ്വീകരണം നൽകാൻ കഠിനാദ്ധ്വാനം ചെയ്ത എല്ലാ നേതാക്കന്മാ രെയും, പ്രോത്സാഹനവും പിന്തുണയുമായി കൂടെ ആയിരുന്ന ബഹുമാനപ്പെട്ട വൈദികരെയും, ഏറെ നന്ദിയോയും അഭിമാന ത്തോടും കൂടി ഓർക്കുന്നു. യാത്രയിൽ പങ്കെടുത്ത അംഗങ്ങൾക്ക് ഭക്ഷണം തയ്യാറാക്കിയ ചുങ്കക്കുന്ന് ഫൊറോനയിലെയും കൽപ്പറ്റ യൂണിറ്റിലെയും ഭാരവാഹികളെയും, രാത്രി താമസവും ഭക്ഷണവും ഒരുക്കിത്തന്ന പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോസഫ് പരുവുമ്മേൽ അച്ചനെയും നന്ദിപൂർവം ഓർക്കുന്നു.

**തീർത്ഥാടന യാത്ര**

കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ വിവിധ തീർത്ഥാടന കേന്ദ്രങ്ങളെയും വിനോദസഞ്ചാര കേന്ദ്രങ്ങളെയും ചേർത്തിണക്കി യാത്രകൾ സംഘടിപ്പിക്കുന്നു.

**അംഗത്വ പ്രചരണവും പ്രവർത്തന ഫണ്ട് സമാഹരണവും**

കത്തോലിക്ക കോൺഗ്രസ് 2025 നവംബർ ഒന്നു മുതൽ 30 വരെ അംഗത്വ മാസാചരണവും പ്രവർത്തന ഫണ്ട് സമാഹരണവും നടത്തുന്നു. യൂണിറ്റ്, ഫൊറോന, രൂപതാ സമിതികളുടെ ഫണ്ട് ശേഖരണമാണ് ലക്ഷ്യമാക്കുന്നത്.

**ജോൺസൺ തൊഴുത്തുങ്കൽ**
കത്തോലിക്കാ കോൺഗ്രസ്, രൂപതാ പ്രസിഡണ്ട്

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസ വ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീട നാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസ പദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റരീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

മീനങ്ങാടി, പനമരം, തവിഞ്ഞാൽ, നെന്മേനി, പുൽപള്ളി എന്നിവിടങ്ങളിലായി 07 ICS കളുടെ ജൈവ സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തീകരിച്ചു. കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ ഇന്ത്യയിൽ

ഓർഗാനിക് ലേബലിൽ വിപണനം നടത്തണമെങ്കിൽ നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) എന്ന ഈ സർട്ടിഫിക്കേഷൻ നിർബന്ധമാണ്.

**സിഗ്വി സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്വിയിലൂടെ (SIGWE - Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉത്പ്പന്നങ്ങൾ ഉപയോഗിച്ച് മായം കലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം.

ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പു വരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായ പൊടികളും ബ്രേക്ക്ഫാസ്റ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്ലെറ്റിൽ ഇവ ലഭ്യമാണ്.

**സിഗ്വി ബസാർ അറുപതാമത് സ്റ്റാൾ പ്രവർത്തനമാരംഭിച്ചു**

ഇടവകകളിൽ ഇടവക ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സിഗ്വി ബസാർ സ്റ്റാൾ ഉത്ഘാടനവും വിപണനവും ശിശുമല, മുള്ളൻകൊല്ലി, പുൽപള്ളി, സീതാമൗണ്ട് ഇടവകകളിൽ നടന്നു.

സിഗ്വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയായാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്വി ബസാറിലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്ത്തല വാർഡ് അടിസ്ഥാനത്തിൽ വീട് വീടാന്തരം നേരിട്ട് വിപണനം നടത്തുന്നതുമായിരിക്കും.

ബയോവിൻ അഗ്രോ റിസേർച്ച് പത്താം വാർഷികത്തോട നുബന്ധിച്ച്, റീട്ടെയ്ൽ ബ്രാൻഡായ സിഗ്‌വിയിലൂടെ 'മായം കല രാത്ത ഉത്പന്നങ്ങൾ മിതമായ നിരക്കിൽ ജനങ്ങളിലേക്ക്' എന്ന ലക്ഷ്യത്തോടെ സിഗ്‌വി ഉത്പന്നങ്ങൾ കോമ്പോ പാക്കുകളായി വിപണിയിലെത്തിക്കുന്നു. ഇന്ത്യയിലെവിടെയും ആർക്കും വിപണനം നടത്തി വരുമാനമുണ്ടാക്കാം എന്നതാണ് പ്രത്യേകത. ഒക്ടോബർ 10 മുതൽ ജനുവരി 10 വരെയാണ് കാലാവധി. ഉപഭോക്താക്കൾക്കും മികച്ച രീതിയിൽ വിപണനം നടത്തുന്ന വിപണനക്കാരനും നറുക്കെടുപ്പ് വഴി ആകർഷകമായ സമ്മാനങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്. Mr. ലൻസ് ഫിലിപ്പ്: 8921595366 (info@sigwe.in)

**സംഭരണം**

പദ്ധതിയിൽ അംഗത്വമുള്ള കർഷകരിൽ നിന്നും സെപ്റ്റംബർ മാസം 349460 കിലോ കാപ്പി 260 രൂപ നിരക്കിലും 2119.7 കിലോ കുരുമുളക് 735 രൂപ നിരക്കിലും സംഭരിച്ചു.

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, UK, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**യുനെസ്കോ പ്രൊജക്ട് അവലോകനം:** യുനെസ്കോയുടെ ആഭിമുഖ്യത്തിൽ ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി മീഡിയ വിങ്ങും റേഡിയോ മാറ്റൊലിയും സംയുക്തമായി നടപ്പിലാക്കുന്ന Transforming MENtalities – Engaging men and boys through Community Radio എന്ന പ്രൊജക്ടിന്റെ വിലയിരുത്തൽ സെപ്റ്റംബർ 23, 24 തിയ്യതികളിൽ നടത്തി. ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ പ്രൊജക്ട് കോ ഓർഡിനേറ്റർ ട്രീസ പ്രോഗ്രാമുകളേക്കുറിച്ചുള്ള വിശകലനം നടത്തി. പായോട് സായാഹ്ന സ്വാശ്രയ സംഘം, പയിങ്ങാട്ടിരി ഗ്രാമം എന്നിവിടങ്ങളിൽ പ്രൊജക്ട് അവലോകന യോഗങ്ങൾ നടത്തി.

**എം. ഐ. ബി ഇൻസ്പെക്ഷൻ:** മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗിന്റെ നിർദ്ദേശപ്രകാരം റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി കോഴിക്കോട് ആകാശവാണിയിൽ നിന്നും ഒക്ടോബർ 13 ന് അസി. ഡയറക്ടർ പ്രേമരാജൻ സി.വി വന്നു.

**ആർ. ജെ ട്രെയിനിംഗ്:** ബത്തേരി ഡോൺ ബോസ്കോ കോളേജിൽ വിദ്യാർത്ഥികൾക്കായി ഒക്ടോബർ 17 ന് നടത്തിയ ആർ. ജെ ട്രെയിനിംഗ് പ്രോഗ്രാമിൽ റേഡിയോ മാറ്റൊലി അസി. ഡയറക്ടർ (പ്രോഗ്രാം) ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ ക്ലാസ്സ് നയിച്ചു.

**സന്ദർശനം:** കോഫീ ബോർഡിന്റെ മുൻ ഡെപ്യൂട്ടി ഡയറക്ടറും സ്മാർട്ട് കോഫീ മിഷൻ കേരള അഡ്വൈസർ ഡോ. ജോർജ്ജ് ഡാനിയേൽ കോഫീ ബോർഡിന്റെ വിവിധ പദ്ധതികളേക്കുറിച്ച് പ്രോഗ്രാം റെക്കോർഡ് ചെയ്തു.

**യാത്രയയപ്പ്:** ഉപരി പഠനാർത്ഥം വിദേശത്തേക്ക് പോയ റേഡിയോ മാറ്റൊലി ടെക്നീഷ്യൻ അജിൽ സാബുവിന് റേഡിയോ മാറ്റൊലി ടീം സെപ്റ്റംബർ 23 ന് യാത്രയയപ്പ് നൽകി.

**പഠനസന്ദർശനം:** കടമേരി ആർ. എ. സി. എച്ച്. എസ്. എസ് ലെ പ്ലസ്ടു വിദ്യാർത്ഥികൾ ഒക്ടോബർ 4 നും ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ ഒക്ടോബർ 9 നും പേരോട് എം.ഐ.എം ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ ഒക്ടോബർ 14 നും പരപ്പനങ്ങാടി എസ്.എൻ.എം ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ ഒക്ടോബർ 15 നും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

## Mary Matha Arts & Science College

**A Tribute to Rt. Rev. Dr. Jacob Thoomkuzhi**

The college community deeply mourns the passing of Rt. Rev. Dr. Jacob Thoomkuzhi, the beloved founder and first patron of our institution. His visionary leadership and unwavering commitment laid the very cornerstone of our college.

In a spirit of gratitude and reverence, the college staff members came together in prayer, joined by our Associate Manager, Rev. Fr. Sibichan Chelakkappilly, to solemnly commemorate the life and legacy of our dear Bishop. The entire college community united in heartfelt prayer, remembering a shepherd whose dreams shaped our future.

**Departments / Clubs Activities**

- The PG and Research Department of Computer Science organized a 3 Day *Web Designing and Development Bootcamp* in association with IQAC from 16 to 18 September 2025.
- IQAC organized *Rev. Dr. James Maruthukunnel Endowment quiz competition* on 17 September 2025.
- Research Department of Zoology and Bhoomitrasena organized a seminar on the topic *A Journey with Macaques: Exploring Bonnet Macaque Behaviour in a forest- Agricultural Mosaic Landscape* on 18 September 2025.
- IQAC in association with Knowise Learning Academy, Delhi organized a Skill Development programme: *Financial Wellness- Why should you get started young and early* on 23 September 2025.
- NSS celebrated National Service Scheme Day on 24 September 2025. Flag hoisting and *Butterfly Garden inauguration* was also organized as part of the celebration.
- PG and Research Department of Zoology presented *Bio Buzz Talk Series* on 24 September 2025.
- Department of Social Science Economics in association with Election Literacy club and District Administration Wayanad organized an interactive session in connection with the *International Day of Democracy* on 27 September 2025.

- Department of Commerce organized a *virtual Alumni* Meet on 28 September 2025.
- NCC Naval Wing celebrated *World Heart Day* on 29 September 2025.
- NSS organized a *campus cleaning* programme as part of Gandhi Jayanthi Celebration on 2 October 2025.
- Department of Hindi in association with IQAC organized *Gandhi Dinacharan Quiz Competition* on 3 October 2025.
- Student Service Centre in association with college union organized *World Mental Health Awareness* Programme on 3 October 2025.
- Department of Malayalam organized a seminar on 6 October 2025 on the topic *Janapriya Sahithyathinte Varthamanam*.
- PG and Research Department of Computer Science organized two day workshop on *Building Intelligent Systems using AI and ML* on 8-9 October 2025.
- Food Biotechnology organized *Salkaram Banquet* on 8 October 2025.
- Student Service Centre celebrated *World Mental Health* Day on 10 October 2025.
- Department of Commerce in association with IQAC organized *KOODE- Old age home visit* on 13 October 2025.

**Faculty Achievements**

- Dr. Sijo AK, Department of Physics published an article, *tailoring precursor concentrations to achieve improved structural, optical and electrical properties in copper tin sulphide thin-films* in Scopus indexed international journal, Journal of Material Science: Materials in Electronics, published by Springer Nature with impact factor 2.8.
- Dr. Sijo AK, Department of Physics published an article, *Tailoring $Co_3O_4$ Nanoparticles with $SiO_2$ for enhanced structural, morphological and magnetic properties* in Scopus indexed international journal, J. of Electronic Materials, published by Springer Nature with impact factor 2.5.

**Student / Alumni Achievements**

- Ms. Abhiya George received bronze medal in Kannur University Judo Championship.
- Ms. Rahasyamol M received gold medal in Kannur University

Inter Collegiate Archery Championship and got selected to Kannur University Team.

- Ms. Anusree K B received bronze Medal in Kannur University Judo Championship.
- NSS volunteers Ms. Rasla Fathima and Najiya P K of Social Science Economics Department completed a three day special camp held at Manjeshwar on 11 to13 September 2025.
- UO Najiya Nasrin got selected for PRE-IGC Launching Camp.
- UO Muhammed Sionan Completed ARMY Attachment camp 2 Madras Regiment from 13 September to 25 September 2025.
- CDT Vijin Lal completed National Trekking Camp held at Tirupati, Andra Pradesh.
- Amna Shirin NP of NCC Naval Wing received Rank Promotion to Cadet Captain.
- Ms. Athira Anil and Mr. Arjun Das of 2023-25 MSc Computer Science Batch were appointed as Junior Developers at MOJGENIE IT Solution Pvt. Limited.
- Ms. Anusree M P of 2020-23 Physics Batch received $5^{th}$ rank (State Wide), Kerala PSC Secretariat Office Attendant Exam.
- Thirteen students from our college participated in a training camp held at Bathery as part of the *THRIVE* Project, from October 6-8, 2025.

**Dr. Geetha Antony Pullen**
Principal in Charge

## ഫെഡാർ ഫൗണ്ടേഷൻ

**ജർമ്മൻ പ്രോഗ്രാം**

ഇക്കഴിഞ്ഞമാസം വന്ന റിസൾട്ടുകളിൽ ഫെഡാർ ലാങ്ഗ്വേജ് സ്കൂളുകളിൽ പഠിച്ച 7 കുട്ടികൾ B2 പാസ്സായി. അതോടൊപ്പം ഫെഡാർ ക്യാമ്പസുകളിൽ പഠിച്ച 15 കുട്ടികൾ ഫെഡാർ ഫൗണ്ടേഷൻ വഴി തന്നെ മൈഗ്രേഷൻ പൂർത്തിയാക്കി ജർമ്മനിയിൽ എത്തിച്ചേർന്നു.

**ഫെഡാർ കണക്ട്**

FEDAR Connect മെന്റേഴ്സ് പുതിയിടംകുന്ന്, പാടിച്ചിറ, കണിയാരം, യവനാർകുളം, ചുള്ളിയാന, കല്ലുവയൽ, പറളിക്കുന്ന്, ചിത്രഗിരി, മൊതക്കര, പട്ടാണിക്കൂപ്പ്, കൂളിവയൽ, ഇരുളം, ബത്തേരി, അമരക്കുനി, കേണിച്ചിറ, വെള്ളമുണ്ട, മാനന്തവാടി, സീതാമൗണ്ട്, മുള്ളൻകൊല്ലി ഇടവകകളിൽ സന്ദർശനം നടത്തി.

ഫെഡാർ കാത്തലിക് റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്കും, മാതാപിതാക്കൾക്കും കരിയർ ഗൈഡൻസ് ക്ലാസ് നടത്തി. ഫാ. റിൻസൺ നെല്ലിമലയിൽ, ഫാ. അരുൺ മഠത്തിപറമ്പിൽ, FEDAR Connect മെന്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

ഫെഡാർ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന നേഴ്സിംഗ് പ്രോഗ്രാമിന്റെ ഭാഗമായ MedPro ട്രെയിനിങ് ഈ വർഷത്തെ രണ്ടാമത്തെ ബാച്ചിന് സെപ്റ്റംബർ 16 മുതൽ 26 വരെ കാട്ടിക്കുളം ജയമാതാ ക്യാമ്പസിൽ നടത്തപ്പെട്ടു.

**TECLESIA**

ഒക്ടോബർ മാസം 7, 23 തീയതികളിൽ കല്ലോടി, ബത്തേരി ഫൊറോനകളലെ ബഹുമാനപ്പെട്ട വൈദികർക്കും TECLESIA പ്ലാറ്റ്ഫോം ഇൻചാർജ്ജായ അൽമായർക്കും വേണ്ടി TECLESIA പ്ലാറ്റ്ഫോമിന്റെ പരിശീലനവും സംശയനിവാരണവും നടത്തി. അന്നേ ദിവസങ്ങളിൽ രാവിലെ 10:00 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ സെഷനോടെ പരിപാടി ആരംഭിച്ചു. ഉച്ചഭക്ഷണത്തിന് ശേഷം 1.30 ന് പരിശീലനം സമാപിച്ചു.

ഇടവകകളിൽ ഡേറ്റാ അപ്ഡേറ്റ് ചെയ്യുവാൻ, ഡേറ്റ എൻട്രി ചെയ്യുന്നവർ ലഭ്യമാണ്. അതിനായി ലൂയിസ് തുരുത്തിയിൽ അച്ചനെ (8289862550) കോൺടാക്ട് ചെയ്യുക.

**ഫാ. അരുൺ മഠത്തിപ്പറമ്പിൽ**
ജി.എം. ഫെഡാർ ഫൗണ്ടേഷൻ

**SJMH LENS N FRAMES OPTICALS നവീകരിച്ച ഷോറൂം ഉദ്ഘാടനം**

SJMH LENS N FRAMES OPTICALS നവീകരിച്ച ഷോറൂം ഹോസ്പിറ്റൽ ഫസ്റ്റ് ഫ്ളോറിൽ സെപ്റ്റംബർ 23-ാം തീയതി പ്രവർത്തനം ആരംഭിച്ചു. നവീകരിച്ച ഷോറൂം ഹോസ്പിറ്റൽ ഡയറക്ടർ ഫാ. മനോജ് കവലക്കാടൻ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന ചടങ്ങിൽ ഹോസ്പിറ്റൽ സ്റ്റാഫ് അംഗങ്ങളും, രോഗികളും സന്നിഹിതരായി. നവീകരണത്തിലൂടെ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമായ സേവനങ്ങളും ആധുനിക സൗകര്യങ്ങളോടുകൂടിയ നേത്രപരിശോധനാ സംവിധാനങ്ങളും ലഭ്യമാക്കിയിരിക്കുന്നു.

**വേൾഡ് ഫാർമസിസ്റ്റ്സ് ഡേ**

2025 സെപ്റ്റംബർ 25-ാം തീയതി, വേൾഡ് ഫാർമസിസ്റ്റ്സ് ഡേ സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലിൽ വിപുലമായി ആഘോഷിച്ചു. ഫാർമസികൾ കൂടുതൽ ക്രിയാത്മകമാകട്ടെ എന്നതായിരുന്നു ഇതിന്റ ആപ്തവാക്യം. ഇതിന്റെ ഭാഗമായി കേക്ക് മുറിക്കുകയും ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങിയ എല്ലാ രോഗികൾക്കും ആശംസാകാർഡുകളും മിഠായികളും വിതരണം ചെയ്യുകയും ചെയ്തു. ഹോസ്പിറ്റലിലെ ഫാർമസി വിഭാഗം ജീവനക്കാരും മറ്റ് സ്റ്റാഫ് അംഗങ്ങളും ഏകദേശം 450 രോഗികളും ഈ ദിനാചരണത്തിൽ പങ്കെടുത്തു.

**മെഡിക്കൽ ക്യാമ്പ്**

സെന്റ്ജോസഫ് മിഷൻഹോസ്പിറ്റലും, ഡോൺബോസ്കോ കോളേജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റും, *ചില* സെന്റർ ഫോർ സോഷ്യൽ ഇന്നവേഷൻസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ 27-ാം തീയതി കുറുവാ ദ്വീപ് കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ ജനറൽ മെഡിസിൻ, ശ്വാസകോശ വിഭാഗം, കണ്ണ് പരിശോധന, പി.എഫ്.ടി ടെസ്റ്റ് എന്നീ വിഭാഗങ്ങൾ പങ്കെടുത്തു. പ്രാദേശിക ജനങ്ങൾക്ക് അടിസ്ഥാനാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആരോഗ്യ

ബോധവൽക്കരണം നടത്തുന്നതിനും ലക്ഷ്യമിട്ട് നടത്തിയ ഈ ക്യാമ്പിൽ ഏകദേശം 82 പേർ പങ്കെടുത്തു. പരിപാടിയുടെ വിജയകരമായ നടത്തിപ്പിനായി ഹോസ്പിറ്റൽ സ്റ്റാഫ്, സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ, *ചില* സെന്ററിലെ പ്രതിനിധികൾ പങ്കെടുത്തു.

**ഹൃദയാരോഗ്യ ബോധവൽക്കരണ ദിനം**

സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലിൽ ലോക ഹൃദയ ദിനം സെപ്റ്റംബർ 29 ന് ആചരിച്ചു. ദിനാചരണത്തിന്റെ ഭാഗമായി ഹൃദയാരോഗ്യ ബോധവൽക്കരണം ലക്ഷ്യമാക്കി പ്രത്യേക ഓഡിയോ പ്രക്ഷേപണം നടത്തി. ഹൃദയാരോഗ്യം സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം, ആരോഗ്യകരമായ ജീവിതശൈലിയുടെ ആവശ്യകത, രോഗപ്രതിരോധ മാർഗങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള സന്ദേശങ്ങൾ ഓഡിയോ മുഖേന പ്രചരിപ്പിച്ചു.

**ഫാ. മനോജ് കവലക്കാടൻ**

ഡയറക്ടർ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

ഉപജില്ലാ ജില്ലാതല ശാസ്ത്രോത്സവങ്ങളിലും കായികമേള കളിലും വിവിധ വിഭാഗങ്ങളിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ച് മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻ സിയുടെ കീഴിലുള്ള വിദ്യാലയങ്ങളുടെ പേരും പ്രശസ്തിയും ഉയർ ത്താൻ പ്രയത്നിച്ച എല്ലാ വിദ്യാലയങ്ങളിലെയും അധ്യാപക അനധ്യാപകർക്കും അവർക്ക് നേതൃത്വം നൽകിയ പ്രധാനാധ്യാ പകർക്കും വിജയങ്ങൾ കീഴടക്കിയ വിദ്യാർഥി പ്രതിഭകൾക്കും അവരെ പിന്തുണച്ച രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ.

**വിദ്യാലയ വാർത്തകൾ**

**എൽ.പി. വിഭാഗം**

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

ഉപജില്ലാതല പ്രവൃത്തി പരിചയമേളയിൽ മൂന്നാം സ്ഥാനം നേടി. മാതൃഭൂമി സീഡ് ലവ് പ്ലാസ്റ്റിക് പദ്ധതിയിൽ ജില്ലാതല ത്തിൽ രണ്ടാം സ്ഥാനം ലഭിച്ചു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

സ്കൂൾതല കലാമേള സംഘടിപ്പിച്ചു. 'പോഷൺ മാ' പരിപാടിയുടെ ഭാഗമായി ഉപന്യാസമത്സരം നടത്തി. ഗാന്ധിജയ ന്തിദിനത്തിൽ സേവനദിനം ആചരിച്ചു. അമീബിക് മസ്തിഷ്ക്ക ജ്വരത്തെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകി. ഉപജില്ലാ തല ശാസ്ത്രോത്സവത്തിൽ മികച്ച നേട്ടം കൈവരിച്ചു.

**III സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

ഗാന്ധിജയന്തിദിനം വിപുലമായി ആചരിച്ചു.

**IV സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

അധ്യാപകദിനം ആചരിച്ചു. ഉപജില്ലാതല ശാസ്ത്രോത്സവ ത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികച്ച നേട്ടങ്ങൾക്ക് അർഹ രായി.

**V സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

അധ്യാപകദിനം ആചരിച്ചു. സ്കൂൾതല കലാമേള നടത്തി.

**VI സെന്റ് ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്**

ഓസോൺ ദിനം ആചരിച്ചു. സ്കൂൾതല കലാമേളയും കായിക മേളയും നടത്തി. ഗാന്ധിജയന്തിയോടനുബന്ധിച്ചു സേവനദിനം ആചരിച്ചു.

**VII സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

ബത്തേരി ഉപജില്ലാതല പ്രവർത്തി പരിചയമേളയിൽ റണ്ണർ അപ്പ് വിജയം കൈവരിച്ചു.

**VIII സി. കെ. എൽ. പി. സ്കൂൾ മണിമൂളി**

സ്കൂൾതല കായികമേള നടത്തി.

**IX സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

പഠനപിന്തുണ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്സ് പി. ടി. എ സംഘടിപ്പിച്ചു. പച്ചക്കറിത്തോട്ടം വിളവെടുപ്പ് നടത്തി. മേളകൾ ആഘോഷപൂർവം സംഘടിപ്പിച്ചു.

**X എ. എൽ. പി. സ്കൂൾ കണിയാരം**

അധ്യാപകദിനം പി.ടി.എ യുടെ നേതൃത്വത്തിൽ വിപുലമായി ആചരിച്ചു. സെപ്റ്റംബർ മാസത്തിൽ ജന്മദിനമുള്ള മുഴുവൻ കുട്ടികളെയും ഒന്നിച്ചു ചേർത്ത് പിറന്നാൾ ആഘോഷിച്ചു. മഞ്ചാടി, ശ്രദ്ധ പദ്ധതികൾ ആരംഭിച്ചു. ഗാന്ധിജയന്തി ദിനത്തിന്റെ ഭാഗമായി പൂന്തോട്ട നിർമാണം പച്ചക്കറി തോട്ടമൊരുക്കൽ എന്നിവ നടത്തി. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**XI സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

സ്കൂൾതല കലാമേള നടത്തി. ഉപജില്ലാതല പ്രവൃത്തി പരിചയമേളയിൽ വിദ്യാലയം രണ്ട് ഒന്നാം സ്ഥാനമുൾപ്പെടെ മികച്ച ഗ്രേഡുകളോടെ എട്ടാം സ്ഥാനം നേടി.

**XII സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ**

അധ്യാപകദിനം ആചരിച്ചു. സ്കൂൾതല കലാകായിക മേളകൾ നടത്തി. ഉപജില്ലാതല മേളയിൽ ശാസ്ത്രമേളയിൽ ഓവറോൾ, പ്രവൃത്തി പരിചയമേളയിലും ഗണിതശാസ്ത്ര മേളയിലും കായിക മേളയിലും റണ്ണർ അപ്പ് എന്നീ നേട്ടങ്ങൾ കൈവരിച്ചു.

**XIII നിർമ്മല എൽ. പി. സ്കൂൾ ആലാറ്റിൽ**

കൈകഴുകൽ ദിനം ആചരിച്ചു. ഉന്നതികളിൽ രണ്ടാംഘട്ട യൂണിഫോം വിതരണം ചെയ്തു. ഉപജില്ലാതല ശാസ്ത്രോത്സ വത്തിൽ വിദ്യാർത്ഥികൾ മികച്ച നേട്ടങ്ങൾ കൈവരിച്ചു. പരിസര ശുചീകരണ പ്രവർത്തനം നടത്തി. പച്ചക്കറിത്തോട്ടമൊരുക്കി. ലഹരിക്കെതിരെ ബോധവൽക്കരണ പോസ്റ്ററുകൾ ഒട്ടിച്ചു. സ്നേ ഹനാണയം പദ്ധതി ആരംഭിച്ചു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

ഹരിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരുക്കിയ പച്ചക്കറി തോട്ട ത്തിൽ നിന്നും വിളവെടുത്തു. ഓസോൺ ദിനം ആചരിച്ചു. ക്ലാസ്സ് പി. ടി. എ. നടത്തി. ഡ്രൈ ഡേ ആചരിച്ചു. ശ്രദ്ധ പഠനപിന്തുണ

പരിപാടി ആരംഭിച്ചു. ഫുട്ബോൾ ക്യാമ്പ് പരിശീലനം ആരംഭിച്ചു. യോഗ പരിശീലനം നടത്തി. ലൈബ്രറി കൗൺസിൽ വായന മത്സരത്തിൽ പഞ്ചായത്ത് തലത്തിൽ മൂന്നാം സ്ഥാനം നേടി.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

പി. ടി. എ. യുടെ നേതൃത്വത്തിൽ അധ്യാപകദിനം ആഘോഷിച്ചു. സംസ്ഥാന ടി. ടി. ഐ കലോത്സവത്തിൽ വിദ്യാർത്ഥികൾ സ്വാഗതഗാനം ആലപിച്ചു. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ എൽ. പി., യു. പി വിഭാഗങ്ങളിൽ ശാസ്ത്രമേളയിലും ഗണിത ശാസ്ത്രമേളയിലും യു. പി വിഭാഗത്തിൽ സാമൂഹ്യശാസ്ത്ര വിഭാഗത്തിലും ഓവറോൾ നേട്ടം കൈവരിച്ചു. അബാക്കസ് ദേശീയതലത്തിൽ മൂന്നാം റാങ്ക് നേടി. എഴുപത്തിയഞ്ചാം ജൂബിലി ആഘോഷത്തിന്റെ ഭാഗമായി സ്വാഗതസംഘം രൂപീകരിച്ചു.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

ബത്തേരി ഉപജില്ലാതല ശാസ്ത്രോത്സവത്തിന് വിദ്യാലയം വേദിയായി. ഗണിതശാസ്ത്ര മേളയിൽ രണ്ടാം സ്ഥാനം കൈവരിച്ചു. ഉപജില്ലാതല കായികമേളയിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. സ്കൂൾതല കലോത്സവം നടത്തി.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

സ്കൂൾതല കലാകായിക, ശാസ്ത്രമേളകൾ നടത്തി. ഉപജില്ലാതല ഗണിതശാസ്ത്രമേളയിൽ മികച്ച നേട്ടം കൈവരിച്ചു.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

സ്കൂൾതല കലാകായിക ശാസ്ത്രമേള നടത്തി. ഗാന്ധി ജയന്തി, ഹൃദയദിനം എന്നിവ ആചരിച്ചു. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ യു. പി. വിഭാഗത്തിൽ രണ്ടാം സ്ഥാനവും പ്രവൃത്തി പരിചയമേളയിൽ നാലാം സ്ഥാനവും കരസ്ഥമാക്കി.

**VI എ. യു. പി. സ്കൂൾ ദ്വാരക**

രക്ഷിതാക്കൾക്കായി ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചു. സംസ്ഥാന സ്കൂൾ തായ്കൊണ്ട മത്സരത്തിൽ രണ്ട് വിദ്യാർത്ഥികൾ വെങ്കലമെഡൽ നേടി. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ എൽ. പി. വിഭാഗം സാമൂഹ്യ ശാസ്ത്രമേളയിൽ രണ്ടാം സ്ഥാനവും ഐ. ടി. മേളയിൽ മൂന്നാം സ്ഥാനവും ലഭിച്ചു. സ്റ്റേറ്റ് സ്കൂൾ ചാമ്പ്യൻഷിപ്പിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**VII സെന്റ് സെബാസ്ററ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

സ്കൂൾതല മേളകൾ സംഘടിപ്പിക്കുകയും വിജയികളെ അനുമോദിക്കുകയും ചെയ്തു. ഉപജില്ലാതല പ്രവൃത്തിപരിചയ മേളയിൽ റണ്ണറപ്പ് വിജയം നേടി. ലോക കൈകഴുകൽ ദിനം ആചരിച്ചു.

**VIII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

സ്കൂൾതല കായികമേള നടത്തി. ഉപജില്ല കായികമേളയിൽ മികച്ച പ്രകടനം കാഴ്ചവെച്ചു. ഗാന്ധിജയന്തി ദിനത്തിൽ വിവിധ മത്സരങ്ങൾ നടത്തി. ഉപജില്ലാതല പ്രവർത്തി പരിചയമേളയിൽ യു. പി. വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

**IX സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

സ്കൂൾതല കലോത്സവം സംഘടിപ്പിച്ചു. അധ്യാപകദിനം വിപുലമായി ആചരിച്ചു.

**X സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

സ്കൂൾതല കലാകായിക, ശാസ്ത്ര മേളകൾ സംഘടിപ്പിച്ചു.

**XI സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി**

സ്കൂൾതല കലാകായിക മേളകൾ നടത്തി. ഉപജില്ലാതല സ്കൂൾ ചെസ്സ് ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം നേടി. ഒന്നാം വർഷ അധ്യാപക വിദ്യാർത്ഥികൾക്ക് ക്ലാസുകൾ ആരംഭിച്ചു. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ യു. പി. വിഭാഗം ശാസ്ത്ര മേളയിൽ റണ്ണറപ്പ് വിജയം കൈവരിച്ചു. സംസ്ഥാനതല ഉറുദു ക്വിസ്സിൽ മികച്ച വിജയം കൈവരിച്ചു.

**XII സെന്റ് ജോസഫ്സ്  യു. പി. സ്കൂൾ കല്ലോടി**

അധ്യാപകദിനം ആചരിച്ചു. ക്ലാസ്സ് പി. ടി. എ. യോഗം ചേർന്നു. പ്രീ പ്രൈമറി വിഭാഗത്തിന്റെ പി. ടി. എ. യോഗം ചേർന്നു. വിദ്യാലയ തല കായികമേള നടത്തി.

**XIII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

വൈത്തിരി ഉപജില്ലാതല ഗണിതശാസ്ത്രമേളയിൽ എൽ. പി, യു. പി. വിഭാഗങ്ങളിൽ റണ്ണറപ്പ്, പ്രവർത്തിപരിചയമേളയിലും ശാസ്ത്രമേളയിലും യു. പി. വിഭാഗത്തിലും റണ്ണറപ്പ് നേട്ടം കൈവ രിച്ചു. ഉപജില്ലാതല കായികമേളയിൽ എൽ. പി .കിഡ്ഡീസ് വിഭാ ഗത്തിൽ ഓവറോൾ നേടി. പ്ലാറ്റിനം ജൂബിലി സ്വാഗതസംഘം രൂപീകരിച്ചു.

**XIV സെന്റ് സെബാസ്ററ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

ഉപജില്ലാതല പ്രവർത്തി പരിചയമേളയിൽ എൽ.പി. വിഭാഗ ത്തിൽ ഓവറോൾ യു. പി. വിഭാഗത്തിൽ മൂന്നാം സ്ഥാനം, ഐ. ടി. മേളയിൽ ഓവറോൾ എന്നീ നേട്ടങ്ങൾ കൈവരിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകി. ഗാന്ധിജയന്തിയുടെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തി. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ ഗണിത ശാസ്ത്രമേളയിൽ ഓവറോൾ, ഐ. ടി. മേളയിൽ ഓവറോൾ, സാമൂഹ്യശാസ്ത്രമേള

യിൽ യു. പി. വിഭാഗത്തിന് ഓവറോൾ, ഹൈസ്കൂൾ വിഭാഗം റണ്ണറപ്പ്, പ്രവൃത്തിപരിചയമേളയിൽ യു. പി വിഭാഗം ഓവറോൾ ഹൈസ്കൂൾ വിഭാഗം റണ്ണറപ്പ് എന്നീ നേട്ടങ്ങൾ കൈവരിച്ചു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

ഉപജില്ലാതല പ്രവൃത്തി പരിചയമേളയിലും സാമൂഹ്യ ശാസ്ത്ര മേളയിലും റണ്ണറപ്പ് നേട്ടവും ഉപജില്ലാതല കായികമേള യിൽ അഞ്ചാം സ്ഥാനവും കൈവരിച്ചു. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. SPC വിദ്യാർത്ഥികൾക്കായി ക്യാമ്പ് നടത്തി. ക്ലാസ്സ് പി. ടി. എ യോഗം ചേർന്നു.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

സ്കൂൾതല കലോത്സവം, കായികമേള എന്നിവ നടത്തി. സോഫ്റ്റ്വെയർ സ്വാതന്ത്ര്യദിനാചരണം നടത്തി. പഠനയാത്ര സംഘടിപ്പിച്ചു. വിഷചികിത്സയെക്കുറിച്ച് ക്ലാസ്സ് നൽകി.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

സോഫ്റ്റ്വെയർ ഫ്രീഡം ദിനാചരണം നടത്തി. നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ കശുമാവിൻ തൈകൾ വിതരണം ചെ യ്തു. പഠനയാത്ര സംഘടിപ്പിച്ചു. ഉപജില്ലാതല ശാസ്ത്രോത്സവ ത്തിൽ എല്ലാ ഇനങ്ങളിലും ഓവറോൾ ചാമ്പ്യൻഷിപ്പ് ലഭിച്ചു.

**V സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

കായികമേള നടത്തി. സുവർണജൂബിലി വർഷം ഉദ്ഘാടനം ചെയ്തു. വിവിധ മത്സരങ്ങൾ നടത്തി. ഉപജില്ലാതല ശാസ്ത്രോ ത്സവത്തിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**VI നിർമല ഹൈസ്കൂൾ കബനിഗിരി**

വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി മോട്ടിവേഷൻ ക്ലാസ്സ് നടത്തി. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ സാമൂഹ്യ ശാസ്ത്ര മേള, ഐ. ടി മേള എന്നിവയിൽ രണ്ടാം സ്ഥാനവും ശാസ്ത്ര മേളയിൽ മൂന്നാം സ്ഥാനവും കൈവരിച്ചു. ജില്ലാ കായികമേള യിൽ മികച്ച വിജയങ്ങൾ നേടിയെടുത്തു.

**VII സി. കെ. എച്ച്. എസ് മണിമൂളി**

സ്കൂൾതല കായികമേളയും ശാസ്ത്രമേളയും നടത്തി. ക്ലാസ്സ് പി. ടി. എ ചേർന്ന് പഠനപുരോഗതി വിലയിരുത്തി. അധ്യാപകദിനം സമുചിതമായി ആചരിച്ചു.

**VIII ഐ. ജെ. എം. എച്ച്. എസ് കൊട്ടിയൂർ**

സംസ്ഥാനതല ചെസ്സ് മത്സരത്തിൽ രണ്ടാം സ്ഥാനം നേടി. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ ഐ.ടി, പ്രവൃത്തിപരിചയ മേളകളിൽ ഓവറോളും ശാസ്ത്ര ഗണിതശാസ്ത്ര മേളകളിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**IX ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

ക്ലാസ്സ് പി. ടി. എ യോഗം ചേർന്ന് വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തി. അധിക പഠന പിന്തുണ പ്രവർത്തന ങ്ങൾ നൽകിവരുന്നു. വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ക്യാമ്പ് സംഘടിപ്പിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും മാനസികാരോഗ്യ ത്തേക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് നൽകി. വിദ്യാലയതല മേളകൾ നടത്തി. ഉപജില്ലാതല ശാസ്ത്രമേളയിൽ മികച്ച വിജ യങ്ങൾ നേടിയെടുത്തു.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

ഉപജില്ലാതല കായികമേളയിൽ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ചവെച്ചു. ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി മാനസികാരോഗ്യ ക്ലാസ്സ് നൽകി. ഇരിട്ടി ഉപജില്ലാതല ശാസ്ത്രോത്സവത്തിന് വിദ്യാലയം വേദിയായി. ഗണിതശാസ്ത്ര മേളയിൽ റണ്ണർ അപ്പ് വിജയം കരസ്ഥമാക്കി.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വൈത്തിരി ഉപജില്ലാതല കായികമേളയിൽ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ജില്ലാ കായികമേളയിൽ വിദ്യാർത്ഥികളും അധ്യാ പകരും മികച്ച പ്രകടനം കാഴ്ചവെച്ചു. നിയമാവബോധ ക്ലാസ്സ് സംഘടിപ്പിച്ചു. ഉപജില്ലാതല പ്രവൃത്തി പരിചയമേളയിലും ഐ. ടി. മേളയിലും ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. വിവിധ ബോധവൽ ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.

**IV ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

NSS യൂണിറ്റിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കലാകായികമേളകൾ നടത്തി.

**V സി. കെ. എച്ച്. എസ്. എസ് മണിമൂളി**

NSS ന്റെ ആഭിമുഖ്യത്തിൽ പ്രകൃതിപഠന ക്യാമ്പ് നടത്തി. രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ്സ്, പ്ലസ് വൺ വിദ്യാർ ത്ഥികൾക്കായി മെന്റൽ ഹെൽത്ത് ക്ലാസ്സ് എന്നിവ സംഘടിപ്പിച്ചു.

ഉപജില്ലാ ജില്ലാതലങ്ങളിൽ ഇനിയും നടത്തപ്പെടാനുള്ള ആവേശകരമായ മത്സരങ്ങൾക്കായി കാത്തിരിക്കുന്ന വിദ്യാർത്ഥി കൾക്ക് വിജയാശംസകൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



***November 2025***

| | |
|---|---|
| *1 Saturday: .......................* | *Engaged* |
| *2 Sunday: .........................* | *New Delhi: Installation of Metropolitan-elect Archbishop Kuriakose Bharanikulangara* |
| *3 Mon - 4 Tues: ................* | *Engaged* |
| *5 Wednesday: ...................* | *Belthangady: Episcopal Ordination of Bishop - elect Msgr. James Patteril CMF* |
| *7 Fri- 10 Mon: ..................* | *Dwaraka: Diocesan Bible Convention* |
| *8 Saturday: .......................* | *Bathery: Ordination of Dn. Sachin Pedikkattukunnel OFM Cap.* |
| *9 Sunday: .........................* | *MMC: Benefactors' Day* |
| *12 Wed- 13 Thu: ...............* | *Carmelgiri, Aluva: Engaged* |
| *14 Friday: .........................* | *Kayyunni: Sacred Heart Metriculation Higher Secondary School: Annual Day* |
| *15 Saturday: .....................* | *Chooralmala: Parish Jubilee* |
| *16 Sunday: .......................* | *Payyampally: Forane Level Jubilee and Family Renewal Year Conclusion* |
| *17 Monday: ......................* | *Mary Matha College: Governing Body Meeting* |
| *18 Tuesday: ......................* | *Kozhikode: Deepika Anniversary* |
| *19 Wednesday: .................* | *Bishop's House: Deacons' Parents' Meet* |
| *20 Thursday: ....................* | *MMC: Priests' Informal Gathering* |
| *22 Saturday: .....................* | *Vincentgiri: Golden Jubilee Conclusion* |
| *23 Sunday: .......................* | *Cathedral: Jubilee and Family Renewal Year Conclusion: Mananthavady Forane* |
| *24 Monday:.......................* | *Latin Church, Mananthavady: Bible Convention* |
| *25 Tuesday:.......................* | *Dwaraka: Priests' Conference* |
| *26 Wednesday:..................* | *MMC: Home Day* |
| *27 Thursday:.....................* | *Thalassery: Provincial Curia* |
| *29 Saturday: .....................* | *Kolakkad: Sacerdotal Golden Jubilee of Fr. James Kuttimakkal* |
| *30 Sunday: .......................* | *Engaged* |

***December 2025***

| | |
|---|---|
| *04 Thursday: ....................* | *Dwaraka: Deepika Agents' Meet* |
| *06 Saturday: ....................* | *Dwaraka: Diocesan level conclusion of Jubilee Year and Family Renewal Year* |
| *10 Wed- 12 Fri: ...............* | *POC: KCBC* |
| *13 Saturday: ....................* | *Divine Retreat Centre: All Kerala Celebration of the Jubilee of Hope by KCBC* |
| *18 Thursday: ....................* | *Mary Matha College: Excellence Day* |
| *19 Friday: ........................* | *Kalpetta: De Paul School Anniversary* |
| *20 Saturday: .....................* | *Dwaraka: Mathruvedi Bible Day Conclusion* |
| *22 Mon- 24 Wed:..............* | *Visitors' Day* |
| *27 Saturday: .....................* | *Mundery: Ordination of Dn Bipin Mundackal CST* |
| *29 Monday: Morning: .......* | *Palankara: Ordination of Dn Jithin Cheradiyil & Dn. Jobin Chirayilparambil* |
| *: Afternoon: .....* | *Ruby Nagar: Ordination of Dn. Jefin Kottakupurath* |



# Auxiliary Bishop's Programme

***November 2025***

| | |
|---|---|
| *01 Saturday: .......................* | *Arattuthara: Baptism* |
| *02 Sunday:Evening: ...........* | *Perikkalloor Bible Convention* |
| *05 Wednesday:....................* | *Belthangady: Episcopal Ordination* |
| *07 Fri- 10 Mon: .................* | *Dwaraka: Bible Convention* |
| *09 Sunday: .........................* | *MMC: Benefactors' Day*<br>*Manjalampuram: Feast: Holy Mass* |
| *10 Monday: ........................* | *Nadavayal: Ordination of Dn. Melbin Kudakappallil OFM Cap* |
| *16 Sunday: .........................* | *Olivumala: Pastoral Visit* |
| *17 Monday: ........................* | *Engaged* |
| *18 Tuesday: ........................* | *Vilakkanur: Holy Mass* |
| *19 Wednesday: ..................* | *Bishop's House: Deacons' Parents' Meet* |
| *20 Thursday: ......................* | *Kalpetta: Pio Bhavan: Holy Mass*<br>*Minor Seminary: Informal Gathering of Priests* |
| *22 Saturday: .......................* | *Vincentgiri: Golden Jubilee Conclusion* |
| *23 Sunday: Morning: .........* | *Manimooly: Jubilee Inauguration* |
| *Evening: ..........* | *Manimooly: Regional Concluding meeting of Family Renewal Year* |
| *25 Tuesday: ........................* | *Dwaraka: Priests' Conference* |
| *26 Wednesday: ..................* | *Mavullal: Holy Mass*<br>*MMC: Home Day* |
| *27 Thursday: .......................* | *Thalassery: Provincial Curia* |
| *29 Saturday: .......................* | *Dwaraka: Mathruvedi Anniversary* |
| *30 Sunday: .........................* | *Padamala: Pastoral Visit* |

***December 2025***

| | |
|---|---|
| *06 Saturday: .......................* | *Dwaraka: Diocesan level Conclusion of Jubilee Year and Family Renewal Year* |
| *07 Sunday: ..........................* | *Pastoral Visit: Chennalode* |
| *10 Wed- 12 Fri: .................* | *POC: KCBC* |
| *13 Saturday: ......................* | *Divine Retreat Centre: All Kerala Celebration of the Jubilee of Hope by KCBC* |
| *14 Sunday: ..........................* | *Pastoral Visit: Payyampally* |
| *16 Tuesday: ........................* | *Dwaraka: Meeting of Marian Singles* |
| *20 Saturday: ......................* | *Pulpally: Christmas Celebration* |
| *21 Sunday: .........................* | *Pastoral Visit: Kurumani* |
| *22 Mon- 24 Wed: ..............* | *Visitors' Day* |
| *27 Saturday: ......................* | *Chempery: Ordination of Dn. Sino Karikattukanniyel CMI* |
| *28 Sunday: .........................* | *Nadavayal: Forane Level Conclusion of Jubilee Year and Family Renewal Year* |
| *29 Monday: .......................* | *Chennalode: Ordination of Dn Nikhil Thuruvelikunnel CST* |
| *30 Tuesday: .......................* | *Thalanji: Ordination of Dn Shinto Kulangara* |
| *31 Wednesday: ..................* | *Sisumala: Feast: Holy Mass* |